# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാർച്ച് 20, വെള്ളി

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--314]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : 2683 മുതൽ 2781 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : 2782 മുതൽ 2868 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : 2869 മുതൽ 2912 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : 2913 മുതൽ 2996 വരെ |

### സർവകലാശാല ബി.എഡ്. കോളേജുകൾ.

2683. ശ്രീ.എം.എ.ബേബി

,, വി.ശിവൻകുട്ടി

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന ബി.എഡ്. കോളേജുകളിൽ 2014-15 അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി പ്രവേശന നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത കോളേജുകളുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) കുറഞ്ഞ ഫീസിൽ മികച്ച പഠന സൗകര്യം ലഭിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നുണ്ടോ ; ഇതിന് സർവ്വകലാശാലകളുടെ ഭാഗത്തുനിന്നും സഹായകരമായ നിലപാട് ഉണ്ടാകുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) കേരള സർവ്വകലാശാലയ്ക്ക് കീഴിലുള്ള 10 ബി.എഡ് കോളേജുകളുടെ പ്രവർത്തനം പ്രതിസന്ധിയിലാകാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ; ഈ കോളേജുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച് എൻ.സി.ടി.ഇ. യുടെ നിർദ്ദേശം എന്തായിരുന്നു. ; ഇക്കാര്യത്തിൽ സർവ്വകലാശാലയുടെ നിലപാട്

വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത കോളേജുകളിലെ അദ്ധ്യാപകർ സ്ഥിരനിയമനം ലഭിക്കുന്നതിനായി നടത്തിയ പ്രക്ഷോഭത്തിന്റെ ഫലമായി സർക്കാരും സർവ്വകലാശാലയും അദ്ധ്യാപകർക്ക് നൽകിയ ഉറപ്പ് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

<u>സർക്കാർ കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി</u>

2684. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13ൽ പ്രഖ്യാപിച്ച സർക്കാർ കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ പുതിയ കോളേജ് പദ്ധതി പ്രകാരം എവിടെയെല്ലാമാണ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത് ; ബാക്കിയുള്ള സ്ഥലങ്ങളിൽ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>റൂസ പദ്ധതി</u>

2685. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'റൂസ' പദ്ധതിയുടെ കീഴിൽ മോഡൽ ഡിഗ്രി കോളേജുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ ഡിഗ്രി കോളേജുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>സ്വയംഭരണ കോളേജുകളിലെ അക്കാദമിക് പ്രവർത്തനത്തിന്റെ മോണിറ്ററിംഗ്</u>

2686. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ കോളേജുകളിൽ അക്കാദമിക് പ്രവർത്തനം മോണിറ്ററിംഗ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ അക്കാദമിക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മോണിറ്ററിംഗ് ചെയ്യുന്നതിനുമായി ഒരു സമിതിയെ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

## ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ കോഴ്സുകൾ

2687. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയതായി ഏതെല്ലാം കോഴ്സുകൾ അനുവദിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും എന്നു മുതൽ ഈ കോഴ്സുകൾ ആരംഭിക്കുമെന്നും വ്യക്തമാക്കാമോ?

(സി) 2015-16 -ൽ പുതിയ സയൻസ് കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

## സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണം

2688. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
,, പി.ബി. അബ്ദുൾ റസാക്
,, കെ.എം.ഷാജി
,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) എത്ര കോളേജുകൾ സ്വയംഭരണാവകാശത്തിന് അപേക്ഷ നൽകിയിട്ടുണ്ട്;

(സി) പഠന നിലവാരം ഉയർത്തുന്നതിനും, സ്വയംഭരണാവകാശം ദുരുപയോഗം ചെയ്യപ്പെടില്ലെന്ന് ഉറപ്പാക്കുന്നതിനും എന്തൊക്കെ മുൻകരുതലുകളും വ്യവസ്ഥകളും നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

## അനദ്ധ്യാപകർക്ക് പാർട്ട് ടൈം പി.എച്ച്.ഡി

2689. ശ്രീ.കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റികളിൽ പാർട്ട് ടൈം പി.എച്ച്.ഡി യ്ക്ക് രജിസ്റ്റർ ചെയ്യാൻ അനദ്ധ്യാപകർക്ക് അവസരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) അദ്ധ്യാപകർക്ക് പാർട്ട് ടൈം പി.എച്ച്.ഡി യ്ക്ക് അവസരമുള്ളപ്പോൾ,

അനദ്ധ്യാപകർക്ക് കൂടി അവർക്ക്അവസരം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ ഇതിന് അവസരമുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>സർവ്വകലാശാലകൾ നേരിടുന്ന പ്രതിസന്ധികൾ</u>

2690. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്താണ് പരിഹാര മാർഗ്ഗങ്ങൾ ; ഇല്ലെങ്കിൽ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>സർവ്വകാലാശാലകൾക്ക് യു.ജി.സി അനുവദിച്ച തുക</u>

2691. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവ്വകാലാശാലകൾക്ക് 2011 മുതൽ 2015 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എത്ര തുക വീതം യു.ജി.സി അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതികൾ നൽകിയിട്ടുണ്ടെന്നും സർവ്വകലാശാല അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

<u>ആർ.എം.എസ്.എ.പദ്ധതി -സ്ഥിരാധ്യാപക നിയമനം</u>

2692. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ .( രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) പദ്ധതിയിൻ കീഴിൽ ഹൈസ്കൂളുകളായി ഉയർത്തിയ സർക്കാർ സ്കൂളുകളിൽ സ്ഥിരം അധ്യാപകരെ നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്കൂളുകളിൽ സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## എസ്.എസ്.എ.യുടെ ഇന്റേൺ സപ്പോർട്ടിംഗ് മിഷൻ പഠനം

2693. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പൊതുവിദ്യാലയങ്ങളിലെ അസൗകര്യങ്ങളെക്കുറിച്ച് എസ്.എസ്.എ.യുടെ ഇന്റേൺ സപ്പോർട്ടിംഗ് മിഷൻ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം കണ്ടെത്തലുകളാണ് പഠന റിപ്പോർട്ടിൽ ഉള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ ;

(ഡി) ജില്ലയിലെ പൊതുവിദ്യാലയങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## നൂൺ മീൽ സൂപ്പർവൈസർ തസ്തിക

T 2694. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ നൂൺ മീൽ സൂപ്പർവൈസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇതിന് അധിക സാമ്പത്തിക ബാധ്യതയുണ്ടോ;വിശദാംശം നൽകുമോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഫണ്ട് ലാപ്സാകാതെ, നൂൺ മീൽ സൂപ്പർവൈസർ തസ്തിക അനുവദിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ഹയർ സെക്കന്ററി കോമേഴ്സ് (ജൂനിയർ/സീനിയർ) അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ്

2695. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി കോമേഴ്സ് (ജൂനിയർ/സീനിയർ) അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് ലഭിച്ച എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എത്രയാണ്;

(സി) എച്ച്.എസ്.എ.യിൽ (കോമേഴ്സ്) നിന്ന് എത്ര പേർ എച്ച്.എസ്.എസ്.റ്റി. (കോമേഴ്സ്) ആയി പ്രമോഷനാവാനുണ്ട്; വേക്കൻസികൾ എത്രയാണ്;

(ഡി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള എല്ലാ വേക്കൻസികളും പി.എസ്.സി.ക്ക് റിപ്പോർട്ട്

ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഏകീകൃത യൂണിഫോം

2696. ശ്രീ.വി.പി.സജീന്ദ്രൻ
,, എ.റ്റി.ജോർജ്
,, ലൂഡി ലൂയിസ്
,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഏകീകൃത യൂണിഫോം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുമോ ;ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

സൗജന്യ യൂണിഫോം വിതരണം

2697. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ യൂണിഫോം അടുത്ത അദ്ധ്യയന വർഷം ആരംഭത്തിൽതന്നെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ശ്രീമതി സിമി ആന്റോയുടെ നിയമനം

2698. ശ്രീ.പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കാവശ്ശേരി ബി.എച്ച്.എസ്.എസ് സ്കൂൾ അദ്ധ്യാപിക ശ്രീമതി സിമി ആന്റോയുടെ നിയമനത്തിന് അംഗീകാരം ലഭിക്കുന്നത് സംബന്ധിച്ച അപേക്ഷ സർക്കാരിന് സമർപ്പിച്ചിരുന്നോ;

(ബി) പ്രസ്തുത അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അപേക്ഷ അടിയന്തരമായി തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകുമോ?

ശ്രീമതി ലിനി ലോറൻസിന്റെ ശമ്പളം തടയൽ

2699. ശ്രീ.ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട എ.ഇ.ഒ.യുടെ കീഴിലുള്ള എൽ.എം.എൽ.പി.എസ്.ലെ പി.ഡി. ടീച്ചറായ ശ്രീമതി ലിനി ലോറൻസിന് 7 മാസത്തെ ശമ്പളം തടയുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) 2014-2015 വർഷം ടി സ്കൂളിൽ സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര അദ്ധ്യാപക തസ്തികയാണ് അംഗീകരിച്ച് നൽകിയതെന്ന് വ്യക്തമാക്കാമോ; ഇതിൽ സീനിയർ/ജൂനിയർ ആരൊക്കെയാണെന്നും ഇതിലാർക്കാണ് ശമ്പളം നൽകുന്നതെന്നും വ്യക്തമാക്കാമോ;

(സി) സീനിയർക്ക് ശമ്പളം നൽകാതെ ജൂനിയർക്ക് ശമ്പളം നൽകുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 21.1.2015 ൽ ബഹു. മുഖ്യമന്ത്രി നൽകിയ (F1/90015/14 DPI) കുറിപ്പ് എന്ന് കിട്ടി എന്നും റിപ്പോർട്ട് എന്ന് അയച്ചു എന്നും കുറിപ്പിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെന്നുംവ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;റിപ്പോർട്ട് അയച്ചില്ല എങ്കിൽ അതിനുള്ള കാരണം വിശദീകരിക്കാമോ;

(ഇ) ഡി.പി.ഐ.യിൽ വിഷയം കൈകാര്യം ചെയ്യുന്ന എഫ് 1 സീറ്റിലെ ഉദ്യോഗസ്ഥൻ ഈ വിഷയത്തിൽ യഥാസമയം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ പരിശോധനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) ജീവനക്കാരന്റെ PR പരിശോധിച്ച് ചട്ടപ്രകാരമാണോ ഫയലുകൾ കൈകാര്യം ചെയ്യുന്നതെന്ന് പരിശോധിച്ച് കൃത്യനിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടെങ്കിൽ ടിയാൾക്കെതിരെ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് ലഭ്യമാക്കുമോ?

<u>ആനുവൽ സ്റ്റാറ്റസ് ഓഫ് എഡ്യൂക്കേഷൻ റിപ്പോർട്ട്</u>

2700. ശ്രീ.പി.തിലോത്തമൻ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.മുല്ലക്കര രത്നാകരൻ
,, ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച പത്താം അസർ 2014 (ആനുവൽ സ്റ്റാറ്റസ് ഓഫ് എഡ്യൂക്കേഷൻ റിപ്പോർട്ട്)

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് കേരളത്തിലെ കുട്ടികളുടെ നിലവാരം ഇടിയുന്നതായി പ്രസ്തുത റിപ്പോർട്ടിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലേയും സ്വകാര്യ സ്കൂളുകളിലേയും 2010 മുതൽ 2014 വരെയുള്ള പ്രൈമറി പഠനം സംബന്ധിച്ച റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

### ടൈംടേബിൾ പരിഷ്ക്കരണം

2701. ശ്രീ.കെ.എൻ.എ.ഖാദർ

,, എൻ. ഷംസുദ്ദീൻ

,, സി.മോയിൻ കുട്ടി

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ടൈംടേബിൾ പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലെ ടൈംടേബിൾ പ്രകാരം പീരിയേഡിന്റെയും പാഠ്യവിഷയങ്ങളുടെയും ക്രമീകരണവും ഏതു വിധത്തിലാണെന്ന് വിശദമാക്കുമോ;

(സി) പഠന സമയവർദ്ധനവോ , പുതിയ വിഷയങ്ങളുടെ ഉൾപ്പെടുത്തലോ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

### വിദ്യാഭ്യാസ വകുപ്പിന്റെ ബജറ്റ് വിഹിതം

2702. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ 2014-15 കാലയളവിലെ ബജറ്റ് വിഹിതത്തിൽ 2015 മാർച്ച് 1 വരെയുള്ള ധനവിനിയോഗത്തിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് നൽകുമോ;

(ബി) കേന്ദ്രത്തിൽ നിന്ന് എത്ര തുക വീതം ഏതെല്ലാം പദ്ധതിയ്ക്ക് ലഭിച്ചു; വിശദവിവരം നൽകുമോ?

### സി -ആപ്റ്റ് ന്റെ നവീകരണം

2703. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ സി -ആപ്റ്റ്ന്റെ നവീകരണത്തിന് വേണ്ടി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പാഠപുസ്തകങ്ങളുടെ അച്ചടിയും, വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മറ്റ് അച്ചടി പ്രവൃത്തികളും നടത്തുന്നതിന് നവീന അച്ചടി ഉപകരണങ്ങൾ സെന്ററിന് അനുവദിക്കുമോ;

(സി) സബ് സെന്ററുകളെ ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ ഉപകരണങ്ങളും മെറ്റീരിയൽസും നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

## സി -ആപ്റ്റിൽ എൻ..ആർ.എച്ച്.എം ന് വേണ്ടി ആർട് കാർഡുകൾ വാങ്ങുന്നതിന് ടെൻഡർ

2704. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി -ആപ്റ്റിൽ എൻ..ആർ.എച്ച്.എം ന് വേണ്ടി ആർട് കാർഡുകൾ വാങ്ങുന്നതിന് ടെൻഡർ നൽകിയിരുന്നോ; എത്ര രൂപയ്ക്കായിരുന്നു ടെൻഡർ നൽകിയിരുന്നത്; ടെൻഡർ നടപടികൾ പൂർത്തിയാക്കിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇപ്പോൾ കൂടിയ തുകയ്ക്ക് പുതിയ ടെൻഡർ നൽകിയിട്ടുണ്ടോ; ഇതുമൂലം സ്ഥാപനത്തിന് എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട് എന്ന് വിശദമാക്കുമോ?

## സി-ആപ്റ്റിന് ഫോർ കളർ വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ

2705. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സി-ആപ്റ്റിന് വേണ്ടി ഫോർ കളർ വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങാൻ തീരുമാനിച്ചതനുസരിച്ചുള്ള നടപടികൾ ഇപ്പോൾ ഏത് അവസ്ഥയിലാണ്;

(ബി) പ്രസ്തുത തീരുമാനത്തിൽ നിന്ന് സർക്കാർ പിന്നോട്ട് പോയിട്ടുണ്ടോ ;എങ്കിൽ എന്തുകൊണ്ട്; ഇതിനായി സാങ്കേതിക വിദഗ്ധർ നല്കിയിരുന്ന റിപ്പോർട്ടിൽ പോരായ്മ കണ്ടെത്തിയിട്ടുണ്ടോ;

(സി) പുറം കരാർ ഒഴിവാക്കി, സ്ഥാപനത്തിന്റെ വരുമാനം പരമാവധി വർദ്ധിപ്പിക്കാനുദ്ദേശിച്ചുള്ള പ്രസ്തുത തീരുമാനം മരവിപ്പിച്ച് പകരം എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ചിട്ടുള്ള ഉപദേശങ്ങൾ എന്തെല്ലാമാണ്; നിലവിൽ സാങ്കേതിക ഉപദേശം നല്കുന്നതിന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ ടെൻഡർ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടോ;

(എഫ്) പുതിയതായി ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## റൂസ

2706. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ബജറ്റിൽ പ്രഖ്യാപിച്ച 'റൂസ' യ്ക്കുവേണ്ടിയുള്ള പ്രോജക്ട് ഡയറക്ടറേറ്റ് എവിടെയാണ് സ്ഥാപിതമായിട്ടുള്ളത്; ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വർഷത്തിൽ എത്ര രൂപയുടെ ഏതെല്ലാം പദ്ധതികളാണ് കേന്ദ്രഗവൺമെന്റിൽനിന്നും നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുള്ളത് ; വിശദവിവരം നൽകാമോ ?

## എസ്.എസ്.എൽ.സി അറബിക് പരീക്ഷ

2707. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ച് മാസത്തിൽ നടക്കുന്ന എസ്.എസ്.എൽ.സി പരീക്ഷയിൽ അറബിക് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ എത്ര ; വിശദമാക്കുമോ ;

(ബി) ഇതിനായി വകുപ്പ് എത്ര ചോദ്യപേപ്പർ അച്ചടിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) അറബിക് പരീക്ഷ എഴുതാൻ വിദ്യാർത്ഥികളില്ലാത്ത സെന്ററുകളിൽ ഇതിനായുള്ള ചോദ്യ പേപ്പർ നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദീകരിക്കാമോ?

## എസ്.എസ്.എൽ.സി പരീക്ഷാ നടത്തിപ്പ്

2708. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ
,, എസ്.രാജേന്ദ്രൻ
ശ്രീമതി.കെ.എസ്.സലീഖ
ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളോ പരാതികളോ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഐ.ടി വിഷയത്തിന്റെ പരീക്ഷക്ക് ഉണ്ടായ സാങ്കേതിക തടസ്സംമൂലം പരീക്ഷാനടത്തിപ്പ് സുഗമമല്ലാതായിതീർന്നിട്ടുള്ള കാര്യം അറിവുള്ളതാണോ;

(സി) പരീക്ഷാരംഭത്തിന് തൊട്ടുമുമ്പായി പരീക്ഷാ ടൈംടേബിൾ മാറ്റം വരുത്തുകയുണ്ടായോ; ഇതിന് കാരണമെന്താണ്;

(ഡി) പ്രസ്തുത പരീക്ഷയുടെ നടത്തിപ്പിൽ അപാകതകൾ സംഭവിക്കാനിടയായ സാഹചര്യം അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

## എസ്.എസ്.എൽ.സി. ഐ.റ്റി. പരീക്ഷ

2709. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എസ്.എസ്.എൽ.സി.ക്ക് ഐ.റ്റി. പരീക്ഷ നടത്തിയിരുന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ബി) 2015 മാർച്ച് മാസത്തിൽ ഐ.റ്റി. പരീക്ഷ എപ്രകാരമാണ് നടത്തുന്നതെന്ന് വിശദമാക്കാമോ;

(സി) ഇതിനായി ഈ വർഷം ചോദ്യ പേപ്പർ അച്ചടിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ചോദ്യ പേപ്പർ അച്ചടിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഓൺ ലൈനായി നടത്തുന്ന ഐ.റ്റി. പരീക്ഷയ്ക്ക് ചോദ്യ പേപ്പർ നൽകുന്നതിന്റെ ആവശ്യകത എന്താണെന്ന് വിശദമാക്കാമോ?

## അൺ എയ്ഡഡ് സ്കൂളുകൾ

2710. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അൺ എയ്ഡഡ് സ്കൂളുകൾ ഉണ്ടെന്ന് അറിയിക്കാമോ; സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, മറ്റുള്ളവ എന്നീ ക്രമത്തിൽ ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(ബി) ഈ സർക്കാർ ഇത്തരത്തിലുള്ള എത്ര സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിയ്ക്കുന്ന എത്ര അൺ എയ്ഡഡ്

സ്കൂളുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ഡി) അംഗീകാരത്തിനായി എത്ര അൺ എയ്ഡഡ് സ്കൂളുകളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഇ) അപേക്ഷകൾ പരിശോധിക്കുകയുണ്ടായോ; ഇത്തരം സ്കൂളുകൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എഫ്) അൺ എയ്ഡഡ് സ്കൂളുകൾ പെരുകുന്നത് സർക്കാർ സ്കൂളുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം പരിഗണിക്കുമോ?

## ആർ.എം.എസ്.എ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ

2711. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഈ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകൾ

2712. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെട്ട എത്ര സ്കൂളുകളാണുള്ളത്; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര സ്കൂളുകൾക്കാണ് ഇനിയും അംഗീകാരം ലഭിക്കാനുള്ളത് ; അവ ഏതെല്ലാം ;

(സി) പ്രസ്തുത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പ്ലസ് ടു സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

2713. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്ഗ്രേഡ് ചെയ്ത സർക്കാർ പ്ലസ് ടു സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

## അസാപ് പദ്ധതി

2714. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് പദ്ധതിയുടെ പുരോഗതി അവലോകനം നടത്താറുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എല്ലാ സർക്കാർ സ്കൂളുകളിലും ഹയർ സെക്കന്ററി സ്കൂളുകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; സ്വീകരിച്ചെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) അസാപ്-ൽ ചേർന്നിട്ടുള്ള കുട്ടികൾക്ക് പ്രസ്തുത പഠനം കഴിയുമ്പോൾ തൊഴിൽ ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി കോളേജ് തലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## കന്നഡ പാഠപുസ്തകം

2715. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എട്ടാം ക്ലാസ്സ് കന്നഡ പാഠപുസ്തകത്തിലെ കൊറഗറും ഇല്ലി കൊറഗവ്വദില്ല എന്ന അദ്ധ്യായം ഏത് വിഷയത്തെ ആസ്പദമാക്കിയുള്ളതാണ്;

(ബി) ഈ അദ്ധ്യായം കൊറഗ സമുദായത്തിൽ പ്രതിഷേധം ഉളവാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത അദ്ധ്യായം കൊറഗ സമുദായത്തിന്റെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതാണെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണ്?

## ഹയർ സെക്കണ്ടറി ലാബ് അസിസ്റ്റന്റുമാർക്ക് ഇൻസർവ്വീസ് കോഴ്സ്

2716. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി മേഖലയിലെ താഴ്ന്ന ശമ്പള സ്കെയിൽ ജീവനക്കാരായ ലാബ് അസിസ്റ്റന്റുമാർക്ക് ലാബ് അറ്റൻഡർ ടെസ്റ്റ് മാറ്റി തൊഴിലിന് സഹായകരമായ ഇൻസർവ്വീസ് കോഴ്സ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കുമോ;

(ബി) ജില്ലാ കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട വിഷയങ്ങളുടെ പരിശീലനം സംഘടിപ്പിക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാം ;വ്യക്തമാക്കാമോ;

(സി) ലാബ് അസിസ്റ്റന്റുമാരുടെ യോഗ്യത പരിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

(ഡി) സ്കൂളുകളിലെ പരിസ്ഥിതി ക്ലബ്, സയൻസ് ക്ലബ് എന്നിവിടങ്ങളിലേയ്ക്ക് ലാബ് അസിസ്റ്റന്റുമാരുടെ സേവനവും കഴിവും പ്രയോജനപ്പെടുത്തുവാൻ അനുവദിക്കുമോ;വിശദമാക്കുമോ?

## ഹയർ സെക്കന്ററി ഹിന്ദി സീനിയർ ജൂനിയർ തസ്തിക

2717. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി സ്കൂളുകളിൽ ഹിന്ദി സീനിയർ ജൂനിയർ അധ്യാപക തസ്തികകളിൽ എത്ര ഒഴിവുകൾ 2015 മാർച്ച് 31 വരെ നിലവിലുണ്ട് എന്നറിയിക്കുമോ;

(ബി) പ്രസ്തുത വേക്കൻസികൾ എല്ലാം പി.എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ല എങ്കിൽ എന്ന് റിപ്പോർട്ട് ചെയ്യും എന്നറിയിക്കാമോ;

(സി) ഹയർ സെക്കന്ററി ഹിന്ദി അധ്യാപക തസ്തികയിൽ ജില്ലാ തലത്തിൽ ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ സീനിയർ ജൂനിയർ തിരിച്ച് എത്ര എന്ന് അറിയിക്കാമോ?

## ഹയർ സെക്കന്ററി പാഠപുസ്തക പരിഷ്കരണം

2718. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, എ.റ്റി.ജോർജ്

,, ഡൊമിനിക് പ്രസന്റേഷൻ

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പാഠപുസ്തകങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ പാഠപുസ്തകങ്ങൾ എന്ന് മുതലാണ് പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നത് വ്യക്തമാക്കുമോ?

## ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടി

2719. ശ്രീ.എളമരം കരീം

,, എ.എം. ആരിഫ്

,, കെ.സുരേഷ് കുറുപ്പ്

,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അച്ചടി ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ എന്നാണ് ആരംഭിച്ചത്;

(ബി) ഇതിന്റെ അച്ചടി ജോലികൾ സർക്കാർ ഉടമസ്ഥതയിലുള്ള പ്രസ്സിലാണോ നടക്കുന്നതെന്ന് അറിയിക്കാമോ; അല്ലെങ്കിൽ മറ്റേത് സ്ഥാപനത്തേയാണ് ഏല്പിച്ചത്;

(സി) പാഠപുസ്തകങ്ങളുടെ സിലബസ് എന്നാണ് തയ്യാറാക്കി കിട്ടിയത്;

(ഡി) അദ്ധ്യാപകർക്കുള്ള കൈപുസ്തകത്തിന്റെ അച്ചടി തുടങ്ങിയിട്ടുണ്ടോ;

(ഇ) അദ്ധ്യയന വർഷാരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാനാകുമോയെന്ന് വ്യക്തമാക്കാമോ ?

<u>കായിക വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ അടിസ്ഥാന സൗകര്യവികസനം</u>

2720. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജി.വി.രാജ സ്പോർട്ട്സ് സ്കൂളിലേയും കണ്ണൂർ ജി.വി.എച്ച്.എസ് സ്പോർട്ട്സ് സ്കൂളിലേയും അടിസ്ഥാന സൗകര്യ വികസനത്തിനായി 2014 - 15 ലെ ബജറ്റിൽ നീക്കിവച്ചിരുന്ന 8 കോടി രൂപ വിനിയോഗിച്ച് പ്രസ്തുത കായിക വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ അടിസ്ഥാന സൗകര്യങ്ങളുടെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

<u>എച്ച്.എസ്.എ. പാർട്ട് ടൈം അറബിക് തസ്തിക ഒഴിവ് മാറ്റി നൽകിയ നടപടി</u>

2721. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പി.എസ്.സി.ക്ക് നോട്ടിഫൈ ചെയ്ത് എച്ച്.എസ്.എ. പാർട്ട് ടൈം അറബിക് തസ്തികയുടെ ഒഴിവിൽ മറ്റൊരു ജില്ലയിൽ നിന്നും ജില്ലാന്തര സ്ഥലം മാറ്റം വഴി നിയമനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നടപടിക്ക് എത്രത്തോള നിയമസധുതയുണ്ട് ;

(ബി) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത തസ്തികയിൽ ജില്ലാന്തര സ്ഥലംമാറ്റത്തിലൂടെ നിയമനം നടത്തിയതിന് ഉത്തരവാദികളായവരെ കണ്ടെത്തി നടപടി സ്വീകരിക്കുമോ?

## എച്ച്.എസ്.എസ്.ടി സുവോളജി (ജൂനിയർ, സീനിയർ) ഗസ്റ്റ് ലക്ചറർമാർ

2722. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ എച്ച്.എസ്.എസ്.ടി സുവോളജി (ജൂനിയർ), എച്ച്.എസ്.എസ്.ടി സുവോളജി(സീനിയർ)തസ്തികകളിൽ എത്ര ഗസ്റ്റ് ലക്ചറർമാർ ജോലി ചെയ്യുന്നുണ്ട് എന്ന് സ്കൂളിന്റെ പേര്, ഗസ്റ്റ് ലക്ചറർമാരുടെ പേര് എന്നിവ സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിലെ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ?

## രാഗാസ് പദ്ധതി

2723. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ഹയർ സെക്കന്ററി സ്കൂളുകളുടെ ഗുണനിലവാരം ഉയർത്തുന്നതു സംബന്ധിച്ച് തയ്യാറാക്കിയ 'രാഗാസ്' പദ്ധതി അംഗീകാരത്തിനായി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ ?

(സി) '

## എയ്ഡഡ് /അൺ എയ്ഡഡ് സ്കൂളുകൾ

2724. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര എയ്ഡഡ് സ്കൂളുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ എൽ.പി./യു.പി./ഹൈസ്കൂൾ/ഹയർ സെക്കന്ററി എന്നീ ക്രമത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിച്ചിരുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ട്;

ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) എയ്ഡഡ് മേഖലയിൽ ആരംഭിച്ചതും, എയ്ഡഡ് പദവി നൽകിയതുമായ സ്കൂളുകളിലായി ആകെ എത്ര അദ്ധ്യാപക തസ്തിക സൃഷ്ടക്കപ്പെട്ടിട്ടുണ്ട്; ഇവർക്ക് വേതനം നൽകുന്നതിനായി പ്രതിവർഷം എന്ത് തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>സൗജന്യ യൂണിഫോം</u>

2725. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം വിതരണത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മാനദണ്ഡം നിശ്ചയിച്ചത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ;ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) 2014-15 അദ്ധ്യയന വർഷം എത്ര വിദ്യാർത്ഥികൾക്ക് ഏതൊക്കെ കാലയളവിൽ സൗജന്യ യൂണിഫോം നൽകി എന്ന് വിശദമാക്കാമോ;

(ഡി) 2015-16 അദ്ധ്യയന വർഷം യൂണിഫോം വിതരണത്തിനുള്ള നടപടികൾ ആരംഭിച്ചുവോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനം</u>

2726. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979 ന ശേഷം ആരംഭിച്ച എയ്ഡഡ് സ്കൂളുകളിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കണമെന്ന് വ്യവസ്ഥയുണ്ടോ; ഇവർ മാതൃവിദ്യാലയത്തിലേയ്ക്ക് തിരികെ പോകുമ്പോൾ മറ്റൊരു പ്രോട്ടക്റ്റഡ് ടീച്ചറെ ഈ ഒഴിവിൽ നിയമിക്കപ്പെടേണ്ടതുണ്ടോ; അദ്ധ്യാപക ബാങ്ക് നിലവിൽ വന്നതോടെ സംരക്ഷിതാദ്ധ്യാപകർ എന്നത് നിലവിലുണ്ടോ; ഇക്കാര്യങ്ങൾ സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഹെഡ് ടീച്ചറെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; എയ്ഡഡ് സ്കൂളുകളിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഹെഡ് ടീച്ചറെ നിയമിക്കാൻ കഴിയുമോ; വിശദമാക്കാമോ;

(സി) സംരക്ഷിതാദ്ധ്യാപകർ പേരന്റ് സ്കൂളിൽ തിരികെ പോകുമ്പോൾ ഉണ്ടാകുന്ന ഒഴിവും ഹെഡ് ടീച്ചർ ഒഴിവും ഒന്നിച്ചു വന്നാൽ നിയമനങ്ങൾ എങ്ങനെ നടത്തുമെന്ന്

വിശദമാക്കാമോ?

## ആശ്വാസ് പദ്ധതി

2727. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർശത്തെ ബജറ്റിൽ പ്രഖ്യാപിച്ച ആശ്വാസ് പദ്ധതി എത്ര ഹയർ സെക്കൻഡറി സ്കൂളുകളിൽ നടപ്പിലാക്കി; വിശദവിവരം നൽകുമോ; ഇതിലേയ്ക്കായി എത്ര കോടി രൂപ ചെലവഴിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ആശ്വാസ് പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു ;

(സി) ആശ്വാസ് പദ്ധതി കോങ്ങോട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നടപ്പിലാക്കി വരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

## സർവ്വ ശിക്ഷാ അഭിയാൻ

2728. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ഇതുവരെ എത്ര കോടി രൂപ ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവയുടെ വാർഷികമായ വരവ് ചെലവുകൾ ലഭ്യമാക്കുമോ?

## സ്കൂൾ കലോത്സവം, പ്രവൃത്തി പരിചയ, ശാസ്ത്രമേളകളിൽ അപ്പീലുകളുടെ വർദ്ധന

2729. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോത്സവം, പ്രവൃത്തി പരിചയ, ശാസ്ത്രമേളകളിൽ അപ്പീലുകൾ വർദ്ധിക്കുന്നത് മൂലം സംഘാടകർക്ക് സമയക്രമമനുസരിച്ച് ആയവ നടത്താൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൈക്കോടതി, ജില്ലാ കോടതികൾ എന്നിവയ്ക്ക് പുറമെ ഈ വർഷം ലോകായുക്ത, ബാലാവകാശ കമ്മീഷൻ എന്നിവയുടെ ഉത്തരവുമായി അപ്പീലിന് മത്സരാർത്ഥികൾ വന്നിട്ടുണ്ടോ;വ്യക്തമാക്കാമോ ;

(സി) ഈ വർഷം പ്രസ്തുത കലോത്സവങ്ങളിലും, ശാസ്ത്രമേളകളിലും എത്ര അപ്പീലുകൾ

സംസ്ഥാന തലത്തിൽ ഉണ്ടായിട്ടുണ്ട് എന്ന് വിശദമാക്കുമോ;

## സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ

2730. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് കണക്കെടുപ്പുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മതിയായ രേഖകളും പ്രാഥമിക സൗകര്യങ്ങളും ആവശ്യമായ ഭൗതിക സാഹചര്യവും ഇല്ലാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളെക്കുറിച്ച് വിശദമായ പരിശോധന നടത്തുമോ;

(സി) ആവശ്യമായ സൗകര്യങ്ങളും നിശ്ചിത പഠന സൗകര്യങ്ങളുമുള്ള സ്ഥാപനങ്ങൾ മാത്രം ആരംഭിക്കാൻ NOC നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) വിദ്യാർത്ഥികളിൽ നിന്നും അമിത ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക സമിതിയെ ചുമതലപ്പെടുത്തുമോ?

## പ്രൈമറി വിദ്യാഭ്യാസരംഗം

2731. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം കുറയുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച " ആനുവൽ സ്റ്റാറ്റസ് ഓഫ് എഡ്യൂക്കേഷൻ റിപ്പോർട്ട് 2014" ൽ വിശദീകരിച്ചിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാം; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പഠന നിലവാരം ഉയർത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

## ശ്രീമതി. ലിബി.എം. ജോസിന്റെ നിയമനം

2732. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ലിറ്റിൽ ഫ്ലവർ കോൺവെന്റ് എൽ.പി.എസ് -ൽ എൽ .പി. എസ്. എ. ആയി 3-4-2012 -ൽ നിയമിതയായ ശ്രീമതി. ലിബി എം. ജോസിന്റെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത നിയമനം അംഗീകരിക്കുന്നതിനും ഉത്തരവിറക്കുന്നതിനും സത്വര നടപടികൾ സ്വീകരിയ്ക്കുമോ?

## സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ്

2733. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വിഭാഗത്തിലും പെട്ട സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ഗ്രാന്റിന്റെ നിരക്ക് വ്യക്തമാക്കുമോ;

(സി) ഏത് വർഷം വരെയുള്ള ഗ്രാന്റ് കൊടുത്തുതീർത്തുവെന്ന് വിശദമാക്കുമോ;

(ഡി) നടപ്പുസാമ്പത്തിക വർഷം ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

## അഡീഷണൽ സ്കിൽ അക്വിസേഷൻ പ്രോഗ്രാം

2734. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസേഷൻ പ്രോഗ്രാമുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ;

(ബി) ഇടുക്കി ജില്ലയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പ്രോഗ്രാമിനു കീഴിൽ കോഴ്സുകൾ നടത്തി വരുന്നു; സ്ഥാപനങ്ങളുടെ പേര് വിവരങ്ങളും കോഴ്സുകളും സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും കൂടി പ്രയോജനപ്പെടുന്ന തരത്തിൽ ഈ മേഖലയിൽപ്പെടുന്ന സ്കൂളുകളിലും ഈ പ്രോഗ്രാം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്)

2735. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) -ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിന്റെ ഭാഗമായി കമ്മ്യൂണിക്കേറ്റീവ് സ്കിൽ പാർക്കുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതിനായി എത്ര മണ്ഡലങ്ങളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്എന്ന് വ്യക്തമാക്കുമോ?

<u>അഡീഷണൽ സ്കിൽ ഡെവലപ്പമെന്റ് പ്രോഗ്രാം വഴി തെരഞ്ഞെടുത്ത കാസർഗോഡ് ജില്ലയിലെ സ്കൂളുകൾ</u>

2736. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം വഴി കാസർഗോഡ് ജില്ലയിൽ എത്ര സ്കൂളുകൾ തെരഞ്ഞെടുത്തുവെന്നും ഈ സ്കൂളുകളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

<u>സ്കൗട്ട്/ഗൈഡ് അദ്ധ്യാപകർ</u>

2737. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൗട്ട്/ഗൈഡ് ചുമതലയുള്ള അദ്ധ്യാപകർക്ക് മാതൃസ്കൂളിൽ സംരക്ഷണം ഉറപ്പുനൽകുന്ന 4.12.2012 ലെ ജി.ഒ 403/2002 ഉത്തരവ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് മറികടന്ന് ഏതെങ്കിലും അദ്ധ്യാപകർക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>എച്ച്എസ്എ ,യുപിഎസ്എ, എൽ പിഎസ്എ എന്നീ തസ്തികകളിലെ നിയമനം</u>

2738. **ശ്രീ.ഷാഫി പറമ്പിൽ**

**,,** വി.റ്റി.ബൽറാം

**,,** ഹൈബി ഈഡൻ

**,,** വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സ്കൂളുകളിൽ എച്ച്എസ്എ ,യുപിഎസ്എ, എൽ പിഎസ്എ (HSA, UPSA, LPSA )എന്നീ തസ്തികകളിലേയ്ക്ക് പി.എസ്.സി. അഡ്വൈസ് കിട്ടിയിട്ടും ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമനത്തിന് ധനവകുപ്പ് എന്തെങ്കിലും തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് ഉടൻ തന്നെ നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

## തളിക്കുളം എ.എം.യു.പി.സ്കൂൾ മാനേജ്മെന്റ് കൈമാറ്റം

2739. ശ്രീ.പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് ഉപജില്ലയിൽപ്പെട്ട തളിക്കുളം എ.എം.യു.പി.സ്കൂൾ മാനേജ്മെന്റ് കൈമാറ്റത്തിന് അംഗീകാരം ലഭിക്കുന്നതിനായി 2013 മുതൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിച്ച എഫ്3-38465/13,എഫ്3-26385/14 എന്നീ നമ്പർ അപേക്ഷകളിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) ബഹു. സുപ്രീം കോടതിയുടെ പുതിയ വിധി പ്രകാരം സ്കൂൾ മാനേജ്മെന്റ് കൈമാറ്റത്തിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ടോ?

(ഡി) പ്രസ്തുത സ്കൂൾ മാനേജ്മെന്റ് കൈമാറ്റം സംബന്ധിച്ച് വിദ്യാഭ്യാസവകുപ്പിന്റെ നിർദ്ദേശപ്രകാരം വീണ്ടും ഡി.പി.ഐ.-യിൽ നൽകിയ അപേക്ഷ (എഫ്2-2692/15) പരിഗണിച്ച് നടപടി സ്വീകരിയ്ക്കുമോ?

## അപ്ഗ്രേഡ് ചെയ്ത ഹൈസ്കൂളുകൾ

2740. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കിയിട്ടുണ്ട്; ഇവയിൽ എയിഡഡ്, സർക്കാർ സ്കൂളുകൾ എത്ര; ഇവയുടെ പേരും ജില്ലയും സഹിതം വ്യക്തമാക്കാമോ;

(ബി) എത്ര സ്കൂളുകൾക്ക് ഹയർസെക്കന്ററി കോഴ്സ് അനുവദിച്ചിട്ടുണ്ട്; ഇതിൽ എയ്ഡഡ്, സർക്കാർ സ്കൂളുകൾ എത്ര;

(സി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം അനുവദിച്ച ഹൈസ്കൂളുകൾ ഏതൊക്കെയെന്ന് അവയുടെ പേരും ജില്ലയും സഹിതം വ്യക്തമാക്കാമോ;

(ഡി) ആർ.എം.എസ്.എ. പദ്ധതിയനുസരിച്ച് ഹൈസ്കൂളാക്കി ഉയർത്തിയ സ്കൂളുകളിൽ

കെട്ടിടം അടക്കമുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് ഉണ്ടായിരുന്നത്;

(ഇ) ഇതനുസരിച്ച് ഏതൊക്കെ സ്കൂളുകൾക്ക് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ സ്കൂളിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്;

(എഫ്) ഹൈസ്കൂളാക്കിയ മിക്ക സ്കൂളുകളിലും ഹൈസ്കൂൾ വിഭാഗത്തിനുള്ള പ്രത്യേക കെട്ടിടം ഇനിയും നിർമ്മിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനായി പ്രത്യേക തുക വകയിരുത്തിയിട്ടും കെട്ടിടം നിർമ്മിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ജി) ഇവയ്ക്ക് കെട്ടിട സൗകര്യവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

## മങ്കൊമ്പ് അവിട്ടം തിരുനാൾ ഹയർ സെക്കന്ററി സ്കൂൾ

2741. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കൊമ്പ് അവിട്ടം തിരുനാൾ ഹയർ സെക്കന്ററി സ്കൂൾ കെട്ടിടം തകർന്നു വീണത് സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂളിന് പുതിയ കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## അദ്ധ്യാപക പാക്കേജ്

2742. ശ്രീ.ഇ.ചന്ദ്രശേഖരൻ

,, മുല്ലക്കര രത്നാകരൻ

,, ജി.എസ്.ജയലാൽ

,, ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജ് എന്നു മുതലാണ് സംസ്ഥാനത്ത് നടപ്പാക്കിയത്, ഈ പാക്കേജുകൾ നടപ്പാക്കുന്ന ഉത്തരവുകൾ ഇപ്പോൾ സംസ്ഥാനത്ത് നില നില്ക്കുന്നുണ്ടോ;

(ബി) ഈ പാക്കേജ് നടപ്പാക്കിക്കൊണ്ടുള്ള ഉത്തരവുകൾ ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ഈ ഹൈക്കോടതി ഉത്തരവിലൂടെ പാക്കേജിലുണ്ടായ മാറ്റങ്ങൾ

എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

അദ്ധ്യാപക വിദ്യാഭ്യാസ പരിശീലനരംഗത്തെ പരിഷ്കാരങ്ങൾ

2743. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക വിദ്യാഭ്യാസ പരിശീലനരംഗത്ത് എന്തൊക്കെ പരിഷ്കാരങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത് ; ബി.എഡ്, എം.എഡ്. കോഴ്സുകൾ രണ്ടു വർഷമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം നല്കാമോ ;

(ബി) വിദ്യാലയങ്ങളിൽ ഇപ്പോൾ നിയമിക്കുന്ന അദ്ധ്യാപകർ കെ-ടെറ്റ് പാസായിരിക്കണമെന്ന നിബന്ധന നിലവിലുണ്ടോ ; കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്കൂൾ കലോത്സവങ്ങളിൽ വഞ്ചിപ്പാട്ട്

2744. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവങ്ങളിൽ വഞ്ചിപ്പാട്ട് മത്സരയിനമായി ആരംഭിച്ചത് എന്നു മുതലാണ്;വ്യക്തമാക്കുമോ;

(ബി) വഞ്ചിപ്പാട്ട് മത്സരം കുട്ടനാടൻ സ്റ്റൈൽ, ആറൻമുള സ്റ്റൈൽ, വെച്ചുപാട്ട് എന്നീ വിഭാഗങ്ങളായി തരംതിരിച്ചാണോ നടത്തുന്നത്;

(സി) അല്ലെങ്കിൽ വഞ്ചിപ്പാട്ടിന്റെ വ്യത്യസ്ഥ വകഭേദങ്ങളെ പ്രത്യേകം പ്രത്യേകം മത്സര ഇനങ്ങളായി സംഘടിപ്പിച്ച് കലോത്സവമാനുവൽ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കോഴിക്കോട് എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

T 2745. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച കോഴിക്കോട് ജില്ലയിലെ എൽ.പി.എസ്.എ. (കാറ്റഗറി നമ്പർ 334/09) റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനു ശേഷം എത്ര പേർ പ്രസ്തുത ലിസ്റ്റിൽ നിന്ന് കോഴിക്കോട് ജില്ലയിൽ ജോലിയിൽ പ്രവേശിച്ചു ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് കോഴിക്കോട് ജില്ലയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(സി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(ഇ) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

## അക്കാഡമിക് സിറ്റി

2746. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്രമായ വിദ്യാഭ്യാസ മുന്നേറ്റങ്ങൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും, എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ;

(ബി) ദുബായ് അക്കാഡമിക് സിറ്റിയുടെ മാതൃകയിൽ ഒരു അക്കാഡമിക് സിറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

## അട്ടപ്പാടി മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

2747. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ട്; ഏതെല്ലാം; വിശദാംശങ്ങൾ നൽകുമോ;

(ബി) ഓരോ സ്കൂളിലും എത്ര വിദ്യാർത്ഥികൾ നിലവിലുണ്ട്; ആകെ വിദ്യാർത്ഥികളുടെ എണ്ണം, ഇതിൽ ആദിവാസി കുട്ടികളുടെ എണ്ണം എന്നിവ സ്കൂൾ തിരിച്ച് വ്യക്തമാക്കുമോ;

(സി) സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള അദ്ധ്യാപക തസ്തികകളുടെ എണ്ണവും നിലവിലുള്ള അദ്ധ്യാപകരുടെ എണ്ണവും സ്കൂൾ തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര സ്ഥിരം അദ്ധ്യാപകർ അട്ടപ്പാടി മേഖലയിലെ സ്കൂളുകളിൽ ജോലി ചെയ്യുന്നു എന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കുമോ;

(ഇ) സ്ഥിര അദ്ധ്യാപകരോ, താല്ക്കാലിക അദ്ധ്യാപകരോ ഇല്ലാതെ അട്ടപ്പാടിയിലെ സ്കൂളുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു; സ്കൂൾ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

## കാസർഗോഡ് കുമ്പടാജ പഞ്ചായത്തിലെ സ്കൂളുകൾ

2748. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ കുമ്പടാജ പഞ്ചായത്തിൽ നിലവിൽ സർക്കാർ തലത്തിലും എയ്ഡഡ് തലത്തിലുമുള്ള എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളുടെ കണക്ക് തരംതിരിച്ച് വ്യക്തമാക്കാമോ; മലയാളം, കന്നഡ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ കണക്ക് വേർതിരിച്ച് നൽകാമോ;

(ബി) ഈ പഞ്ചായത്തിൽ മലയാളം മാധ്യമത്തിൽ ഹൈസ്കൂൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; ഈ ന്യൂനത പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

<u>പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നോക്ക സമുദായ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ</u>

2749. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നോക്ക സമുദായ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അർഹതപ്പെട്ട വിദ്യാഭ്യാസാനുകൂല്യങ്ങൾ ശുപാർശ ചെയ്തയയ്ക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള കാലതാമസം മൂലം വിദ്യാഭ്യാസാനുകൂല്യങ്ങൾ നഷ്ടപ്പെട്ടാൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) നഷ്ടപ്പെടുന്ന ആനുകൂല്യങ്ങൾ കാരണക്കാരായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ കർശനനടപടികൾ സ്വീകരിക്കുമെന്ന മുന്നറിയിപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാൻ നടപടികൾ സ്വീകരിക്കുമോ?

<u>സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി</u>

2750. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് മേഖലയിൽ നിലവിൽ എത്ര സ്പെഷ്യൻ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) എയ്ഡഡ് പദവിക്ക് ശുപാർശചെയ്യപ്പെട്ട സ്പെഷ്യൽ സ്കൂളുകൾ എത്ര ; എത്ര സ്കൂളുകൾക്കാണ് ആദ്യഘട്ടത്തിൽ എയ്ഡഡ് പദവി നൽകുവാൻ ഉദ്ദേശിക്കുന്നത്

;വ്യക്തമാക്കാമോ?

<u>കൊട്ടാരക്കര സ്കൂൾ വളപ്പിൽ പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രം</u>

2751. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി കൊട്ടാരക്കര ബോയ്സ് ഹയർസെക്കന്ററി സ്കൂൾ വളപ്പിൽ പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രം ആരംഭിച്ചത് എന്നാണെന്നു അറിയിയ്ക്കുമോ;

(ബി) ഈ കേന്ദ്രത്തിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ജീവനക്കാരാണ് ഉള്ളതെന്നു അറിയിക്കാമോ;

(സി) നിലവിൽ എത്ര കുട്ടികൾ അവിടെ പരിശീലനത്തിനായി എത്തുന്നുണ്ട്;

(ഡി) പ്രസ്തുത കേന്ദ്രത്തിലെ സ്പീച്ച് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ് എന്നിവർക്ക് വേതനം ലഭിക്കാതായിട്ട് എത്ര നാളായി എന്ന് വെളിപ്പെടുത്തുമോ; അതിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ജീവനക്കാർക്ക് വേതനം മുടക്കം കൂടാതെ നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു അറിയിക്കാമോ?

<u>മട്ടന്നൂർ മണ്ഡലത്തിലെ പ്രൈമറി സ്കൂളുകൾ</u>

2752. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വിവിധ ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകളുടെയും ലോവർ പ്രൈമറി സ്കൂളുകളുടെയും ഏതെല്ലാം വികസന പദ്ധതികൾക്കാണ് 2011 മെയ് മാസത്തിനുശേഷം വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) ഏതെല്ലാം അപ്പർ പ്രൈമറി സ്കൂളുകളിലെയും ഏതെല്ലാം ലോവർ പ്രൈമറി സ്കൂളുകളിലെയും ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും എത്ര തുകയുടെ എസ്റ്റിമേറ്റുകൾക്കാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ?

<u>സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾ</u>

2753. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സർക്കാർ സ്കൂളുകൾ പ്രവർത്തിക്കുന്നു ; എൽ.പി/യു.പി./ ഹൈസ്കൂൾ എന്നീ ക്രമത്തിൽ കണക്ക് ലഭ്യമാക്കാമോ ;

(ബി) ഇവയിൽ എല്ലാം ആകെ എത്ര അദ്ധ്യാപക തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ; ഓരോ വിഭാഗത്തിന്റേയും പ്രത്യേകം കണക്ക് നൽകാമോ ;

(സി) ഈ മൂന്ന് വിഭാഗം സ്കൂളുകളിലും കൂടി നിലവിൽ എത്ര അദ്ധ്യാപകരുടെ ഒഴിവ് ഉണ്ട്; ഓരോ വിഭാഗത്തിന്റേയും കണക്ക് പ്രത്യേകം ലഭ്യമാക്കാമോ ; ഒഴിവുകൾ നികത്താത്തതെന്തുകൊണ്ടെന്ന് അറിയിക്കാമോ ;

(ഡി) ഓരോ വിഭാഗത്തിലും ഉള്ള ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഇ) അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാത്ത അവസ്ഥയുണ്ടോ ; അഡ്വൈസ് മെമ്മോ ലഭിച്ചിട്ട് നിയമനം ലഭിക്കുന്നതിന് എത്ര കാലമായി കാത്തുനിൽക്കുന്നവരുണ്ട് ; ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ ?

<u>മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഹയർ സെക്കൻഡറി സ്കൂളുകൾ</u>

2754. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വിവിധ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളുടെ ഏതെല്ലാം വികസന പദ്ധതികൾക്കാണ് 2011 മെയ് മാസത്തിനുശേഷം വിദ്യാഭ്യാസ വകുപ്പിൻറെ പദ്ധതികളിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) ഏതെല്ലാം ഹയൽ സെക്കൻഡറി സ്കൂളുകളുടെ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും എത്ര തുകയുടെ എസ്റ്റിമേറ്റുകൾക്കാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ?

<u>സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി</u>

2755. **ശ്രീ.എ.എ.അസീസ്**

**,, കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഏതൊക്കെ ക്ലാസുകളിലെ കുട്ടികൾക്കാണ് സൗജന്യ ഉച്ചഭക്ഷണം നൽകി വരുന്നത് ;

(ബി) മെനു വ്യക്തമാക്കാമോ ;

(സി) ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകുന്നതിനുമുമ്പ് അദ്ധ്യാപകർ കഴിച്ചിരിക്കണമെന്ന് നിർബന്ധമുണ്ടോ ; വ്യക്തമാക്കുമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഉച്ചഭക്ഷണമല്ലാതെ എന്തൊക്കെ പോഷകാഹാരങ്ങളാണ് വിതരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

<u>പ്രീപ്രൈമറി അദ്ധ്യാപകരുടെ ഓണറേറിയം</u>

2756. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പ്രീപ്രൈമറി അദ്ധ്യാപകർക്ക് ഓണറേറിയം നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ഓണറേറിയംടോ;

(ബി) എങ്കിൽ എത്ര പേർക്കായി എത്ര രൂപ നൽകുവാനുണ്ടെന്നും ഏതു കാലയളവിലെയെന്നും വ്യക്തമാക്കാമോ;

(സി) തുക യഥാസമയം വിതരണം ചെയ്യുന്നതിൽ വീഴ്ച വന്നതിനുള്ള കാരണമെന്തെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കാമോ;

(ഡി) തുക എന്നത്തേയ്ക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

<u>മീനടത്തൂർ, ഗവൺമെന്റ് യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യൽ</u>

2757. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ മീനടത്തൂർ, ഗവൺമെന്റ് യു. പി. സ്കൂൾ, ആർ.എം.എസ്.എ. പദ്ധതിയിലുൾപ്പെടുത്തി ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ അധ്യയനം നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;

(ഡി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം എന്തെല്ലാം ധനസഹായം ഈ വിദ്യാലയത്തിന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>വോക്കേഷണൽ ഹയർ സെക്കണ്ടറി അധ്യാപകരുടെ ഒഴിവുകൾ</u>

2758. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വോക്കേഷണൽ ഹയർ സെക്കണ്ടറി അധ്യാപകരുടെ എത്ര വേക്കൻസികൾ നിലവിലുണ്ട്;ഇതിന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എത്ര പേർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത അധ്യാപകരുടെ എത്ര വേക്കൻസികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യാത്ത വേക്കൻസികൾ എത്രയാണ്;നിലവിലുള്ള എല്ലാ വേക്കൻസികളും പി. എസ്. സി ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>അന്തർദേശീയ അറബിക് സർവ്വകലാശാല</u>

2759. ശ്രീ.സി.മോയിൻ കുട്ടി

,, എൻ. ഷംസുദ്ദീൻ

,, കെ.എൻ.എ.ഖാദർ

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദേശീയ അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായ തുക എത്രയെന്നു വ്യക്തമാക്കാമോ ?

<u>പരീക്ഷയ്ക്ക് സ്ക്രൈബിന്റെ സഹായം</u>

2760. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളെഴുതുന്ന അംഗപരിമിതരായ കുട്ടികൾക്ക് സ്ക്രൈബിനെ വയ്ക്കാൻ ഉത്തരവുണ്ടോ;എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇത്തരക്കാർക്ക് പരീക്ഷയ്ക്ക് അധിക സമയം അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

## വൊക്കേഷണൽ ഹയർസെക്കണ്ടറി പാഠ്യപദ്ധതി

2761. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യസ മേഖലയിലെ പാഠ്യപദ്ധതി സമയബന്ധിതമായി പരിഷ്കരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ ഏതെല്ലാം വിഷയങ്ങൾ ആണ് വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ പഠിപ്പിച്ച് വരുന്നത് ; ആധുനിക സാങ്കേതിക വിദ്യയിലുണ്ടായ വളർച്ചകൂടി ഉൾപ്പെടുത്തി പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

## വിദ്യാലയങ്ങളിൽ മലയാളഭാഷാ പഠനം

2762. ശ്രീ.കെ.മുരളീധരൻ
,, ടി.എൻ. പ്രതാപൻ
,, എം.എ. വാഹീദ്
,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ മലയാളഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) മലയാളം മാതൃഭാഷയല്ലാത്ത വിദ്യാർത്ഥികൾക്ക് മലയാളഭാഷ പഠിക്കുവാൻ എന്തെല്ലാം സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇതിനായി സ്കൂളുകളിലെ പിരീയഡുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## ഭിന്നശേഷിയുള്ള കുട്ടികൾക്ക് റിസോഴ്സ് സെന്ററുകൾ

2763. ശ്രീ.വി.ഡി.സതീശൻ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴയ്ക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളുകൾ കേന്ദ്രമാക്കി റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി, ശാരീരികവും മാനസികവുമായ ആരോഗ്യം എന്നിവ ഉറപ്പ് വരുത്തുന്നതിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തി യിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉച്ചഭക്ഷണപദ്ധതി പരിഷ്കരണം</u>

2764. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയനവർഷം വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതിയുടെ വിപുലീകരണമോ പരിഷ്കരണമോ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>വിദ്യാലയങ്ങളിലെ ഉച്ചക്കഞ്ഞി വിതരണ പദ്ധതി</u>

2765. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ ഉച്ചക്കഞ്ഞി വിതരണ പദ്ധതിയുടെ ഗുണഭോക്താക്കളായി എത്ര വിദ്യാർത്ഥികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാത്ത ഏതെങ്കിലും വിദ്യാലയങ്ങൾ സംസ്ഥാനത്തുണ്ടോ; എങ്കിൽ ഈ വിദ്യാലയങ്ങളുടെ പേര് വിവരം ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) ഉച്ചകഞ്ഞി വിതരണം സുഗമമാക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഓരോ ജില്ലയിലും എത്ര ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിന് സബ് ജില്ലാ തലത്തിൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>വിദ്യാലയങ്ങളുടെ ശൗചാലയനിർമ്മാണം</u>

2766. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എസ്.എസ്.എ ഫണ്ടിൽ നിന്ന് നാളിതുവരെ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഏതെല്ലാം വിദ്യാലയങ്ങളിൽ ശൗചാലയങ്ങൾ നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്നു വിശദമാക്കാമോ;

(ബി) സ്വച്ഛഭാരത് പദ്ധതിയിൽപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിൽ ശൗചാലയങ്ങൾ നവീകരിക്കുന്നതിനായി പരിഗണിക്കപ്പെട്ട വിദ്യാലയങ്ങൾ ഏതെല്ലാം; എത്ര രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>വിദ്യാലയങ്ങളിൽ കുടിവെള്ള സൗകര്യവും ശൗചാലയങ്ങളും</u>

2767. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള സൗകര്യവും ശൗചാലയങ്ങളുമില്ലാത്ത എത്ര വിദ്യാലയങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം വിദ്യാലയങ്ങളുടെ പേരും ഗവൺമെന്റ്, എയ്ഡഡ് മേഖലയിലുള്ളതാണോയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇത്തരം വിദ്യാലയങ്ങളിൽ കുടിവെള്ള സൗകര്യം , മൂത്രപ്പുര എന്നിവ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പുതിയ അധ്യയന വർഷത്തിൽ പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

<u>വിദ്യാർത്ഥികൾക്ക് സൗജന്യഭക്ഷണം</u>

2768. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ ഭക്ഷണം നൽകുന്ന പരിപാടിയിൽ ഗവൺമെന്റ് സ്കൂളുകളിലെയും എയ്ഡഡ് സ്കൂളുകളിലെയും എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികൾക്ക് സൗജന്യഭക്ഷണം നൽകുന്ന പദ്ധതിയിൽ എ. പി. എൽ., ബി.പി.എൽ. വേതിരിവുണ്ടോയെന്നു വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യഭക്ഷണം നൽകുന്ന പദ്ധതി പ്രകാരം ഒരു ദിവസം എത്ര നേരമാണ് ഭക്ഷണം നൽകുന്നതെന്നറിയിക്കുമോ;

(ഡി) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യഭക്ഷണം നൽകുന്ന പദ്ധതി പ്രകാരം ഹൈസ്കൂൾ , അപ്പർ പ്രൈമറി , ലോവർ പ്രൈമറി എന്നിങ്ങനെ എല്ലാ വിഭാഗത്തിലെയും കുട്ടികളെ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഹൈസ്കൂൾ, അപ്പർപ്രൈമറി, ലോവർ പ്രൈമറി എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഒരു ദിവസം ഒരുനേരം നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭക്ഷണത്തിൻറെ അളവെത്രയാണെന്നറിയിക്കുമോ ?

## വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം

2769. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് വിതരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഡി.പി.ഐ.യുടെ കീഴിൽ സ്കോളർഷിപ്പ് വിതരണത്തിന് മാത്രമായി പ്രത്യേക വിഭാഗം ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(സി) ഇതുമായി ബന്ധപ്പെട്ട് ധനവകുപ്പുമായി കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പുരോഗതി വിശദീകരിക്കുമോ;

(ഡി) ഇ -ഗ്രാന്റ് പോലുള്ള സോഫ്റ്റ് വെയർ വഴി സ്കോളർഷിപ്പ് അപേക്ഷയും തുക വിതരണവും നടത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## "ആശ്വാസ്" പദ്ധതിയുടെ വിശദാംശങ്ങൾ

2770. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ആശ്വാസ്"എന്ന പുതിയ പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ജില്ല, സ്കൂൾ, തുക, തീയതി എന്നിങ്ങനെ ഇനം തിരിച്ച് ലഭ്യമാക്കുമോ;

## സി.ആപ്റ്റിന്റെ പ്രവർത്തനങ്ങൾ

2771. **ശ്രീ.വി.ശിവൻകുട്ടി**

**,,** ബി.സത്യൻ

**,,** കോലിയക്കോട് എൻ. കൃഷ്ണൻ നായർ

**ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആപ്റ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സി-ആപ്റ്റിൽ സംസ്ഥാന ഭാഗ്യക്കുറിയുടെ അച്ചടി ജോലികൾ നടക്കുന്നുണ്ടോ;

(സി) ജോലികൾ യഥാസമയം ചെയ്തു തീർക്കുന്നതിന് സ്ഥാപനത്തിന് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ ഇപ്പോൾ ഈ ജോലികൾ ചെയ്തു തീർക്കുന്നത് എങ്ങിനെയെന്ന് വിശദമാക്കാമോ;

(ഡി) ഇതിലേക്ക് മതിയായ സൗകര്യങ്ങളുള്ള മൾട്ടി കളർ പ്രിന്റിംഗ് യന്ത്രം വാങ്ങുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ ആ തീരുമാനം നടപ്പാക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) പുതിയ യന്ത്രം വാങ്ങുന്നതിനു പകരം വാടകയ്ക്കെടുക്കാനുള്ള തീരുമാനം മൂലം സ്ഥാപനത്തിന് ലഭിക്കേണ്ട ലാഭത്തിൽ വൻ കുറവുണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് എ.ജി.യുടെ റിപ്പോർട്ടിലെ പരാമർശമെന്തായിരുന്നു; പ്രസക്തഭാഗത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) എ.ജി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെന്ന് വിശദമാക്കാമോ;

(ജി) അതീവ സുരക്ഷയോടെ കൈകാര്യം ചെയ്യേണ്ട ലോട്ടറി ടിക്കറ്റിന്റെ അച്ചടി ജോലികൾ വാടക യന്ത്രങ്ങൾ ഉപയോഗിച്ച് ചെയ്യുന്നതിന്റെ അനൗചിത്യം ബോധ്യമുണ്ടോ; ഇക്കാലയളവിൽ ഏതെങ്കിലും ലോട്ടറി ടിക്കറ്റിന്റെ അച്ചടി ജോലികൾ തടസ്സപ്പെട്ടിരുന്നോ; അതിന്റെ പേരിൽ സ്ഥാപനത്തിന് ബാദ്ധ്യത വന്നിട്ടുണ്ടോ; വിശദമാക്കാമോ?

<u>കേരള സർവ്വകലാശാലയുടെ കീഴിലുള്ള ബി.എഡ് സെന്ററുകൾ</u>

2772. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കീഴിലുള്ള 10 ബി.എഡ് സെന്ററുകൾ പൂട്ടാനിടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(ബി) പ്രസ്തുത സെന്ററുകളിൽ നടപ്പ് അദ്ധ്യയന വർഷത്തിൽ തന്നെ ക്ലാസ് ആരംഭിക്കുന്നതിനായി ബഹു: മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു;

(സി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കാൻ കേരള സർവ്വകലാശാല കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ഡി) ഉന്നതനിലവാരം പുലർത്തുന്നതും മാതൃകാപരമായി പ്രവർത്തിക്കുന്നതുമായ പ്രസ്തുത സെന്ററുകൾ തുറക്കുന്നതിനും അവിടുത്തെ അദ്ധ്യാപകരെയും ജീവനക്കാരെയും

സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു അറിയിക്കാമോ?

## കാവാലം ടെക്നിക്കൽ സ്കൂൾ

2773. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവാലം ടെക്നിക്കൽ സ്കൂളിനായി കാവാലം ലിസ്യൂ പള്ളിയുടെ 2 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടം മാറ്റി സ്ഥാപിക്കുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനും വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് പ്രവേശനം

2774. **ശ്രീ.**കോടിയേരി ബാലകൃഷ്ണൻ

**,,** സി.രവീന്ദ്രനാഥ്

**,,** ജി.സുധാകരൻ

**,,** കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് പ്രവേശനത്തിന് എൻട്രൻസ് പരീക്ഷയിൽ മിനിമം മാർക്ക് ലഭിക്കണമെന്ന വ്യവസ്ഥയിൽ ഇളവ് വരുത്തുന്നതിന് തീരുമാനിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ; ഇതിനെതിരെ പ്രക്ഷോഭങ്ങൾ ഉയർന്നുവരുകയുണ്ടായോ; ഇതേ തുടർന്ന് തീരുമാനം തിരുത്തുകയുണ്ടായോ; നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാം;

(ബി) ഇളവ് വരുത്തിയ തീരുമാനത്തിലെത്തുന്നതിന് മുമ്പ് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തുകയോ റിപ്പോർട്ട് ലഭിക്കുകയോ ചെയ്തിട്ടുണ്ടായിരുന്നുവോ; എങ്കിൽ വിശദമാക്കുമോ;

(സി) കോളേജ് മാനേജ്മെന്റുകളുടെ ശക്തമായ സമ്മർദ്ദത്തിന്റെയടിസ്ഥാനം എന്തായിരുന്നു; ഈ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(ഡി) മിനിമം മാർക്കോടെ പ്രവേശനം നടത്തിയ കോളേജുകളുടെ നിലവാരത്തകർച്ചയും ശുഷ്കമായ വിജയ ശതമാനവും പരിഗണിക്കാതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത ഇത്തരം കോളേജുകളിൽ ഒഴിഞ്ഞു

കിടക്കുന്ന സീറ്റുകളിൽ വിദ്യാർത്ഥികളെ എത്തിക്കുന്നതിനുള്ള തന്ത്രപരമായ നീക്കമായിരുന്നു ഇതെന്ന എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

<u>സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളുടെ പ്രവർത്തനം</u>

2775. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ**

**,,** ടി.വി.രാജേഷ്

**,,** ആർ. രാജേഷ്

ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയമേഖലയിലുള്ള എഞ്ചിനിയറിംഗ് കോളേജുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; ഇത്തരം സ്ഥാപനങ്ങളുടെ നിലവാരത്തകർച്ചയ്ക്കുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം സംബന്ധിച്ച ഹൈക്കോടതി പരാമർശത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; എന്തെങ്കിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) പുതിയ എഞ്ചിനിയറിംഗ് കോളേജുകൾ തുടങ്ങുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച് നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

<u>സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ ഫീസ് നിരക്ക്</u>

2776. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലും മെഡിക്കൽ കോളേജുകളിലും ഫീസ് നിരക്ക് നിശ്ചയിച്ചത് എങ്ങിനെയെന്നും ഈ ഫീസ് നിരക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

<u>സാങ്കേതിക സർവ്വകലാശാല</u>

2777. **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**

**,,** ജോസഫ് വാഴയ്ക്കൻ

**,,** ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് പ്രസ്തുത നടപടി എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജ് നിർമ്മാണ പ്രവർത്തികൾ

2778. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ 2011 മെയ് മാസത്തിനുശേഷം ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയ്ക്കും എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയതെന്നും ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

കൺട്രോളർ ഓഫ് എക്സാമിനേഷൻ

T 2779. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാങ്കേതിക സർവ്വകലാശാലയിലെ കൺട്രോളർ ഓഫ് എക്സാമിനേഷൻ തസ്തികയിലെ നിയമനം സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്താണ് തടസ്സം; അടിയന്തിരമായി കൺട്രോളർ ഓഫ് എക്സാമിനേഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വൈസ് ചാൻസലർമാരുടെ യോഗം

2780. ശ്രീമതി.ജമീല പ്രകാശം
ശ്രീ.സി.കെ.നാണു
,, ജോസ് തെറ്റയിൽ
,, മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവ്വകലാശാല വൈസ് ചാൻസലർമാരുടെ യോഗം ചാൻസലർ കൂടിയായ ഗവർണ്ണർ വിളിച്ചിരുന്നോ ;

(ബി) എങ്കിൽ യോഗത്തിന്റെ തീരുമാനങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) യോഗം വിളിക്കുന്ന കാര്യം ഗവർണ്ണർ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയെ അറിയിച്ചിരുന്നോ ;

(ഡി) ഇത് സംബന്ധിച്ച് ഗവർണ്ണറും വിദ്യാഭ്യാസ മന്ത്രിയും തമ്മിൽ ആശയ വിനിയമം നടത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>കോഴിക്കോട് സർവ്വകലാശാലയുടെ പ്രവർത്തനം</u>

2781. ശ്രീ.എം. ഹംസ

,, എ. പ്രദീപ്കുമാർ

,, കെ.വി.അബ്ദുൾ ഖാദർ

,, പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് വിശദമാക്കാമോ ; വൈസ് ചാൻസലറുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാരിന് ലഭിച്ച പരാതികൾ പരിശോധിക്കുകയുണ്ടായോ ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) വൈസ് ചാൻസലർ ഇരട്ടശമ്പളം കൈപ്പറ്റിയത് സംബന്ധിച്ച പരാതിയിൽ ചാൻസലറുടെ തീരുമാനം എന്തായിരുന്നു ;

(സി) കൈപ്പറ്റിയ ഇരട്ട ശമ്പളം ചാൻസലറുടെ ഉത്തരവ് പ്രകാരം തിരിച്ച് പിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ചാൻസലറുടെ ഉത്തരവ് നടപ്പിലാക്കാൻ ബാധ്യതപ്പെട്ട വൈസ് ചാൻസലർ അതിന് തയ്യാറാകാത്ത സാഹര്യത്തിൽ ടിയാനെതിരെ ചട്ടപ്രകാരം നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

<u>റീ-സർവ്വെ നടപടി</u>

2782. ശ്രീ.പി.കെ.ഗുരുദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 -ലെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ റീ-സർവ്വെ നടപടി പുനരാരംഭിക്കാൻ വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) റീ-സർവ്വെ പൂർത്തീകരിക്കാത്ത വില്ലേജുകളിൽ റീ-സർവ്വെ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ഭൂരേഖകൾ വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് പരിഷ്ക്കരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

<u>നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ നടപടികൾ</u>

2783. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖകളിൽ 'നിലം 'എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ നിലവിൽ നിലം അല്ലാത്തതും അടുത്ത സ്ഥലങ്ങളിൽ കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്നതുമായ സ്ഥലത്ത് താമസ്സത്തിനോ മറ്റ് ആവശ്യത്തിനോ കെട്ടിടം നിർമ്മിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കാമോ;

(ബി) 'നിലം 'എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് വീട് നിർമ്മിക്കുന്നതിന് എത്ര സെന്റ് വരെയുള്ള വസ്തുവിനാണ് ഇളവ് അനുവദിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഭൂമി കൈയ്യേറ്റവും വ്യാജ ഭൂമി ഇടപാടുകളും</u>

2784. **ശ്രീ.കെ.കെ.ജയചന്ദ്രൻ**

**,,** കെ.സുരേഷ് കുറുപ്പ്

**,,** സാജു പോൾ

**,,** പി.കെ.ഗുരുദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, ഇടുക്കി ജില്ലകളിൽ വ്യാപകമായ തോതിൽ സർക്കാർ ഭൂമി കൈയ്യേറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ ,രജിസ്ട്രേഷൻ ഉദ്യോഗസ്ഥരുടെ അറിവോടെ വ്യാജ ഭൂമി ഇടപാടുകൾ ധാരാളം നടക്കുന്ന കാര്യം അറിയാമോ;

(സി) വാഗമൺ പ്രദേശങ്ങളിൽ സർക്കാർ ഭൂമി ഫ്ലോട്ടിംഗ് പട്ടയരീതിയിൽ കൈയ്യേറിയതിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ;

(ഡി) ഇത്തരം കൈയ്യേറ്റങ്ങൾ തടയുകയും അതിന് കാരണക്കാരായ

ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

<u>വസ്തു പോക്കുവരവ്</u>

2785. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റർ ചെയ്ത വസ്തു പോക്കുവരവ് ചെയ്യുന്നതിന് ഒരു മാസ കാലാവധി വേണമെന്ന നിർദ്ദേശം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) രജിസ്റ്റർ ചെയ്ത വസ്തു രജിസ്റ്റർ ചെയ്ത ദിവസം തന്നെ പോക്കുവരവ് ചെയ്തു നല്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) പോക്കുവരവ് ചെയ്തു നൽകുന്നതിന് റവന്യു അധികൃതർക്ക് മതിയായ പരിശോധന നടത്തുന്നതിന് പുതുക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കഴിയുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പുതുക്കിയ ഉത്തരവ് പ്രകാരം പോക്കുവരവ് സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും ഏത് രീതിയിൽ പരിഹരിയ്ക്കാനാണ് തീരുമാനിച്ചിട്ടുള്ളത്?

<u>റോസിലി പൗലോസ് നല്കിയ അപേക്ഷ</u>

T 2786. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി വില്ലേജിൽ പള്ളിപ്പാട് വീട്ടിൽ റോസിലി പൗലോസ് ടിയാളുടെ ഭർത്താവ് അപകടത്തിൽ മരിച്ചതോടനുബന്ധിച്ച് ദുരിതാശ്വാസനിധിയിൽ നിന്ന് തുക അനുവദിച്ച് കിട്ടുന്നതിനായി 6.5.2013 ൽ സമർപ്പിച്ച നിവേദനം മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും 3538/VIP/CM/2013 നമ്പർ കത്ത് പ്രകാരം റവന്യൂ വകുപ്പിന് നൽകിയിട്ടും തുക ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>അരൂർ മണ്ഡലത്തിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി</u>

2787. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികൾക്കാണ്

ഭരണാനുമതി നൽകിയിട്ടുള്ളതെന്നു അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ അവസ്ഥ എന്താണ്; ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഏതൊക്കെ പ്രവൃത്തികളാണ് നടക്കാതെ പോയത്; ഇത് നടപ്പാകാതിരിക്കാൻ ഉണ്ടായ കാരണങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാകാതിരിക്കുന്നതിന് ജീവനക്കാരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുമോ?

<u>പത്തനംതിട്ട ജില്ലയിൽ പട്ടയം ലഭിക്കാനുള്ള കൈവശകൃഷിക്കാർ</u>

2788. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ 1-1-1977 -ന് മുമ്പുള്ള കൈവശകൃഷിക്കാരിൽ എത്ര പേർക്കാണ് ഇനിയും പട്ടയം ലഭിക്കാനുള്ളത് ; ഇവരുടെ എത്ര ഭൂമിയ്ക്കാണ് പട്ടയം നൽകേണ്ടതെന്ന കണക്ക് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ ഓരോ സ്ഥലങ്ങളിലേയും പട്ടയം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് ഇനംതിരിച്ച് വിശദമാക്കാമോ ; ഇതിൽ ഏതൊക്കെ പ്രദേശങ്ങളിലെ കൈവശകൃഷിക്കാർക്കാണ് ഉടൻ പട്ടയം ലഭിക്കുക; ഇവർക്ക് ഉപാധിരഹിത പട്ടയമാണോ ഉപാധികളോടെയുള്ള പട്ടയമാണോ ലഭിക്കുക ; എന്തൊക്കെ ഉപാധികളാകും പട്ടയത്തിൽ ഉണ്ടാവുക എന്ന് വ്യക്തമാക്കാമോ ?

(സി) പമ്പാവാലി പോലെയുള്ള പ്രദേശങ്ങളിൽ നൽകിയ പട്ടയങ്ങളിൽ ഉപാധിയുള്ളതുമൂലം കർഷകർക്ക് വസ്തു പണയത്തിന്മേൽ വായ്പകൾ നൽകാൻ ബാങ്കുകൾ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തുടർന്ന് നൽകുന്ന പട്ടയങ്ങൾ ഉപാധിരഹിത പട്ടയങ്ങളാക്കി നൽകുമോ ; ഇതിനായി എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

<u>മുഖ്യമന്ത്രി ദുരിതാശ്വാസ പദ്ധതി - തുക കൈപ്പറ്റാത്തവർ</u>

2789. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയിൽ നിന്നും തുക അനുവദിക്കുകയും എന്നാൽ കൈപ്പറ്റാത്തതുമായ കേസുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആൾക്കാരുടെ പേരും മേൽവിലാസവും ലഭ്യമാക്കുമോ;

(സി) ഇവർക്ക് തുക വിതരണം നടത്തുവാൻ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കുമോ?

<u>കടുത്തുരുത്തി നിയോജകമണ്ഡലത്തിലുണ്ടായ കൃഷി നാശം</u>

2790. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24.04.2014-ൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലുണ്ടായ കൊടുങ്കാറ്റിലും പേമാരിയിലും കൃഷി നാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കാണ് നഷ്ടപരിഹാരം നൽകാനുള്ളത് എന്നറിയിക്കാമോ; എത്ര രൂപയുടെ നഷ്ടം ഉണ്ടായി എന്നറിയിക്കാമോ?

<u>'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി രണ്ടാം ഘട്ടം</u>

2791. **ശ്രീ.ബെന്നി ബെഹനാൻ**
**,,** എ.റ്റി.ജോർജ്
**,,** സി.പി.മുഹമ്മദ്
**,,** ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഒന്നാം ഘട്ടത്തിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം സവിശേഷതകളാണ് പദ്ധതി നടത്തിപ്പിൽ രണ്ടാം ഘട്ടത്തിൽ വരുത്തിയിട്ടുള്ളത്;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>ഭൂമി കേരളം പദ്ധതി</u>

2792. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കേരളം പദ്ധതിയിൽ എത്രപേരാണ് ഭൂമിക്കായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) ഇതിൽ എത്രപേർക്കാണ് ഇതുവരെ ഭൂമി പതിച്ചു നൽകിയിട്ടുള്ളത് എന്ന്

അറിയിക്കാമോ;

(സി) പതിച്ചുനൽകിയ ഭൂമി എല്ലാവരും ഏറ്റെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇനി എത്രപേർക്കു കൂടി ഭൂമി അനുവദിച്ചു നൽകുവാനുണ്ടെന്നു അറിയിക്കാമോ?

<u>വടകര സിവിൽ സ്റ്റേഷൻ</u>

2793. ശ്രീ.സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര സിവിൽ സ്റ്റേഷനിലെ അസൗകര്യങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സിവിൽ സ്റ്റേഷനിലെ കെട്ടിടങ്ങൾ പുതുക്കിപണിയാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>നേമം നിയോജകമണ്ഡലത്തിലെ മണക്കാട് വില്ലേജിലെ പട്ടയം നൽകൽ</u>

2794. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ മണക്കാട് വില്ലേജിലെ വരവിള, ചൂരൽതോപ്പ്, മുട്ടാറ്റുവരമ്പ് എന്നിവിടങ്ങളിലെ 123 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നാളിതുവരെയുള്ള പുരോഗതി എന്താണെന്നും, പ്രസ്തുത കുടുംബങ്ങൾക്ക് എന്നത്തേയ്ക്ക് പട്ടയം നൽകുമെന്നും വ്യക്തമാക്കുമോ ?

<u>പട്ടയ വിതരണം</u>

2795. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മുതൽ 2015 ഫെബ്രുവരി വരെ ചടയമംഗലം മണ്ഡലത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകളിലായി എത്ര പട്ടയങ്ങൾ വിതരണം ചെയ്യപ്പെട്ടിട്ടുണ്ട് എന്നും, പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ തീർപ്പുകൽപിക്കാനുണ്ട് എന്നും വ്യക്തമാക്കാമോ ?

<u>പട്ടയം ലഭിക്കാനുള്ള അലിമുക്ക് ചൂരക്കുഴി പ്രദേശത്തെ കുടുംബങ്ങൾ</u>

2796. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ അലിമുക്ക് ചൂരക്കുഴി പ്രദേശത്തെ എത്ര കുടുംബങ്ങൾക്കാണ് പട്ടയം നൽകാനുള്ളത്; ഇവർ എന്നുമുതലാണ് ഇവിടെ താമസിച്ചുവരുന്നത്; പട്ടയം നൽകുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ താമസിച്ചുവന്നിരുന്നവരുടെ വസ്തുവിന് വില്ലേജ് ഓഫീസർ നേരത്തേ കരം സ്വീകരിച്ചിരുന്നോ; എന്നുവരെയാണ് ഇത്തരത്തിൽ കരം സ്വീകരിച്ചത്; പിന്നീട് കരം സ്വീകരിക്കാതിരിക്കാനുണ്ടായ കാരണം എന്താണ്; കരം സ്വീകരിക്കാതിരിക്കാൻ ഉത്തരവ് നൽകിയത് ആര്; ഇതിന് ഇടയാക്കിയ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ;

(സി) കരമടച്ച രസീത് ഇല്ലാത്തതുമൂലം ഇവിടുത്തെ താമസക്കാർക്ക് ബാങ്കുകളിൽ വസ്തു പണയം വയ്ക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചൂരക്കുഴി നിവാസികളും എം. എൽ. എ. യും ഇവിടുത്തെ വസ്തുവിൽ പട്ടയം നൽകണം എന്ന് നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിട്ടും പട്ടയം നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംയുക്ത പരിശോധന നടത്തിയിട്ടും പട്ടയം നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; ഇവർക്ക് പട്ടയം നൽകുന്നതിന് ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; ഇത് പൂർത്തീകരിച്ച് എന്നത്തേക്ക് ഇവർക്ക് പട്ടയം നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## <u>ചീമേനി ബസ്സ്റ്റാൻറ് നിർമ്മാണം</u>

2797. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ ചീമേനി ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിന് ഭൂമി സൗജന്യ നിരക്കിൽ ലഭിക്കുന്നതിന് തടസ്സമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) വർഷങ്ങളായി ഇതു സംബന്ധിച്ച ഫയൽ ചുവപ്പുനാടയിൽപ്പെട്ട് കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഫയൽ തീർപ്പ് കൽപ്പിക്കാൻ കഴിയാതെ വരുന്നതിൻറെ കാരണം വ്യക്തമാക്കാമോ?

## <u>റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ അനുമതി</u>

2798. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖകളിൽ പതിറ്റാണ്ടുകളായി പുരയിടമായി കിടക്കുന്നതും കൃഷി ചെയ്തിട്ടില്ലാത്തതുമായ ഭൂമികളിൽ തറനിരപ്പ് ഉയർത്തേണ്ടി വരുന്ന സാഹചര്യങ്ങളിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ പ്രത്യേക അനുമതി വേണമെന്ന് നിർദ്ദേശമുണ്ടോ; എങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വ്യക്തമായ അറിവില്ലാതെയും വ്യക്തി വൈരാഗ്യത്തിന്റെ പേരിലും നിലം നികത്തുന്നു എന്ന പരാതി ഉന്നയിച്ച് റവന്യൂ ഉദ്യോഗസ്ഥരെ കൊണ്ട് സ്റ്റോപ് മെമ്മോ നൽകുന്ന കേസുകളിൽ റവന്യൂ രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നിജസ്ഥിതി ബോധ്യപെടുന്നതിനും പരാതി തെറ്റാണെന്നു ബോധ്യപെട്ടാൽ കക്ഷിക്കുണ്ടാകാവുന്ന കൂടുതൽ ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാനും എത്രയും പെട്ടെന്ന് പ്രശ്നം പരിഹരിക്കുന്നതിനും റവന്യൂ ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ?

## റവന്യൂ വകുപ്പിന്റെ ആധുനികവത്കരണം.

2799. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ആധുനികവത്കരണത്തിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) പോക്കുവരവ് പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് വില്ലേജോഫീസുകളെ സബ് രജിസ്ട്രാർ ഓഫീസുകളുമായി ബന്ധപ്പെടുത്തി കൊണ്ടുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം എല്ലാ വില്ലേജുകളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത് നടപ്പിലാക്കുന്നതിനു എന്താണ് തടസ്സമെന്ന് അറിയിക്കുമോ;

(ഡി) പോക്കുവരവ് പ്രവൃത്തിയിലെ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിന് ഈ സമ്പ്രദായം സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കൈനകരി മുണ്ടയ്ക്കൽ പാലം നിർമ്മാണത്തിന് സ്ഥലം അക്വയർ ചെയ്യുന്നത്

2800. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈനകരി മുണ്ടയ്ക്കൽ പാലം നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനായി ഹൈലെവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുന്ന ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സമയബന്ധിതമായി പാലം നിർമ്മിക്കുന്നതിന് സ്ഥലം അക്വയർ ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## പട്ടയം ലഭിക്കുവാനുള്ള അപേക്ഷകൾ

2801. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളിലെ ചൊക്കന, എച്ചിപ്പാറ നായാട്ട്ക്കുണ്ട് പ്രദേശവാസികളുടെ പട്ടയം ലഭിക്കുവാനുള്ള അപേക്ഷകളിന്മേൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പട്ടയം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ;

(സി) പട്ടയവിതരണം നടത്തുവാൻ എന്ന് സാധിക്കും എന്ന് വ്യക്തമാക്കാമോ?

## ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ

2802. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967-ലെ ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവ് ഇപ്പോഴും പ്രാബല്യത്തിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് പ്രകാരം 2014-ൽ ഓരോ ജില്ലാ കളക്ടർമാരും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## റവന്യൂ സർട്ടിഫിക്കറ്റുകൾ മൊബൈൽ ഫോണിലൂടെ

2803. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, ടി.എൻ. പ്രതാപൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ സർട്ടിഫിക്കറ്റുകൾ മൊബൈൽ ഫോണിലൂടെ അപേക്ഷിക്കുവാനും ലഭിക്കുവാനുമുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ:പരിപാടിയുടെഉദ്ദേശ്യലക്ഷ്യങ്ങൾഎന്തെല്ലാം;

(ബി) ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഈ സംവിധാനം വഴി ലഭിക്കുന്നത്;

(സി) ആരെല്ലാമാണ് ഈ സംവിധാനവുമായി സാങ്കേതികമായി സഹകരിക്കുന്നത് ; വിശദമാക്കാമോ?

## അനധികൃത വയൽ നികത്തൽ

2804. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഉദ്യോഗസ്ഥരുടെ സഹായത്തോടെ അനധികൃത വയൽ നികത്തൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ഇതുസംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അവയിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

## പ്രകൃതി ദുരന്ത നിവാരണ ഉപകരണങ്ങൾ

2805. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയാൻ ദുരന്തനിവാരണവകുപ്പ് റവന്യൂ ഓഫീസുകളിൽ തന്ത്രപ്രധാന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് സ്ഥാപിച്ചതെന്നും . ഏതെല്ലാം ഓഫീസുകളിലാണ് സ്ഥാപിച്ചതെന്നും.ഏതെല്ലാം ഉപകരണങ്ങളാണ് സ്ഥാപിച്ചതെന്നും വിശദമാക്കുമോ ;

(ബി) ഈ ഉപകരണങ്ങൾ കാണാനില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഉപകരണങ്ങൾ കാണാതായത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ കണ്ടെത്തൽ എന്തായിരുന്നു

(ഡി) ഈ ഉപകരണങ്ങൾ കാണാതായത് സംബന്ധിച്ച് ഉണ്ടാകാവുന്ന സുരക്ഷാ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പോലീസ് ടെലികമ്മ്യൂണിക്കേഷൻ ടെക്നിക്കൽ ടീം റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

## ഇടുക്കി ജില്ലയിൽ കുത്തകപാട്ട ഭൂമിക്ക് പട്ടയം

2806. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വിവിധ താലൂക്കുകളിൽപ്പെടുന്ന കുത്തകപാട്ട ഭൂമിയിൽ 1/1/1977 ന് മുൻപ് മുതൽ കൃഷി ചെയ്തു വരുന്ന കർഷകരുടെ ഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പട്ടയം ലഭിക്കുന്നതിനായി ഇവർ നൽകിയ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(സി) നിലവിലെ വ്യവസ്ഥകൾ പ്രകാരം കുത്തകപാട്ട ഭൂമിക്ക് പട്ടയം നൽകുന്നതിന് തടസ്സം ഉണ്ടോ;എങ്കിൽ വിശദീകരണം നൽകാമോ;

(ഡി) കുത്തകപാട്ട ഭൂമിയിൽ 1/1/1997 ന് മുൻപ് കൃഷി നടത്തിവരുന്ന ചെറുകിട കർഷകർക്ക് പട്ടയം നൽകുന്നതിന് നിലവിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

<u>ആറന്മുള വിമാനത്താവള നിർമ്മാണം</u>

2807. **ശ്രീ.ഇ.പി.ജയരാജൻ**

**,,** രാജു എബ്രഹാം

**,,** പി.കെ.ഗുരുദാസൻ

**,,** സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവള നിർമ്മാണത്തിനായി സർക്കാർ പുറമ്പോക്ക് ഭൂമിയും മിച്ചഭൂമിയും ഉൾപ്പെട്ട പ്രദേശം കെ.ജി.എസ്. ഗ്രൂപ്പിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരും അടങ്ങുന്ന സമിതി യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിമാനത്താവള നിർമ്മാണത്തിനായി കമ്പനി അനധികൃതമായി മണ്ണിട്ട് നികത്തിയ തണ്ണീർത്തടങ്ങളും തോടുകളും ചാലുകളുമെല്ലാം പൂർവ്വസ്ഥിതിയിലാക്കണമെന്ന ഹൈക്കോടതി വിധി വന്നത് എന്നാണ് ;

(ഡി) പ്രസ്തുത ഹൈക്കോടതി വിധി നടപ്പാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) ജലസ്രോതസ്സുകളും നീർച്ചാലുകളും എല്ലാം അടങ്ങുന്ന സ്ഥലം മണ്ണിട്ടു നികത്തിയത് വഴിയുണ്ടായിട്ടുള്ള പരിസ്ഥിതികാഘാതം തിരിച്ചറിഞ്ഞ്, കോടതി വിധി നടപ്പാക്കുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ആദിവാസി കുടുംബങ്ങൾക്ക് പട്ടയം</u>

2808. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ 1986 മുതൽ 2014 വരെ എത്ര ആദിവാസി കുടുംബങ്ങൾക്ക് വനഭൂമിയിൽനിന്നും എത്രവീതം ഭൂമി ഓരോ വർഷവും പട്ടയം നൽകിയെന്ന് വിശദീകരിക്കാമോ ;

(ബി) ഈ കാലയളവിൽ 33 ഊരുകളിൽ പട്ടയം നൽകിയത് ഏതെല്ലാം വർഷങ്ങളിലാണെന്ന് വ്യക്തമാക്കാമോ ?

<u>കീരേരിമല സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കൽ</u>

2809. ശ്രീ.ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീരേരിമല സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റിൽ നിന്നും എത്ര രൂപ അനുവദിച്ചു ;

(ബി) ഇതിന്റെ പണി ഏത് അവസ്ഥയിലാണ് ;

(സി) ഏത് ഏജൻസിയെയാണ് പണി ഏൽപ്പിച്ചിരിക്കുന്നത്,വ്യക്തമാക്കാമോ ?

<u>ഭൂമിയുടെ ന്യായവില</u>

2810. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, വി.റ്റി.ബൽറാം
,, അൻവർ സാദത്ത്
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) നിശ്ചയിക്കപ്പെട്ട ന്യായവില അപര്യാപ്തമാണെന്ന് തോന്നുന്നെങ്കിൽ അപ്പീൽ നൽകാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളത് ;

(സി) അപ്പീൽ നൽകുന്നതിനുള്ള സമയപരിധി വർദ്ധിപ്പിക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>മലപ്പുറം ജില്ലയിലെ ഭൂമിയുടെ പോക്ക് വരവ്</u>

2811. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഭൂമിയുടെ പോക്കുവരവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് തീരുമാനം ആകാത്ത എത്ര അപേക്ഷകളുണ്ടെന്നുള്ള വിവരം താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) ഇത് സംബന്ധിച്ചുണ്ടായിട്ടുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) പോക്ക് വരവ് നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഫയലുകൾ കെട്ടികിടക്കുന്ന താലൂക്കുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ ?

<u>ചടയമംഗലം മണ്ഡലത്തിൽ ദുരിതാശ്വാസ സാമ്പത്തിക ആനുകൂല്യം</u>

2812. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മുതൽ 2015 ഫെബ്രുവരി വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കായി റവന്യൂ വകുപ്പ് വഴി വിതരണം ചെയ്തിട്ടുള്ള ദുരിതാശ്വാസ സാമ്പത്തിക ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>മൂന്നാർ ഭൂമി കയ്യേറ്റം</u>

2813. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട വിഷയത്തിലുണ്ടായ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ ആണോ റിവ്യൂ ഹർജിയാണോ നൽകേണ്ടത് എന്ന് തീരുമാനിക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൊച്ചിയിൽ ചേർന്ന ഉന്നതതലയോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ;

(ബി) യോഗത്തിൽ പങ്കെടുത്തവർ ആരൊക്കെ; യോഗം ഹൈക്കോടതി വിധി പൂർണ്ണമായും പരിശോധിക്കുകയുണ്ടായോ; വിശദാംശം നൽകാമോ;

(സി) ഹൈക്കോടതി വിധി റവന്യൂ വകുപ്പിന് ലഭിച്ചത് എന്നാണ്; വിധിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) വിധിയുമായി ബന്ധപ്പെട്ട് സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

ചെല്ലഞ്ചി പാലം നിർമ്മാണത്തിന്റെ ലാന്റ് അക്വിസിഷൻ

2814. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നഷ്ടപരിഹാരത്തുക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ചാലക്കുടി താലൂക്കിലെ പുറമ്പോക്കുകളിൽ താമസിച്ചുവരുന്നവർക്ക് പട്ടയം

2815. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിലെ വിവിധ വില്ലേജുകളിലുള്ള പുറമ്പോക്ക് വഴി/റോഡ്, പി,ഡബ്ളി.യു. റോഡ്, കോട്ട, തോട്/കനാൽ, തരിശ്, കന്നുകാലി മേച്ചിൽ സ്ഥലം, വില്ലേജ് റിസർവ്, ട്രാംവേ, കുളം, പാറ തുടങ്ങിയ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) കന്നുകാലി മേച്ചിൽ സ്ഥലം പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവ് നൽകാത്തതിനാൽ അപേക്ഷകളിൽ നടപടി സ്വീകരിക്കാൻ കഴിയുന്നില്ലെന്ന പ്രശ്നം പരിഹരിക്കുന്നതിനായി ആയത് പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവിറക്കുന്നതിനും വനഭൂമിയുടെ സമീപമുള്ള വില്ലേജുകളെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിന്റെ എ രജിസ്റ്ററിൽ വനഭൂമി എന്നും ബി രജിസ്റ്ററിൽ പുറമ്പോക്ക് എന്നും രേഖപ്പെടുത്തിയിട്ടുള്ള കേസ്സുകളിൽ കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

വൈപ്പിൻ മണ്ഡലത്തിൽ പ്രകൃതി ക്ഷോഭ പുനരുദ്ധാരണ ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

2816. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ക്ഷോഭം,കാലവർഷക്കെടുതി എന്നിവ മൂലം നശിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിൽ

2011-2014 കാലയളവിൽ ഏതെല്ലാം പഞ്ചായത്തുകളിലായി എത്ര പ്രവൃത്തികൾ നടപ്പാക്കുന്നതിനാണ് ഭരണാനുമതി നൽകിയതെന്ന് വിശദീകരിക്കാമോ;

(ബി) ഈ കാലയളവിൽ എറണാകുളം ജില്ലയിൽ വിവിധ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ എന്തുകൊണ്ടെന്നും ഏതെല്ലാം പ്രവൃത്തികളെന്നും വ്യക്തമാക്കാമോ;

(ഡി) സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്ത പക്ഷം ബന്ധപ്പെട്ട എം.എൽ.എ മാരെ ഇക്കാര്യം അറിയിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## ഭാരതപ്പുഴ സംരക്ഷണത്തിന് നദീതട സംരക്ഷണ അതോറിറ്റി

2817. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമായി പ്രതിപാദിക്കാമോ;

(ബി) ഭാരതപ്പുഴയ്ക്ക് ഒരു നദീതട സംരക്ഷണ അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഭാരതപ്പുഴ സംരക്ഷിക്കുന്നതിനായി ഒരു നദീതട സംരക്ഷണ അതോറിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ?

## റവന്യൂദിനം

2818. **ശ്രീ.കെ.അച്ചുതൻ**
,, ഹൈബി ഈഡൻ
,, ജോസഫ് വാഴയ്ക്കൻ
,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ടോ;എങ്കിൽ ആഘോഷങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) റവന്യൂ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഇതോടനുബന്ധിച്ച് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>കണ്ണൂരിൽ നടന്ന റവന്യൂ അദാലത്ത്</u>

2819. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 19-2-2015-ന് കണ്ണൂരിൽ നടന്ന റവന്യൂ അദാലത്തിന്റെ ഭാഗമായി ചികിത്സാ ധനസഹായം അനുവദിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ദിവസം എത്ര രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ ?

<u>ഹാരിസൺസ് മലയാളം പ്ലാന്റേഷൻസ് അനധികൃതമായി കൈവശം വയ്ക്കുന്ന ഭൂമി</u>

T 2820. ശ്രീ.പി.കെ.ബഷീർ

,, സി.മോയിൻ കുട്ടി

,, റ്റി.എ.അഹമ്മദ് കബീർ

,, പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺസ് മലയാളം പ്ലാന്റേഷൻസ് അനധികൃതമായി ഭൂമി കൈവശം വയ്ക്കുകയും, മറിച്ചുവില്ക്കുകയും ചെയ്തതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ അന്വേഷിക്കുന്നതിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) വിദേശ നാണയ വിനിമയ ചട്ടവും ഇൻഡ്യൻ ഇന്റിപ്പെന്റൻസ് ആക്ടിലെ വ്യവസ്ഥകളും ലംഘിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ തുടർനടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കമ്പനിയിൽ സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ കീഴിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്ന ആരെങ്കിലും ഉദ്യോഗമോ പങ്കാളിത്തമോ വഹിക്കുന്നുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിക്കുകയും വിവരം വെളിപ്പെടുത്തുകയും ചെയ്യുമോ?

<u>തീരദേശത്തെ ജനജീവിതം</u>

2821. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭം, അപ്രതീക്ഷിതമായ വേലിയേറ്റം എന്നിവ മൂലം തൊഴിലും ദൈനംദിന ജീവിതവും യാത്രാ സൗകര്യങ്ങളും തകരാറിലാകുന്ന തീരദേശത്ത് ജനജീവിതം സാധാരണ നിലയിലാക്കുന്നതിന് അടിയന്തിരമായി ഫണ്ട് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരം സാഹചര്യങ്ങൾ നേരിടുന്നതിന് സർക്കാർ നിലവിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

## കൊയിലാണ്ടി താലൂക്കിലെ കർഷകരിൽനിന്ന് ഭൂനികുതി

2822. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലെ ഏതെല്ലാം പ്രദേശങ്ങളിലെ ഭൂമികളിൽ നിന്നാണ് നികുതി സ്വീകരിക്കേണ്ടതില്ല എന്ന നിർദ്ദേശം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) അതിനുള്ള കാരണം വിശദമാക്കുമോ;

(സി) ഭൂനികുതി സ്വീകരിക്കാത്തതു മൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കാമോ;

## കുന്ദമംഗലം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരണം

2823. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ നിലവിൽ എത്ര ജനസംഖ്യയുണ്ടെന്നും, ഏതെല്ലാം വില്ലേജുകളാണ് ഉൾക്കൊള്ളുന്നതെന്നും വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ പതിനഞ്ച് വില്ലേജുകളിൽ കുറവുള്ള എത്ര താലൂക്കുകൾ നിലവിലുണ്ടെന്നും അവ ഓരോന്നിലും എത്ര വീതം വില്ലേജുകളാണ് ഉൾക്കൊള്ളുന്നതെന്നും വിശദമാക്കാമോ;

(സി) പുതിയ താലൂക്കുകളുടെ രൂപീകരണശേഷവും ജനസംഖ്യകൊണ്ടും വിസ്തീർണ്ണം കൊണ്ടും മുൻപന്തിയിൽ നിൽക്കുന്ന കോഴിക്കോട് താലൂക്ക് വിഭജിച്ച് കുന്ദമംഗലം ആസ്ഥാനമായി താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ജില്ലാ കളക്ടർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കൽപ്പറ്റ പടിഞ്ഞാറത്തറ കാപ്പിക്കളം പ്രദേശത്തെ കൈവശ ഭൂമിക്ക് പട്ടയം

2824. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പടിഞ്ഞാറത്തറ വില്ലേജിൽപ്പെട്ട കാപ്പിക്കളം പ്രദേശത്തെ 34 കുടുംബങ്ങളുടെ കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റീ സർവ്വേയ്ക്ക് മുൻപ് ഈ ഭൂമി ആരുടെ കൈവശമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) റീ സർവ്വേയ്ക്ക് ശേഷം ഈ ഭൂമി ഏത് ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) റീ സർവ്വേ അപാകതകൾ പരിഹരിച്ച് കൈവശക്കാർക്ക് ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഭൂപരിഷ്കരണ നിയമപ്രകാരം കൈവശം വയ്ക്കാവുന്ന ഭൂമി

2825. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമപ്രകാരം ഒരു കുടുംബത്തിന് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ അളവ് എത്രയാണെന്ന് അറിയിക്കാമോ; പരിധിയിൽക്കവിഞ്ഞ ഭൂമിയുണ്ടെങ്കിൽ ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) റവന്യൂ വകുപ്പ് മന്ത്രിയുടെയും കുടുംബത്തിന്റെയും കൈവശം നിലവിൽ ഓരോ ജില്ലകളിലുംഎത്ര ഭൂമിയുണ്ടെന്നു വ്യക്തമാക്കാമോ;

(സി) മന്ത്രിയുടെ വെബ്സൈറ്റിലുള്ള കണക്കനുസരിച്ച് മന്ത്രിക്കും കുടുംബത്തിനും കൈവശം വയ്ക്കാവുന്ന ഭൂമി പരിധിയിൽ കൂടുതലായതിനാൽ അധികം വരുന്ന ഭൂമി പിടിച്ചെടുത്ത് മിച്ചഭൂമിയായി പ്രഖ്യാപിക്കുന്നതിന് തയ്യാറാകുമോ;

കൊയിലാണ്ടി മണ്ഡലത്തിൽ ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ

2826. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തി നാളിതുവരെ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം; വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) ഫ്ലഡ് ഫണ്ട് വർക്കുകളുടെ പുരോഗതി വിലയിരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിയമസഭാ സാമാജികർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നുവോ; നിർദ്ദേശത്തെ തുടർന്ന് ജില്ലാ കളക്ടർ ഫ്ലഡ് ഫണ്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് യോഗം വിളിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത യോഗത്തിൽ പങ്കെടുത്തവർ ആരെല്ലാം; യോഗത്തിന്റെ മിനുട്ട്സ് ലഭ്യമാക്കാമോ;

(സി) എം.എൽ.എ. നിർദ്ദേശിച്ചിട്ടും യോഗം വിളിച്ച് പ്രവൃത്തികൾ വിലയിരുത്തിയില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ ഫ്ലഡ് ഫണ്ട് വർക്കുകളുടെ കാര്യത്തിൽ സമയബന്ധിതമായി നടപടികൾ മുന്നോട്ട് പോവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കൊയിലാണ്ടി മണ്ഡലത്തിൽ നഗരസഭയിലെയും ഓരോ പഞ്ചായത്തിലും ഭരണാനുമതി ലഭിച്ച ഫ്ലഡ് ഫണ്ട് പ്രവൃത്തികളിൽ ഇതുവരെയും എസ്റ്റിമേറ്റ് സമർപ്പിക്കാത്ത പ്രവൃത്തികൾ ഏതെല്ലാം; ഈ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരം വിശദമാക്കാമോ;

(എഫ്) നടപ്പിലാവാത്ത പ്രവൃത്തികളിൽ ഭരണാനുമതി കാലയളവ് കഴിഞ്ഞ് പോയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം; ഈ പ്രവൃത്തികളുടെ ഭരണാനുമതി പുതുക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും ഭൂമിയും വാടകയ്ക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

2827. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാറിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും ഭൂമിയും മറ്റും സ്വകാര്യ സ്ഥാപനങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കും വാടകയ്ക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

## സർക്കാർ ഭൂമി കയ്യേറിയുള്ള പാറഖനനം

2828. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറി പാറഖനനം നടത്തുന്നതായിട്ടുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ നിന്നാണ് ഇത്തരം പരാതികൾ ലഭിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ;

(സി) ഏതൊക്കെ സ്ഥലങ്ങളിൽനിന്നാണ് ഇത്തരം വൻകിട പാറഖനനം നടക്കുന്നതായി പരാതി ഉയർന്നു വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>മലപ്പുറത്ത് പുതിയ കുടുംബകോടതിക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടികൾ</u>

2829. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് പുതിയ കുടുംബ കോടതി കെട്ടിടം നിർമ്മിക്കുന്നതിന് 25 സെന്റ് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ന്യൂനതകൾ പരിഹരിച്ച് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ന്യൂനതകൾ പരിഹരിച്ച് കുടുംബകോടതിക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

<u>സ്മാർട്ട് വില്ലേജ് പദ്ധതി</u>

2830. **ശ്രീ.**ബെന്നി ബെഹനാൻ
**,,** അൻവർ സാദത്ത്
**,,** കെ.മുരളീധരൻ
**,,** തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കൊയിലാണ്ടി മണ്ഡലത്തിലെ പ്രകൃതി ക്ഷോഭ നഷ്ടപരിഹാരം

2831. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ കനത്ത മഴയിലും കാറ്റിലും വ്യാപകമായി കൃഷിനാശവും വീടുകൾക്ക് നാശനഷ്ടവും വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരുടെയെല്ലാം വീടുകളാണ് തകർന്നിട്ടുള്ളതെന്നും എത്രത്തോളം കൃഷിനാശവും നാശനഷ്ടവും സംഭവിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(സി) നാശനഷ്ടം സംഭവിച്ചവർക്ക് അടിയന്തര സഹായം, നഷ്ടപരിഹാരം , സൗജന്യ റേഷൻ എന്നിവ അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾ

2832. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ ഫ്ലഡ് റിലീഫ് - വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഈ പ്രവൃത്തികളിൽ മാവേലിക്കര പഞ്ചായത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളുടെ പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നവ ഏതൊക്കെയെന്നും കാലതാമസത്തിന്റെ കാരണവും വിശദമാക്കുമോ?

കൊട്ടാരക്കര റൂറൽ പോലീസ് ആസ്ഥാന നിർമ്മാണം

2833. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര റൂറൽ പോലീസ് ആസ്ഥാന നിർമ്മാണത്തിനായി ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ ഉള്ള ഭൂമി വിട്ടുകിട്ടുന്നതുമായി ബന്ധപ്പെട്ട ഫയൽ (U3-6623/13) റവന്യൂ വകുപ്പിന്റെ പരിഗണനയിൽ വന്നത് എന്നാണ്;

(ബി) പ്രസ്തുത ഫയലിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത ഫയലിന്മേൽ അടിയന്തരമായി തീർപ്പുണ്ടാക്കുന്നതിന് നടപടികൾ

സ്വീകരിക്കുമോ?

<u>കേളപ്പജിയുടെ സ്മാരകം നിർമ്മിക്കുന്നതിനായി ഭൂമി</u>

2834. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ നിയോജക മണ്ഡലത്തിൽ കേളപ്പജിയുടെ സ്മാരകം നിർമ്മിക്കുന്നതിനായി ഭൂമി വിട്ടുകിട്ടുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേലുള്ള നടപടി ഏതുവരെയായി എന്ന് വിശദമാക്കാമോ?

<u>ഉടുമ്പൻചോല താലൂക്ക് ഓഫീസ്</u>

2835. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടത്ത് നിർമ്മിച്ച മിനി സിവിൽ സ്റ്റേഷൻറെ ഉദ്ഘാടനം നടത്തിയത് എന്നാണ്;

(ബി) ഉടുമ്പൻചോല താലൂക്ക് ഓഫീസിൻറെ പ്രവർത്തനം മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റിയിട്ടുണ്ടോ; ഇല്ലെങ്കിൽ മാറാൻ വൈകാനിടയായ സാഹചര്യം വിശദീകരിക്കാമോ;

(സി) നിലവിലെ ചോർന്നൊലിക്കുന്ന കെട്ടിടത്തിൽ നിന്നും താലൂക്ക് ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ടാങ്കറുകളിലെ കുടിവെള്ളം വിതരണം</u>

2836. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം ടാങ്കറുകളിൽ വിതരണം ചെയ്യുവാൻ ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ വർഷം അനുവദിച്ച തുകയെത്ര ; നിലവിൽ തുക കുടിശ്ശികയുണ്ടോ ;

(ബി) ടാങ്കറുകളിൽ കുടിവെള്ളം വിതരണം ചെയ്യുവാൻ ഈ വർഷം സ്വീകരിച്ച നടപടി വിശദമാക്കുമോ ; അടിയന്തിരമായി ടാങ്കറുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>വെള്ളപ്പൊക്ക ദുരിതാശ്വാസനിധി</u>

2837. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നാളിതുവരെ കോഴിക്കോട് ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ നിന്നും വർഷം പ്രതി എത്ര തുക, ഏതെല്ലാം പ്രവൃത്തികൾക്ക് വേണ്ടി അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ളവ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(സി) വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>സ്ഥലമെടുപ്പ് നഷ്ടപരിഹാരത്തുക സംബന്ധിച്ച് ശ്രീ. വിൽസൺ നല്കിയ അപേക്ഷ</u>

2838. ശ്രീ.ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-കാരോട് ദേശീയപാത വികസനത്തിന്റെ സ്ഥലമെടുപ്പ് നഷ്ടപരിഹാരത്തുക സംബന്ധിച്ച് ശ്രീ. വിൽസണിന്റെ അപേക്ഷ ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ നിലവിൽ കോടതി ഉത്തരവുകളോ മറ്റ് തടസ്സങ്ങളോ നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വസ്തുവിൽ ബാധ്യതയൊന്നുമില്ലെന്ന A3-343/2014 നമ്പർ സ്പെഷ്യൽ തഹസിൽദാരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ എതിർകക്ഷിയുടെ വാദം കേൾക്കുകയുണ്ടായോ; വാദം കേൾക്കുന്ന സമയത്ത് എതിർ കക്ഷിക്ക് വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ശ്രീ. വിൽസണിന്റെ കാര്യത്തിൽ എന്തുകൊണ്ട് പണം കൊടുക്കുന്നില്ല എന്നതിന്റെ കാരണം വ്യക്തമാക്കാൻ 1300/VIP/CM/2015 നമ്പരായി ബഹു. മുഖ്യമന്ത്രി നൽകിയ നിർദ്ദേശം എന്നാണ് ലഭ്യമായത്; പ്രസ്തുത കുറിപ്പിൽ പറയുന്ന പ്രകാരം എന്നാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്നും പ്രസ്തുത റിപ്പോർട്ട് എന്നാണ് അയച്ചുകൊടുത്തതെന്നുമുള്ള വിവരം ലഭ്യമാക്കാമോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ശ്രീ. വിൽസണിന് വേഗത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് നിയമസഭാ അംഗം

മുഖേന കളക്ടർക്കും ബഹു. റവന്യൂ വകുപ്പ് മന്ത്രിക്കും നൽകിയ കത്തിൽ എന്തുകൊണ്ട് നഷ്ടപരിഹാരം കൊടുക്കാൻ കഴിയുന്നില്ലായെന്നതിന്റെ കാരണം അറിയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) 10.02.2015 ൽ രണ്ടാഴ്ചയ്ക്കകം മറുപടി നൽകാൻ ബഹു.മുഖ്യമന്ത്രി നിർദ്ദേശം നൽകിയിട്ടും, കോടതി വിധി അനുകൂലമായിട്ടും, വസ്തുവിന്റെ ബാധ്യത സംബന്ധിച്ച് റവന്യൂ വകുപ്പ് തന്നെ സാക്ഷ്യപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകിയിട്ടും ഒരു ജുഡീഷ്യൽ പരിശോധന കഴിഞ്ഞ കേസിൽ ആനുകൂല്യം വിതരണം തടസ്സപ്പെടുന്നതെന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ;

(ജി) ടി വിഷയത്തിൽ ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് കളക്ടറെ ചുമതലപ്പെടുത്തി വേഗത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>കടമ്പ്രയാർ സംരക്ഷിക്കുന്നതിന് അനുവദിച്ച തുക</u>

2839. ശ്രീ.ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും കടമ്പ്രയാർ സംരക്ഷിക്കുന്നതിന് വേണ്ടി എത്ര തുക അനുവദിച്ചു;

(ബി) ഇതിന്റെ പണി ഏതുവരെയായി;ഏത് ഏജൻസിയെയാണ് പണി ഏൽപ്പിച്ചിരിക്കുന്നത്;

(സി) പണി വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>കടുത്തുരുത്തി എക്സൈസ് സർക്കിൾ ഓഫീസ് കെട്ടിട നിർമ്മാണം</u>

2840. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി എക്സൈസ് സർക്കിൾ ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ റവന്യൂ വകുപ്പിൽ നിലവിലുള്ള 37294/Rev.A/14 എന്ന ഫയലിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ ഫയലിൽ സ്വീകരിക്കേണ്ട നടപടികൾക്കായി കോട്ടയം കലക്ടറേറ്റിൽ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) കോട്ടയം കളക്ടറേറ്റിൽ നിന്നുമുള്ള റിപ്പോർട്ട് റവന്യൂ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

## മൊടവണ്ണക്കടവ് തൂക്കുപാലം

2841. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ചാലിയാറിന് കുറുകെ മൊടവണ്ണ കടവിൽ, ഭരണാനുമതി ലഭിച്ച തൂക്കുപാലം/നടപ്പാലം നിർമ്മാണത്തിന് എന്താണ് തടസ്സമായിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലം അടിയന്തരമായി നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പിടിച്ചെടുത്ത വാഹനങ്ങൾ

2842. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് പിടിച്ചെടുത്ത് ലേലത്തിൽ പോകാതെ ഉപയോഗ ശൂന്യമായ വാഹനങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഇത്തരം ഉപയോഗശൂന്യമായ വാഹനങ്ങൾ ഇരുമ്പ് വിലയ്ക്ക് ലേലം ചെയ്ത് പൊതുസ്ഥലങ്ങൾ ഉപേയാഗപ്രദമാക്കുന്ന കാര്യം പരിഗണിക്കുമോ ?

## മതസ്ഥാപനങ്ങൾ ജാതി വിഭാഗങ്ങൾ എന്നിവയ്ക്കായി പതിച്ചു നല്കിയ ഭൂമി

T 2843. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ മതസ്ഥാപനങ്ങൾ ജാതി വിഭാഗങ്ങൾ എന്നിവയ്ക്കായി എത്ര ഭൂമി പതിച്ചു നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

## പേരാമ്പ്രയിൽ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ ഭൂമി.

2844. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിൽ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ കീഴിൽ ഉണ്ടായിരുന്നതും പ്രസ്തുത സംവിധാനം ഇല്ലാതായതിനുശേഷം സർക്കാരിൽ നിക്ഷിപ്തവുമായ ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ഭൂമി സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; എങ്കിൽ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(സി) കേസ് സംബന്ധിച്ച് നിയമവകുപ്പിന്റെയും അഡ്വക്കേറ്റ് ജനറലിന്റെയും ഉപദേശം തേടിയിട്ടുണ്ടോ;എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) നിയമോപദേശം ലഭിച്ചിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) നിയമവകുപ്പിനോടും അഡ്വക്കേറ്റ് ജനറലിനോടും കേസ് സംബന്ധമായ ഉപദേശം തേടിയിട്ടുണ്ടെങ്കിൽ ആവശ്യമായ എല്ലാ രേഖകളും റവന്യൂ വകുപ്പ് സമർപ്പിച്ചിരുന്നോ എന്നു വെളിപ്പെടുത്തുമോ ;

(എഫ്) എങ്കിൽ എന്തെല്ലാം കാര്യങ്ങളിലാണ് ഉപദേശം തേടിയിട്ടുള്ളത് എന്നും വ്യക്തമാക്കുമോ ;

(ജി) പ്രസ്തുത ഭൂമി പേരാമ്പ്ര ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;എങ്കിൽ ആയതിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;കേസ് സംബന്ധിച്ച് കാലതാമസം ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

## <u>ഭൂരഹിതരായവരുടെ വിവരങ്ങൾ</u>

2845. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.എം.ചന്ദ്രൻ

,, കെ.കുഞ്ഞിരാമൻ **(**ഉദുമ**)**

,, കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര; പട്ടികജാതി പട്ടികവർഗ്ഗവിഭാഗം ഉൽപ്പെടെയുള്ള ഭൂരഹിതരുടെ സ്ഥിതിവിവര കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;

(ബി) പട്ടയം ലഭിച്ച പലർക്കും ഉപയോഗപ്രദമായ ഭൂമി ലഭിച്ചിട്ടില്ല എന്ന വസ്തുത അറിവുള്ളതാണോ;

(സി) ഭൂസമരം ഒത്തുതീർപ്പാക്കിയത് എന്തെല്ലാം ഉറപ്പുകളോടെയായിരുന്നു; നൽകിയ ഉറപ്പുകൾ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കാമോ;

(ഡി) സമരക്കാർ ചൂണ്ടിക്കാട്ടിയ മിച്ചഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് അറിയിക്കാമോ;

(ഇ) ഈ ആവശ്യത്തിനായി ഫണ്ട് നീക്കിവെച്ചിട്ടുണ്ടോ; ഇതിനകം എന്തെങ്കിലും തുക ചെലവഴിച്ചിട്ടുണ്ടോ?

<u>ഭൂരഹിതരില്ലാത്ത കേരളം</u>

2846. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടം എന്ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരികുന്നത്;നിശ്ചിത സമയപരിധിക്കുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ആകെ ഭൂരഹിതരുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;ഇതിൽ പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ എണ്ണം പ്രത്യകം ലഭ്യമാക്കാമോ;

(സി) പട്ടയം ലഭിച്ചവരിൽ ഇനിയും ഭൂമി ലഭിച്ചിട്ടില്ലാത്തവർ എത്ര;

(ഡി) പട്ടയം ലഭിച്ച ഭൂമി ഉപയോഗപ്രദമല്ലാത്തതിനാലും എത്തിപ്പെടാൻ കഴിയാത്തത്ര വിദൂരത്തായതിനാലും അത് ഏറ്റെടുക്കാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ ?

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

2847. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി ബജറ്റിൽ ഇതുവരെ നീക്കിവച്ച തുകയെത്ര; ഇതിനകം ഖജനാവിൽ നിന്നും ഈ ആവശ്യത്തിനായി എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി ഭൂമി വില കൊടുത്ത് വാങ്ങാൻ ഈ തുക ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ബജറ്റിൽ വകയിരുത്തിയ തുക മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

<u>വില്ലേജാഫീസുകളിൽ നിന്നും താലൂക്കാഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന</u>

## സർട്ടിഫിക്കറ്റുകൾക്ക് ഫീസ്.

2848. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജാഫീസുകളിൽ നിന്നും താലൂക്കാഫീസുകളിൽ നിന്നുംപൊതുജനങ്ങൾക്ക് ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾക്ക് അക്ഷയ കേന്ദ്രങ്ങളിൽ ഉയർന്ന ഫീസ് ഈടാക്കുന്നതായ പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അക്ഷയകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ സർട്ടിഫിക്കറ്റിനും നിശ്ചയിച്ചിട്ടുള്ള ഫീസ് എത്രയാണെന്ന് പറയാമോ;

(സി) സർട്ടിഫിക്കറ്റുകൾക്ക് നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് അക്ഷയകേന്ദ്രങ്ങളിൽ പട്ടികയായി പ്രദർശിപ്പിക്കുവാനും കൂടുതൽ ഫീസ് കൈപ്പറ്റുന്ന കേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതുൾപ്പെടെ നടപടികൾ സ്വീകരിക്കുവാനും തയ്യാറാകുമോ?

## കുഡ്ലു വില്ലേജിൽ റീ. സർവ്വേ നമ്പർ 107/162-ൽ സ്ഥിതി ചെയ്യുന്ന മൂന്നര സെന്റ് ഭൂമിയുടെ ഉടസ്ഥാവകാശം

2849. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ കുഡ്ലു വില്ലേജിൽ റീ. സർവ്വേ നമ്പർ 107/162-ൽ സ്ഥിതി ചെയ്യുന്ന മൂന്നര സെന്റ് ഭൂമിയുടെ ഉടസ്ഥാവകാശം ആർക്കാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഭൂമി ലേലത്തിൽ വിറ്റിരുന്നോ ; എങ്കിൽ കാരണമെന്താണ് ; എപ്പോൾ, ആർക്കാണ് ഇത് വിറ്റത് ; എത്ര തുകയ്ക്കാണ് വിറ്റത്; വിശദാംശം ലഭ്യമാക്കാമൊ;

(സി) ഒക്ഷൻ പർച്ചെസർ മുഴുവൻ തുകയും സമയത്തിനുള്ളിൽ അടച്ചിരുന്നോ ; എങ്കിൽ എപ്പോഴാണ് സെയിൽ സർട്ടിഫിക്കറ്റ് നൽകിയത് ; ഇല്ലെങ്കിൽ നൽകാത്തതിന്റെ കാരണമെന്താണ് ?

## ദേവികുളം, ഉടുമ്പൻ ചോല താലൂക്കിൽ 2012 മുതൽ നൽകിയ പട്ടയങ്ങൾ

2850. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിലും ബൈസൺവാലി, ചിന്നക്കനാൽ ഉൾപ്പെടെ ഉടുമ്പൻ ചോല താലൂക്കിലും 2012 മുതൽ എത്ര ആളുകൾക്ക് മൊത്തം എത്ര സ്ഥലത്ത് എത്ര പട്ടയങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) സീറോലാന്റ് ലെസ് പദ്ധതിയിൽ എത്ര പേർക്ക് പട്ടയം നൽകി;വ്യക്തമാക്കാമോ;

(സി) ഭൂമി അളന്നു നൽകിയിട്ടുണ്ടോയെന്നും ഇവർ വീട് വച്ച് താമസിക്കുന്നുണ്ടോയെന്നും അല്ലെങ്കിൽ പട്ടയം മാത്രമാണോ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

## കുടിയേറ്റ കർഷകർക്ക് പട്ടയം

2851. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര കുടിയേറ്റ കർഷകർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പട്ടയം നൽകിയതു സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ; ഏത് കാലയളവിലുള്ള കുടിയേറ്റക്കാർക്കാണ് പട്ടയം നൽകിയിട്ടുള്ളത്;

(സി) 1977 -ന് മുമ്പുള്ള കുടിയേറ്റക്കാർക്ക് ഇനിയും പട്ടയം നൽകാനുണ്ടോ; കണക്ക് ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഇനിയെത്ര കുടിയേറ്റക്കാർക്ക് പട്ടയം നൽകാനുണ്ട്; ഇത് എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; പട്ടയം നൽകുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

## ശ്രീമതി അന്നംഡാനിയേലിന്റെ അപേക്ഷ

2852. ശ്രീ.പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സ്വദേശിനി ശ്രീമതി അന്നംഡാനിയേൽ ബഹു: റവന്യൂവകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷയിൽ (ഫയൽ നം. 76177/L3/12) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഫയലിൽ സത്വരനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ?

## രജിസ്റ്റർ ചെയ്യപ്പെട്ട ആധാരങ്ങൾ അടിയന്തരമായി പോക്കുവരവ് നടത്തുന്നത്

2853. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തുകൈമാറ്റം സംബന്ധിച്ച ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ട കഴിഞ്ഞാൽ ജമമാറ്റം (പോക്കുവരവ്) നടത്തി കരം പുതിയ ഉടമയുടെ പേരിൽ തീർക്കുന്നതിനുള്ള നടപടി ഒരു മാസംകഴിഞ്ഞു മാത്രമേ പാടുള്ളൂ എന്നതു സംബന്ധിച്ച് ഉത്തരവുകളോ സർക്കുലറുകളോ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഒരു മാസത്തിനകം പോക്ക് വരവ് നടത്തി എന്ന കാരണത്താൽ ഏതെങ്കിലും വില്ലേജ് ഓഫീസർമാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രമാണം രജിസ്റ്റർ ചെയ്ത് പോക്കുവരവ് നടത്തുന്നതിന് ഒരു മാസം സമയപരിധി വച്ചിട്ടില്ല എങ്കിൽ പല വില്ലേജ് ഓഫീസർമാരും തഹസിൽദാർമാരും ഇപ്രകാരം നിർബന്ധം പിടിക്കുന്നതിന് കാരണം അറിയിയ്ക്കുമോ; ഇത് ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ;

(ഡി) അടിയന്തര ആവശ്യങ്ങൾക്ക് വസ്തുകൈമാറ്റം ചെയ്തതിനു ശേഷം കാലാവധിക്കായി കാത്തിരിക്കുന്ന പ്രസ്തുത സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

## റീ-സർവ്വെ ജോലികൾ

2854. ശ്രീ.സി.കെ.നാണു
,, ജോസ് തെറ്റയിൽ
ശ്രീമതി.ജമീല പ്രകാശം
ശ്രീ.മാത്യു റ്റി.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1965-ൽ സംസ്ഥാന സർക്കാർ റീ-സർവ്വെ സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര വർഷം കൊണ്ടാണ് റീ-സർവ്വെ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നതെന്നറിയിക്കുമോ;

(ബി) എത്ര പ്രദേശത്തിന്റെ റീ-സർവ്വെയും എത്ര വില്ലേജുകളുടെ റീ-സർവ്വെയും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർവ്വെ ജോലികൾക്ക് എത്ര ജീവനക്കാരുടെ സേവനമാണ് വിനിയോഗിക്കാൻ ഉദ്ദേശിച്ചിരുന്നത്;

(ഡി) ഇതിനുവേണ്ടി എത്ര ജീവനക്കാരെ നിയോഗിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ;

(ഇ) എത്ര പ്രദേശത്തിന്റെയും എത്ര വില്ലേജുകളുടെയും റീ-സർവ്വെ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## പ്രീ റവന്യൂ സർവ്വെ അദാലത്തുകൾ

2855. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, സി.പി.മുഹമ്മദ്

,, എം.പി.വിൻസെൻറ്

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എല്ലാ ജില്ലകളിലും പ്രീ റവന്യൂ സർവ്വെ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചിരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അദാലത്തിലൂടെ എത്ര ശതമാനം പരാതികൾ പരിഹരിച്ചു; വിശദമാക്കുമോ;

(ഡി) പരിഹരിക്കാത്ത പരാതികളിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>നഗരൂർ പടിഞ്ഞാറ്റതിൽ വീട്ടിൽ കരുണാകരൻ നൽകിയ പരാതി</u>

2856. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ നന്തായ് വനം പടിഞ്ഞാറ്റതിൽ വീട്ടിൽ കരുണാകരന് അവനവൻചേരി (ആറ്റിങ്ങൽ മുനിസിപ്പാലിറ്റി) യിൽ പട്ടയമായി ലഭിച്ച ഭൂമി അയൽവാസി കയ്യേറിയതുമായി ബന്ധപ്പെട്ട് നൽകിയ പരാതിയിന്മേൽ (K6-31799/14 തീയതി 1-10-2014, ആറ്റിങ്ങൽ താലൂക്ക്) എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>പാട്ടഭൂമി</u>

2857. ശ്രീ.സി.ദിവാകരൻ

,, കെ.രാജു

,, ചിറ്റയം ഗോപകുമാർ

ശ്രീമതി.ഇ.എസ്.ബിജിമോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞ എത്ര ഏക്കർ ഭൂമി നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി സെന്റിന് എത്ര രൂപ നിരക്കിലാണ് പാട്ടത്തിന് നൽകിയിരുന്നത്; പാട്ടക്കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന്

വെളിപ്പെടുത്തുമോ ;

(സി) പാട്ടത്തുക അടയ്ക്കാത്തവർക്കും കുടിശ്ശിഖ വരുത്തിയവർക്കും നേരെ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ഡി) പാട്ടഭൂമി കൈവശം വച്ചിരിക്കുന്ന എത്ര വ്യക്തികൾ/സ്ഥാപനങ്ങളുണ്ട്; ആകെ എത്ര ഹെക്ടർ ഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് വ്യക്താക്കുമോ?

<u>അട്ടപ്പാടി മേഖലയിലെ റീ സർവ്വേ</u>

2858. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ റീ സർവ്വേ നടപടികൾക്കായി ഒരു സ്പെഷ്യൽ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചിരുന്നോ; ഈ യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; യൂണിറ്റ് നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ യൂണിറ്റിനെ എന്തിനായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്; ഏതെല്ലാം തസ്തികകളിലായി എത്ര ജീവനക്കാരെ ഇവിടെ നിയമിച്ചിരുന്നു;

(സി) എത്ര നാൾ ഈ യൂണിറ്റ് പ്രവർത്തിച്ചു; എന്തെല്ലാം പ്രവർത്തികളാണ് ഈ യൂണിറ്റ് ഇവിടെ നടത്തിയത്;

(ഡി) അട്ടപ്പാടിയിൽ ആദിവാസി ഭൂമിയുടെ അതിരും അതിർത്തികളും സംബന്ധിച്ച് തർക്കങ്ങളോ, കേസ്സുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസുകൾ നിലവിലുണ്ട്;

(ഇ) തർക്കങ്ങളിൽപ്പെട്ട ഭൂമിയുടെ നിജസ്ഥിതി അറിയാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഹോസ്ദർഗ് താലൂക്കിൽ റിസർവ് ചെയ്ത ഭൂമി</u>

2859. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഹോസ്ദർഗ് താലൂക്കിൽ എത്ര ഏക്കർ ഭൂമി റിസർവ് ചെയ്തിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് കണക്കുകൾ സഹിതം ലഭ്യമാക്കാമോ ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന് ഭൂമി ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ഹോസ്ദുർഗ് താലൂക്ക് ഓഫീസ് പരിധിയിലെ വില്ലേജ് ഓഫീസുകളിൽ നിന്നായി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി റിസർവ് ചെയ്ത ഭൂമി ഇവർക്കായി വിതരണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആർക്കൊക്കെ ഏതൊക്കെ വില്ലേജുകളിലായാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമായ കണക്കുകൾ ലഭ്യമാക്കാമോ ;

(ഡി) മാറ്റിവെക്കപ്പെട്ട ഭൂമി അനധികൃത കൈയ്യേറ്റത്തിലൂടെ കൈവശപ്പെടുത്തിയിട്ടുണ്ടോ ; ഇത്തരം ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

## പുരയിടങ്ങളുടെ സർവ്വേയും പോക്കുവരവും

2860. ശ്രീമതി.ജമീല പ്രകാശം

ശ്രീ.സി.കെ.നാണു

,, ജോസ് തെറ്റയിൽ

,, മാത്യു റ്റി.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരയിടങ്ങളുടെ സർവ്വേയും പോക്കുവരവും സംബന്ധിച്ച് കൃത്യമായും ചിട്ടയായും നടപടികൾ സ്വീകരിക്കാത്തത് കാരണം പൊതുജനം നേരിടുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അങ്ങനെ എത്ര പരാതി ലഭിച്ചുവെന്നും അവയിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) ഇത്തരം പരാതികളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനായി ജില്ലാ-താലൂക്ക് അടിസ്ഥാനത്തിൽ പ്രത്യേകിച്ച് അദാലത്ത് സംഘടിപ്പിക്കാൻ തയ്യാറാകുമോ ;

(ഡി) എങ്കിൽ അവ സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

## ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം

2861. ശ്രീ.അൻവർ സാദത്ത്

,, എ.റ്റി.ജോർജ്

,, ടി.എൻ. പ്രതാപൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കാമോ;

(ബി) ഇതിനായി വകുപ്പിൽ ഒരുക്കിയിട്ടുള്ള സാങ്കേതിക വിദ്യകൾ എന്തെല്ലാം ;

(സി) വകുപ്പിന്റെ ശാക്തികരണത്തിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

തൊണ്ടുസംഭരണം

2862. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ടുസംഭരണം ശക്തിപ്പെടുത്തുന്നതിന് ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) തൊണ്ടുസംഭരണ കൺസോർഷ്യങ്ങൾക്കു നൽകി വരുന്ന റിവോൾവിംഗ് ഫണ്ട് എത്രയാണ്; ഈ തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കയർ മേഖലയിലെ വൈവിധ്യ വത്കരണത്തിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്?

കയർ സഹകരണ സംഘങ്ങൾ

2863. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കയർ സഹകരണ സംഘങ്ങൾ ഉണ്ടെന്നു അറിയിക്കാമോ;

(ബി) ഇവയിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നു അറിയിക്കാമോ;

(സി) സഹകരണ സംഘങ്ങൾ ഭൂരിപക്ഷവും നിശ്ചലമാകുവാൻ എന്താണ് കാരണമെന്നു അറിയിക്കാമോ ?

കയർ കയറ്റുമതി പദ്ധതികൾ

2864. ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.ജി.സുധാകരൻ
,, എ.എം. ആരിഫ്
,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതികളും അവയുടെ പുരോഗതിയും വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ കയറ്റുമതിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം ;

(സി) കയറ്റുമതി പ്രോത്സാഹനത്തിനായി മേളകളും പ്രദർശനങ്ങളും നടത്തുകയുണ്ടായിട്ടുണ്ടോ ; ഇവയ്ക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കാമോ ;

(ഡി) വിദേശ കമ്പോളം കണ്ടെത്തുന്നതിനായി മന്ത്രിയും ഉദ്യോഗസ്ഥരും എത്ര പ്രാവശ്യം ഏതെല്ലാം വിദേശരാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി എന്നറിയിക്കാമോ ; ഇതിനായി എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(ഇ) ഈ കാലഘട്ടത്തിൽ കയറ്റുമതിയിലൂടെ എത്ര തുക നേടാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ ?

## കയർ തൊഴിലാളികൾക്ക് തൊഴിൽ

2865. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരിപക്ഷം കയർ തൊഴിലാളികൾക്കും തൊഴിൽ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർ തൊഴിലാളികൾക്ക് ജോലി നൽകാൻ നടപടി കൈക്കൊള്ളുമോ;

(സി) കയർ മേഖലയെ പുനരുദ്ധരിക്കാൻ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## കയർ തൊഴിലാളികൾക്ക് പെൻഷൻ

2866. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികൾക്ക് പെൻഷൻ യഥാസമയം നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കുടിശ്ശികയിനത്തിൽ വൈപ്പിൻ മണ്ഡലത്തിലെ എത്ര പേർക്കായി എത്ര രൂപ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പെൻഷൻ കുടിശ്ശിക എന്നത്തേയ്ക്ക് വിതരണം ചെയ്യാനാകുമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

## കയർ തൊഴിലാളികൾക്ക് പെൻഷൻ

2867. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെൻഷൻ ലഭിക്കുന്ന എത്ര കയർ തൊഴിലാളികളുണ്ട്;

(ബി) കയർ തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര കാലത്തെ പെൻഷൻ കുടിശ്ശികയുണ്ട് ;

(സി) പെൻഷൻ കുടിശ്ശിക നൽകുന്നതിന് എത്ര തുക വേണ്ടിവരും ;

(ഡി) പെൻഷൻ കുടിശ്ശികയാകാനുള്ള കാരണം വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി കയർ വകുപ്പിനെ ബാധിച്ചിട്ടുണ്ടോ ;

(എഫ്) കുടിശ്ശികയായ പെൻഷൻ തുക എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

<u>ചെറുകിട കയർ ഫാക്ടറി ഉടമകളുടെയും തൊഴിലാളികളുടെയും വായ്പകൾ എഴുതിത്തള്ളുന്നത്</u>

2868. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർമേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധികൾ മൂലം വായ്പയെടുത്ത് കയർഷെഡ്ഡുകളും ചെറുകിട കയർ ഫാക്ടറികളും മറ്റും തുടങ്ങിയ കയർ തൊഴിലാളികളുടെയും ചെറുകിട കയർ ഫാക്ടറി ഉടമകളുടെയും വായ്പകൾ എഴുതിത്തള്ളുന്നതിന് ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സഹകരണ ബാങ്കുകളിൽ നിന്നും ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും മറ്റും ഇപ്രകാരം എടുത്തിട്ടുള്ള വായ്പകളിൽ ഒരു ലക്ഷം വരെയുള്ളവ എഴുതിത്തള്ളുന്നതിനോ അവയുടെ പലിശ പൂർണ്ണമായും ഒഴിവാക്കുന്നതിനോ നിലവിൽ എന്തെങ്കിലും പദ്ധതികളുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം ഒരു പദ്ധതി നടപ്പിലാക്കുമോ?

<u>വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടികൾ</u>

2869. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ വിലക്കയറ്റം തടയുന്നതിന് വിപണി ഇടപെടലിനായി എത്ര തുക നീക്കിവച്ചിരുന്നെന്നും അതിന്റെ വിനിയോഗവും

അറിയിക്കാമോ;

(ബി) അവശ്യസാധനങ്ങളുടെ വിലക്കയറ്റം തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം സംഭവിക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ സാഹചര്യത്തിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ; ഇതിന്റെ ഫലമായി മാർക്കറ്റിൽ വന്നു ചേർന്നിട്ടുള്ള ഫലങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>സബ് സിഡി നിരക്കിൽ മണ്ണെണ്ണ</u>

2870. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖലയിലൂടെ പാചക ആവശ്യത്തിനും വിളക്ക് തെളിയിക്കുന്നതിനും മാത്രമാണ് കേന്ദ്ര സർക്കാർ സബ് സിഡി നിരക്കിൽ മണ്ണെണ്ണ നൽകുന്നതെന്നറിയാമോ;

(ബി) 31.12.2014 വരെ 3 മാസത്തെ ആവശ്യത്തിനായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മണ്ണെണ്ണ വിഹിതം എത്ര യെന്ന് വെളിപ്പെടുത്താമോ;

(സി) 2015 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ എത്ര കിലോ ലിറ്റർ മണ്ണെണ്ണയാണ് അനുവദിച്ചത്;

(ഡി) 2012-13ൽ കേന്ദ്രം അനുവദിച്ച മണ്ണെണ്ണ മത്സ്യബന്ധന ബോട്ടുകൾക്കും കാർഷിക ആവശ്യത്തിനും വക മാറ്റി വിൽപ്പന നടത്തിയതിനാൽ മണ്ണെണ്ണ വിഹിതം കേന്ദ്രം വെട്ടിക്കുറച്ചിട്ടുണ്ടോ;

(ഇ) കർണ്ണാടകം, തമിഴ്നാട്, ആന്ധ്ര, ബംഗാൾ എന്നീ സംസ്ഥാനങ്ങൾക്ക് നൽകുന്നരീതിയിൽ കേരളത്തിനും മണ്ണെണ്ണ വിഹിതം നൽകാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

<u>ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം</u>

2871. ശ്രീ.വി.ഡി.സതീശൻ

,, പാലോട് രവി

,, കെ.ശിവദാസൻ നായർ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന റേഷൻ വിതരണം സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്തെല്ലാം കാരണങ്ങളാണ് ഇത് നടപ്പാക്കാതിരിക്കാൻ കണ്ടെത്തിയിരിക്കുന്നത്;വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന റേഷൻ സമ്പ്രദായം അതേപടി നടപ്പാക്കാൻ എന്തെല്ലാം ബുദ്ധിമുട്ടുകളാണ് നിലവിലുള്ളത് ?

<u>പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷ</u>

2872. **ശ്രീ.**ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ സ്വീകരിക്കുന്നത് നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് നിർത്തിവെച്ചത് ;

(ബി) ഇനി എന്നു മുതൽ അപേക്ഷ സ്വീകരിച്ചു തുടങ്ങും;

(സി) അപേക്ഷ സ്വീകരിക്കുന്നത് പുന:സ്ഥാപിച്ച് റേഷൻ കാർഡ് അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

<u>വിപണി ഇടപെടൽ പദ്ധതി</u>

2873. **ശ്രീ.**കെ.ശിവദാസൻ നായർ

**,,** ടി.എൻ. പ്രതാപൻ

**,,** സി.പി.മുഹമ്മദ്

**,,** സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണി ഇടപെടൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) എന്തെല്ലാം സാധനങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ വിതരണം ചെയ്യാനുദ്ദേശിക്കുന്നത് ;

(സി) ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വില നിരക്കിൽ നൽകാൻ പ്രസ്തുത പദ്ധതിയിലൂടെ സൗകര്യമൊരുക്കുമോ ?

## ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറിയുടെ കീഴിൽ മരുന്നു പരിശോധന യൂണിറ്റ്

2874. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ലെ ബജറ്റിൽ ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറിയുടെ കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന മരുന്നു പരിശോധന യൂണിറ്റ് എവിടെയാണു സ്ഥാപിച്ചതെന്നും ആയത് ഇപ്പോൾ പ്രവർത്തന സജ്ജമാണോയെന്നും അല്ലെങ്കിൽ പ്രസ്തുത പരിശോധനാ യൂണിറ്റ് 2015 മാർച്ച് 31 നകം പ്രവർത്തനക്ഷമമാകുമോയെന്നും വിശദമാക്കുമൊ?

## റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം

2875. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ**

**ഡോ.എൻ. ജയരാജ്**

**ശ്രീ.പി.സി. ജോർജ്**

**,, റോഷി അഗസ്റ്റിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണ നടപടി ഏതുഘട്ടം വരെ എത്തിയെന്ന് വ്യക്തമാക്കുമോ ;

(ബി) കമ്പ്യൂട്ടർവൽക്കരണത്തിലൂടെ പൊതുവിതരണ സംവിധാനത്തിൽ സംഭവിക്കാവുന്ന മാറ്റം എന്തെന്ന് വ്യക്തമാക്കാമോ ;

(സി) റേഷൻ കാർഡുകളുടെ പരിഷ്കരണം വഴി ലക്ഷ്യമിടുന്നത് എന്താണെന്ന് വിശദമാക്കുമോ?

## നെല്ല് സംഭരണം

2876. **ശ്രീ.പി.എ.മാധവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ തുക മുഴുവനായി നല്കുവാൻ സാധിക്കാതത്തിനു കാരണം വ്യക്തമാക്കാമോ;

(ബി) നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക ഉടനെ വിതരണം

ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

<u>നെല്ല് സംഭരണം</u>

2877. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ രണ്ടാം കൃഷിയ്ക്ക് കുട്ടനാട്ടിലെ എത്ര നെൽ കർഷകരിൽ നിന്നും എത്ര ക്വിന്റൽ നെല്ല് സംഭരിച്ചുവെന്നും എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കുമോ;

(ബി) എത്ര തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വിളവെടുത്ത മുഴുവൻ നെല്ലും സിവിൽ സപ്ലൈസ് മുഖാന്തിരം സംഭരിച്ച് കർഷകരെ സഹായിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) നെൽ കർഷകരുടെ തുക നെൽ സംഭരണത്തിനു ശേഷം അടിയന്തരമായി ലഭ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി</u>

2878. ശ്രീ.ഹൈബി ഈഡൻ
,, ഐ.സി.ബാലകൃഷ്ണൻ
,, വർക്കല കഹാർ
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

<u>റേഷൻ കാർഡ് അപേക്ഷകർ</u>

2879. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡിനുവേണ്ടി എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും എത്ര പേരുടെ ഫോട്ടോ എടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടെന്നും ജില്ല അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) സ്ത്രീ കുടുംബാംഗങ്ങൾ ഇല്ലാത്ത എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ?

<u>ഭക്ഷ്യ സുരക്ഷാ നിയമം</u>

2880. ശ്രീ.റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്
ഡോ.എൻ. ജയരാജ്
ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമപ്രകാരം സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് മന്ത്രിസഭാ ഉപസമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>റേഷൻ കാർഡ് പുതുക്കൽ</u>

2881. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട പ്രയോഗിക വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2007 മുതൽ 2012വരെയുള്ള നിലവിലുള്ള റേഷൻകാർഡ് പുതുക്കൽ നടപടികൾ പൂർത്തീകരിച്ച് കഴിയുമ്പോൾ 8 വർഷത്തോളം ഉപയോഗിച്ചിരിക്കുമെന്ന വസ്തുത പരിഗണിച്ച് പുതുക്കുന്ന റേഷൻ കാർഡിന്റെ കാലാവധി 10 വർഷക്കാലമാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) തെറ്റുകൾ തിരുത്തുന്നതിനും അപേക്ഷ സമർപ്പിക്കുന്നതിനും പേരുകൾ മാറ്റുന്നതിനും അക്ഷയ വഴി ഓൺലൈനായി സൗകര്യങ്ങൾ ഏർപ്പെടുത്തുമോ?

റേഷൻ കടകളിൽ നിന്നും ഉപഭോക്താക്കൾക്ക് ലഭിക്കുന്ന ബിൽ

2882. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിൽ നിന്നും ഉപഭോക്താക്കൾക്ക് ലഭിക്കുന്ന ബിൽ കൃത്യമായും വ്യക്തമായും രേഖപ്പെടുത്തി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

നെല്ല് സംഭരണത്തിലെ കാര്യക്ഷമത

T 2883. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നെല്ല് സംഭരണം കാര്യക്ഷമമല്ല എന്ന കർഷക സംഘടനകളുടെ ആക്ഷേപം സംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കുമോ;

(ബി) നെൽകർഷകന് ഇപ്പോൾ ലഭിക്കുന്ന സംഭരണ വില എത്രയെന്നും ഉൽപ്പാദനച്ചെലവിന്റെ വർദ്ധനയ്ക്ക് അനുസരിച്ച് നെല്ലിന്റെ സംഭരണവില 25 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) സപ്ലൈകോയുടെ നെല്ല് സംഭരണം കാര്യക്ഷമമാക്കാനും സംഭരണവില യഥാസമയം കർഷകന് ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ?

മാവേലി സ്റ്റോറുകൾ വഴി വിറ്റഴിച്ച ഭക്ഷ്യോൽപ്പന്നങ്ങൾ

2884. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ 2015 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മാവേലി സ്റ്റോറുകൾ വഴി വിറ്റഴിച്ച ഭക്ഷ്യോൽപ്പന്നങ്ങളുടെ അളവ് എത്രയെന്ന് വിശദമാക്കാമോ;

(ബി) ഈ വർഷങ്ങളിൽ സപ്ലൈകോയുടെ മറ്റ് ഔട്ട് ലെറ്റുകൾ വഴി വിറ്റഴിച്ച

ഭക്ഷ്യോൽപ്പന്നങ്ങളുടെ അളവ് എത്രയെന്ന് അറിയിക്കാമോ;

(സി) 2010-11, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ സപ്ലൈകോയുടെ പൊതുവിതരണ ശൃംഖലവഴി വിറ്റഴിച്ച സബ്സിഡിയുള്ള ഭക്ഷ്യോൽപ്പന്നങ്ങളുടെ വില വിവരം ലഭ്യമാക്കാമോ?

മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റുന്നതിന് നടപടി

2885. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളെ ആധുനിക സൗകര്യങ്ങളോട് കൂടിയ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര മാവേലി സ്റ്റോറുകളിലാണ് ആദ്യഘട്ടത്തിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത്;

(സി) കൊണ്ടോട്ടി നഗരത്തിലുള്ള മാവേലി സ്റ്റോറിനെ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സപ്ലൈകോ നിത്യോപയോഗ സാധനങ്ങളുടെ വില

2886. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ 2014 മാർച്ചിലെ വിലയും ഇപ്പോഴത്തെ വിലയും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സപ്ലൈകോയിലെ വില നിലവാരം എത്ര കണ്ടാണ് വർദ്ധിപ്പിച്ചതെന്നു വ്യക്തമാക്കാമോ ?

സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഇനങ്ങളുടെ സബ്സിഡി

2887. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോയിൽ വിതരണം ചെയ്യുന്ന എതെല്ലാം സബ്സിഡി സാധനങ്ങൾക്കാണ് വില വർദ്ധിപ്പിച്ചതെന്നും എത്ര തവണ എത്ര ശതമാനം വീതമാണ് വില വർദ്ധനവ് നടപ്പാക്കിയതെന്നും

വ്യക്തമാക്കുമോ;

(ബി) നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോ വഴി വിതരണം ചെയ്യുന്നതിന് 2014-15 വർഷം എത്ര കോടി രൂപയാണ് സബ്സിഡിയ്ക്കായി വകയിരുത്തിയതെന്നും വ്യക്തമാക്കുമോ;

(സി) സബാസിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് ക്ഷാമം ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## സപ്ലൈകോ ഡിപ്പോകളിൽ ക്രമക്കേടുകൾ

2888. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 വർഷത്തിനിടെ സപ്ലൈകോയുടെ ഏതെല്ലാം ഡിപ്പോകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു ; എത്ര കോടി രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയതെന്ന് അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആർക്കതിരെയെല്ലാമാണ് നടപടിയെടുത്തത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) പാലക്കാട് ജില്ലയിലെ ഏതെങ്കിലും സപ്ലൈകോ മാർക്കറ്റിൽ ക്രമക്കേട് കണ്ടെത്തിയോ ; വിശദാംശം ലഭ്യമാക്കാമോ ; ആർക്കെതിരെയെല്ലാമാണ് നടപടിക്രമങ്ങൾ സ്വീകരിച്ചത് ; വിശദാംശം നൽകാമോ ?

## സപ്ലൈകോ-വിലവർദ്ധന

2889. ശ്രീ.എം.എ.ബേബി
,, വി.ചെന്താമരാക്ഷൻ
,, കെ.രാധാകൃഷ്ണൻ
,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന അവശ്യവസ്തുക്കളുടെ വില അടുത്ത കാലത്തായി വർദ്ധിപ്പിക്കുകയുണ്ടായോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം ഇത്തരത്തിൽ വില വർദ്ധിപ്പിക്കുകയുണ്ടായി എന്നറിയിക്കാമോ;

(സി) സബ്സിഡിയിനത്തിൽ സർക്കാരിൽ നിന്ന് സപ്ലൈകോയ്ക്ക് എത്ര രൂപയാണ്

ലഭിക്കാനുള്ളത്;

(ഡി) ഇത് ലഭിക്കാത്തത് കാരണം സപ്ലൈകോ വഴി അവശ്യ സാധനങ്ങൾ ലഭ്യമാക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ?

## സപ്ലൈകോ വഴി നെല്ല് സംഭരണം

2890. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ സപ്ലൈകോ വഴി കർഷകരിൽ നിന്നും സംഭരിച്ചിരുന്ന നെല്ലിന് കിലോയ്ക്ക് എത്ര രൂപയാണ് നൽകിയിരുന്നത്;

(ബി) 2015-ൽ എത്ര രൂപയ്ക്കാണ് കർഷകരിൽ നിന്നും നെല്ല് വാങ്ങുന്നത്;

(സി) കാർഷിക ചെലവും രാസവളങ്ങളുടെ വിലക്കയറ്റവും മൂലം കർഷകർ വലിയ തോതിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന സമയത്ത് നെല്ലിന്റെ സംഭരണവില കുറയ്ക്കാനുണ്ടായ സാഹചര്യം എന്താണ്; വിശദാംശം വ്യക്തമാക്കാമോ?

## ന്യായവില ഹോട്ടലുകൾ

2891. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ നിയന്ത്രണത്തിലുള്ള എത്ര ന്യായവില ഹോട്ടലുകൾ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്നുണ്ട്; ഇതിന് സപ്ലൈകോ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; കൂടുതൽ മാവേലി ഹോട്ടലുകൾ ആരംഭിച്ച് കുറഞ്ഞ വിലയ്ക്ക് ആഹാരം നൽകുന്നതിന് തയ്യാറാകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ന്യായവില ഹോട്ടലുകൾ തുടങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര ഹോട്ടലുകൾ എവിടെയെല്ലാമാണ് തുടങ്ങിയിട്ടുള്ളതെന്നും അവയിൽ എത്ര എണ്ണം പൂട്ടിപ്പോയെന്നും വെളിപ്പെടുത്തുമോ; പൂട്ടിയതിന്റെ കാരണം വിശദമാക്കുമോ;

(സി) ദിനംപ്രതി സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണത്തിനായി എത്തുന്ന ആളുകളെ ഹോട്ടലുടമകളുടെ ചൂഷണത്തിൽ നിന്നും വിമുക്തരാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(ഡി) ഇതിനാവശ്യമായ നിയമനിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

## നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കുവാൻ നടപടി

2892. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് എന്തു തുക നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കർഷകർ ഉല്പാദിപ്പിച്ച മുഴുവൻ നെല്ലും സംഭരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) വർദ്ധിച്ച ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ സംഭരണ വില വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

2893. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങൾക്ക് ഉത്സവ കാലയളവിൽ ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## പുറത്തൂർ പടിഞ്ഞാറെക്കരയിൽ പുതിയ മാവേലി സ്റ്റോർ

2894. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) തവനൂർ മണ്ഡലത്തിലെ പുറത്തൂർ പടിഞ്ഞാറെക്കരയിൽ പുതുതായി മാവേലി സ്റ്റോർ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

## വെഹിക്കിൾ ട്രാക്കിംസ് സിസ്റ്റം

2895. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, ഷാഫി പറമ്പിൽ

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ വിതരണത്തിനായി വെഹിക്കിൾ ട്രാക്കിംസ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ ;

(സി) പൊതു വിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും കടത്തികൊണ്ടുപോകുന്നത് ഒഴിവാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത സിസ്റ്റത്തിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ഏതെല്ലാം ഏജൻസികളുമായാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

## കോർപ്പറേഷൻ ഉന്നതോദ്യോഗസ്ഥരുടെ പുനർനിയമനം

2896. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, കെ.കുഞ്ഞിരാമൻ **(ഉദുമ)**

,, പി.ടി.എ. റഹീം

,, സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ അവലോകനം ഏറ്റവും ഒടുവിൽ നടത്തിയത് എപ്പോഴാണ്; വിശദമാക്കാമോ; വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ കോർപ്പറേഷന് നിലവിലുള്ള പങ്ക് കുറഞ്ഞുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) കോർപ്പറേഷനിൽ ഉന്നതോദ്യോഗസ്ഥരിൽ പുനർനിയമനം നേടിയവർ എത്ര പേരുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇത്രയും പുനർനിയമനം നടത്താനുള്ള സാഹചര്യം എന്താണെന്ന് അറിയിക്കാമോ;

(ഡി) ഇത്തരം പുനർനിയമനം കാരണം വകുപ്പിൽ പുതുതായി നിയമനം നടക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഇ) ഉന്നതോദ്യോഗസ്ഥരിൽ പുനർനിയമനം നൽകുക വഴി വമ്പിച്ച സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

<u>ഭക്ഷ്യസുരക്ഷാ നിയമം</u>

2897. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ച് ഭക്ഷ്യധാന്യം നൽകാൻ കഴിയാതെ വരികയാണെങ്കിൽ അതിന് പരിഹാരമായി ലഭിക്കുന്ന തുക എത്രയെന്ന് വിശദീകരിക്കുമോ ;

(ബി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമ്പോൾ ഇപ്പോൾ ഉള്ളതിൽ നിന്നും അധികമായി ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന ഭക്ഷ്യധാന്യങ്ങൾ</u>

2898. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ നടപ്പാക്കിത്തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് നടപ്പാക്കിത്തുടങ്ങിയത്; ഇല്ലെങ്കിൽ എന്നുമുതൽ നടപ്പാക്കും;

(ബി) ഭക്ഷ്യസുരക്ഷാ നിയമപ്രകാരം കേരളത്തിലെ വ്യത്യസ്ത റേഷൻകാർഡുകൾ ഉള്ളവർക്ക് ലഭിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് വ്യക്തമാക്കുമോ;

(സി) പുതിയ നിയമപ്രകാരം എ.പി.എൽ., ബി.പി.എൽ. തുടങ്ങി വേർതിരിവുള്ള റേഷൻ കാർഡുകൾ ഉണ്ടാകുമോ; ഇല്ലെങ്കിൽ പാവപ്പെട്ടവർക്ക് നിലവിൽ ലഭിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് കുറയാതിരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമ്പോൾ ഏതെങ്കിലും റേഷൻ കാർഡ് ഉടമയ്ക്ക് നിലവിൽ ലഭിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിൽ കുറവ് വരുമോ; വരുമെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>സംസ്ഥാനത്തിന് അനുവദിച്ച റേഷൻ വിഹിതം</u>

2899. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11 വർഷം മുതൽ 2014-15 വർഷം വരെ ഓരോ വർഷവും സംസ്ഥാനത്തിന് അനുവദിച്ച റേഷൻ വസ്തുക്കളുടെ അളവ് എത്രയെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്രം അനുവദിച്ച റേഷൻ വിഹിതം ഏറ്റെടുക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ ഓരോ വർഷത്തേയും ഇനം തിരിച്ചുള്ള അളവ് എത്രയെന്ന് വ്യക്തമാക്കാമോ?

## സപ്ലൈകോയിൽ സാധനങ്ങൾ പായ്ക്ക് ചെയ്യുന്നതിന് കരാർ

2900. **ശ്രീമതി.ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ കടുക്, ജീരകം, ഉലുവ എന്നീ സാധനങ്ങൾ പായ്ക്ക് ചെയ്യുന്നതിന് സ്വകാര്യ കമ്പനിയ്ക്ക് കരാർ നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 100 ഗ്രാം കടുക്, 100 ഗ്രാം ജീരകം, 100ഗ്രാം ഉലുവ എന്നിവ പായ്ക്ക് ചെയ്യുന്നതിന് നല്കുന്ന തുക എത്ര വീതം; ഇതേ സാധനങ്ങൾ സപ്ലൈകോയിലെ തൊഴിലാളികൾ പായ്ക്ക് ചെയ്യുന്നതിന് നല്കുന്ന കൂലി എത്ര;

(ബി) തൊഴിലാളികൾ ആവശ്യപ്പെട്ട കൂലി എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ കമ്പനിക്ക് വർക്ക് ഓർഡർ നല്കുവാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ കമ്പനിയ്ക്കക്ക് പ്രസ്തുത വർക്ക് ഓർഡർ നല്കിയതുമൂലം സപ്ലൈകോയ്ക്ക് ഉണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;വിശദമാക്കുമോ ?

## മാവേലിസ്റ്റോറുകൾ മുഖേന അവശ്യ സാധനങ്ങൾ

2901. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങളുടെ വില അനിയന്ത്രിതമാംവണ്ണം ഉയർന്നുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മാവേലിസ്റ്റോറുകൾ മുഖേന സബ്സിഡി നിരക്കിൽ ഗുണനിലവാരമുള്ള പലവ്യഞ്ജനങ്ങളും അരിയും യഥേഷ്ടം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഗ്യാസ് സിലിണ്ടറുകളുടെ സുരക്ഷിതമായ കൈകാര്യം</u>

2902. ശ്രീ.കെ.ശിവദാസൻ നായർ
,, ഐ.സി.ബാലകൃഷ്ണൻ
,, വർക്കല കഹാർ
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പാചകവാതക സിലിണ്ടറുകൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും അപകടങ്ങൾ ഇല്ലാതാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഉപഭോക്താക്കൾക്ക് ബന്ധപ്പെടുവാൻ ടോൾ ഫ്രീ നമ്പർ അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മൊബൈൽ നമ്പർ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പാചക വാതകം സുഗമമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ?

<u>പാചകവാതക വിതരണം</u>

2903. ശ്രീ.കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിതരണം നടത്തുന്ന ഏജൻസികൾ പുതുതായി ഗ്യാസ് കുറ്റി വാങ്ങുന്നവരിൽനിന്നും നിർബന്ധമായി മറ്റ് വീട്ടുപകരണങ്ങൾ കൂടി വാങ്ങിപ്പിക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) പാചകവാതക വിതരണം സുഗമമായി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ചുരുക്കി പറയാമോ ?

<u>പാചകവാതക സബ്സിഡി</u>

2904. ശ്രീ.എ.കെ.ബാലൻ
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.ടി.വി.രാജേഷ്
,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ സബ്സിഡി ലഭിച്ചിരുന്ന മുഴുവൻ പാചകവാതക ഉപഭോക്താക്കൾക്കും ബാങ്ക് വഴി സബ്സിഡി ലഭിക്കുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ടോ;

(ബി) ആകെ പാചകവാതക ഉപഭോക്താക്കളുടെ എണ്ണമെത്ര; ഇതിൽ നിലവിൽ സബ്സിഡി ലഭിക്കുന്നവരുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര; പുതിയ സംവിധാനം നിലവിൽ വരുന്നതിനു മുമ്പ് സബ്സിഡി ലഭിച്ചിരുന്നവരുടെ എണ്ണമെത്രയായിരുന്നു;

(സി) ആധാർ ബാങ്കുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഉപഭോക്താക്കൾക്ക് മുഴുവൻ വില നൽകിയാലും സിലിണ്ടർ ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പാചകവാതക ഏജൻസികൾക്ക് നിർദ്ദേശം നൽകിയതായി അറിയാമോ;

<u>ഉപഭോക്തൃ കോടതികൾ</u>

2905. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ജില്ലകളിലാണ് ഉപഭോക്തൃ കോടതികൾക്ക് സ്വന്തമായി കെട്ടിടമില്ലാത്തത് എന്ന് വ്യക്തമാക്കുമോ ;

(ബി) 2014-ൽ ഓരോ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലും എത്ര പരാതികൾ വീതം ലഭിച്ചുവെന്നും എത്ര പരാതികളിൽ തീർപ്പുകൽപ്പിച്ചുവെന്നും വ്യക്തമാക്കുമോ ?

<u>സ്വകാര്യ പെട്രോൾ പമ്പുകൾ വഴി വിതരണം ചെയ്യുന്ന പെട്രോളിന്റെ ഡീസലിന്റെയും ഗുണനിലവാരമില്ലായ്മ</u>

2906. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പെട്രോൾ പമ്പുകൾ വഴി വിതരണം ചെയ്യുന്ന പെട്രോളിന്റെയും ഡീസലിന്റെയും ഗുണനിലവാരമില്ലായ്മ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ പെട്രോൾ പമ്പുകളിൽ അളവിൽ കൃത്രിമം കാണിയ്ക്കുന്നതുമൂലം വാഹന ഉടമകൾക്ക് നഷ്ടമുണ്ടാകുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം പമ്പുകൾ വഴി വിതരണം ചെയ്യുന്ന പെട്രോൾ, ഡീസൽ മുതലായവയുടെ ഗുണനിലവാരവും അളവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പരിശോധനകളാണ് നടത്തിവരുന്നത്; 2014 -ൽ ഇതു സംബന്ധിച്ച് എത്ര പമ്പുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ?

<u>പാചകവാതക സിലിണ്ടറിന്റെ വിതരണത്തിലുള്ള ക്രമക്കേടുകൾ</u>

2907. ശ്രീ.എം.എ. വാഹീദ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ

,, തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചക വാതക ടാങ്കർ തൊഴിലാഴികളുടെയും ഗ്യാസ് ഫില്ലിംങ് തൊഴിലാളികളുടെയും സമരം കാരണം പാചകവാതക വിതരണം പലപ്പോഴും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പാചകവാതക ഫില്ലിംങ്, വിതരണ ജോലികൾ അവശ്യ സർവ്വീസായി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ;

(സി) പാചകവാതക സിലിണ്ടറിന്റെ വിതരണത്തിലുള്ള ക്രമക്കേടുകൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

<u>സബ് രജിസ്ട്രാർ ഓഫീസുകളിൽ ജീവനക്കാരുടെ ക്ഷാമം</u>

2908. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് മൂലം ഓൺലൈൻ രജിസ്ട്രേഷനും സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതിനും ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ആറ്റിങ്ങൽ, കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ; ഇതിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുകയാണെന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ ;

(സി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഓഫീസിൽ ആവശ്യത്തിനു ജീവനക്കാരില്ലാത്തത് മൂലം സഹകരണ വകുപ്പിന്റെ ആശ്വാസ് പദ്ധതിക്കും മറ്റും ബാദ്ധ്യതാ സർട്ടിഫിക്കറ്റുൾപ്പെടെയുള്ളത് ലഭ്യമാകുന്നതിന് താമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

## മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് പരിധി പുനർനിർണ്ണയം

2909. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് പരിധി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ;

(ബി) ഇതു സംബന്ധിച്ച് ജില്ലാകളക്ടറുടേയും ജില്ലാ രജിസ്ട്രാറുടേയും റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ രജിസ്ട്രേഷൻ ഐ.ജി. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ ?

## കോടക്കൽ സബ് രജിസ്ട്രാർ ഓഫീസ്

2910. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കോടക്കൽ സബ് രജിസ്ട്രാർ ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് കൊണ്ടിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമിയും മറ്റു സൗകര്യങ്ങളും ഒരുക്കുന്നതിന് സർക്കാർ സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിയ്ക്കുന്നതിനുള്ള സഹായം നൽകാൻ

നടപടി സ്വീകരിക്കുമോ

<u>രജിസ്ട്രേഷൻ വകുപ്പിലെ നൈറ്റ് വാച്ചർ നിയമനം</u>

2911. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിൽ നൈറ്റ് വാച്ചർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തസ്തികയിൽ ഏതെങ്കിലും സ്വകാര്യ ഏജൻസി വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>സർക്കാരാവശ്യത്തിന് വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ്</u>

2912. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങൾക്ക വേണ്ടി ഭൂമി വാങ്ങുമ്പോൾ രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കി കിട്ടുന്നതിന് വേണ്ടിയുള്ള നടപടികളിൽ വലിയ കാലതാമസമുണ്ടാകുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ആവശ്യത്തിന് വാങ്ങുന്ന ഭൂമിയ്ക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കി പൊതുവായ ഉത്തരവിറക്കാൻ നടപടി സ്വീകരിക്കുമോ?

<u>അരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ</u>

2913. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയിരുന്നത്; ഓരോ പദ്ധതികളുടെയും പ്രവർത്തന പുരോഗതി ലഭ്യമാക്കുമോ?

<u>കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുള്ള റോഡ് പദ്ധതികൾ</u>

2914. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഏതെല്ലാം റോഡ് പദ്ധതികൾക്കാണ് കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുള്ളത്;

(ബി) ഓരോ പദ്ധതിക്കും എന്ത് തുക വീതമാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്;

(സി) കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ച എത്ര പ്രവൃത്തികൾ ഇതിനകം ആരംഭിച്ചു; എത്ര പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞു; ഇനിയും ആരംഭിച്ചിട്ടില്ലാത്ത പദ്ധതികളുണ്ടോ; എങ്കിൽ കാരണം അറിയിക്കാമോ;

(ഡി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ഏതെങ്കിലും ഫണ്ട് ഉപയോഗിക്കാനാകാതെ ലാപ്സായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ?

## <u>അശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

2915. ശ്രീ.ആർ . സെൽവരാജ്

,, ഹൈബി ഈഡൻ

,, അൻവർ സാദത്ത്

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ അശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) അമിനിറ്റീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടങ്ങളിൽ ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## <u>കാലടിയിൽ നടപ്പാത നിർമ്മാണം</u>

2916. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടിയിൽ ശിവരാത്രിക്കും കർക്കിടകവാവിനും എത്തിച്ചേരുന്ന തീർത്ഥാടകരുടെ ബുദ്ധിമുട്ടുകളും താല്ക്കാലിക നടപ്പാതക്കായി ഓരോ വർഷവും ഉണ്ടാകുന്ന ചെലവും

കണക്കിലെടുത്ത് പെരിയാർ നദിക്ക് കുറുകെ കാലടി കടവിൽ നിന്നും കാലടി ശിവരാത്രി മണപ്പുറത്തേക്ക് സ്ഥിരമായ നടപ്പാത നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ

2917. **ശ്രീ.**ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ബൈപ്പാസ് നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ?

## നെല്ലിക്കുന്ന്-കടപ്പുറം പാലം

2918. **ശ്രീ.** എൻ **.**എ**.**നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് നെല്ലിക്കുന്ന്-കടപ്പുറം പാലത്തിനു തറക്കല്ലിട്ടതും പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തതും എപ്പോഴാണ്;

(ബി) പാലത്തിന്റെ നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ ആരാണ്; എത്ര തുകയ്ക്കാണ് കരാർ നൽകിയത്; കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കിയിരുന്നോ;

(സി) കരാറുകാരന് ഇതുവരെ എത്ര തുക നൽകി; എനി എത്ര തുക നൽകാൻ ബക്കിയുണ്ട്; അത് എപ്പോൾ നൽകും; വിശദമാക്കാമോ ?

## ഇ-ടെണ്ടറിംഗ് സംവിധാനം

2919. **ശ്രീ.**പാലോട് രവി

**,,** ഷാഫി പറമ്പിൽ

**,,** കെ**.**മുരളീധരൻ

**,,** സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ സംവിധാനം വഴി ലഭ്യമാക്കുന്ന സൗകര്യങ്ങൾ വിശദമാക്കുമോ;

(സി) ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സഹകരിക്കുന്നത് ആരൊക്കെയാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

<u>എം. എൽ. എ. - എ.ഡി.എസ് കെട്ടിടങ്ങളുടെ നിർമ്മാണം</u>

2920. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ എം. എൽ. എ. - എ. ഡി. എസ്. വഴി നാളിതുവരെയായി പുതിയ ബിൽഡിംഗുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചവ ഏതെല്ലാമാണ്;

(ബി) ഭരണാനുമതി ലഭിച്ചതിനുശേഷം തുടർനടപടി പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചവ ഏതെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെയായി തുടർ നടപടികൾ പൂർത്തിയാക്കാത്ത എത്ര പ്രവൃത്തികൾ ഉണ്ട്; വിശദാംശം നൽകുമോ;

(ഡി) എങ്കിൽ ഇവയുടെ തുടർനടപടികൾ അടിയന്തരമായി പൂർത്തീകരിച്ച്, പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>എം.സി റോഡിന്റെ പരിഷ്കരണം</u>

2921. **ശ്രീ.സി.എഫ്.തോമസ്**

**,,** മോൻസ് ജോസഫ്

**,,** റ്റി.യു. കുരുവിള

**,,** തോമസ് ഉണ്ണിയാടൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഹൈവേ ഒന്ന്-എം.സി റോഡിന്റെ ചെങ്ങന്നൂർ മുതലുള്ള പരിഷ്കരണത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം എന്നത്തേക്ക് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>കെ.എസ്.റ്റി .പി. റോഡ് വികസനം</u>

2922. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി .പി റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ വിശദമാക്കുമോ;

(ബി) കെ.എസ്.റ്റി .പി. യ്ക്കായി ഭൂമി ഏറ്റെടുത്തിട്ടും നിർമ്മാണം ആരംഭിക്കാത്ത റോഡുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കെ.എസ്.റ്റി .പി റോഡ് വികസന പ്രവർത്തനങ്ങൾ ആകെ എത്ര ഘട്ടങ്ങളായാണ് വിഭാവനം ചെയ്തിട്ടുള്ളത്; അവയിൽ എത്ര ഘട്ടങ്ങൾ പൂർത്തീകരിച്ചു; അതിന് ചെലവായ തുക എത്രയാണ്;വിശദമാക്കുമോ;

(ഡി) അവശേഷിക്കുന്ന ഘട്ടങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## നഗര റോഡ് വികസന പദ്ധതി

2923. **ശ്രീ.ലൂഡി ലൂയിസ്**

**,, ആർ . സെൽവരാജ്**

**,, ഐ.സി.ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര റോഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി നേടാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എല്ലാ നഗരങ്ങളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## ഹബ് സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

2924. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ബ്ല്യു.ഡി റോഡുകളിൽ ഹബ് സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണന്ന് വിശദമാക്കാമോ; ഈ പ്രവൃത്തി ആരാണ് ചെയ്യുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ പി.ബ്ല്യു.ഡി. റോഡിൽ സ്വകാര്യ വ്യക്തികൾ ഹബ് സ്ഥാപിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നീക്കം ചെയ്യുന്നതിന്

നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ ഹബ്ബുകളിൽ അപകടത്തിൽപ്പെടുന്നവർക്കും വാഹനങ്ങൾക്കും ഉള്ള നഷ്ടപരിഹാരം ഇത് സ്ഥാപിച്ചവരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

## റോഡ് നിർമ്മാണത്തിനുള്ള ബദൽ മാർഗ്ഗങ്ങൾ

2925. ശ്രീ.റ്റി.എ.അഹമ്മദ് കബീർ
,, വി.എം.ഉമ്മർ മാസ്റ്റർ
,, പി.കെ.ബഷീർ
,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് നിർമ്മാണരീതിക്ക് എന്തെങ്കിലും ബദൽ മാർഗ്ഗം പരീക്ഷിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതിനായി ചൈനീസ് സാങ്കേതികവിദ്യ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) രാജഭരണ കാലത്ത് തിരുവതാംകൂറിൽ നിർമ്മിച്ചിരുന്ന കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണച്ചെലവ്, നിലവാരം , ഉപയോഗക്ഷമത എന്നിവയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ?

## റോഡ് ഇൻഫ്രാസ്ട്രക്ചകമ്പനി

2926. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി (റിക്) മുഖേന എവിടെയെല്ലാമാണ് റോഡ് വികസന പദ്ധതികൾ ആരംഭിച്ചിട്ടുള്ളത്;പുതുതായി എത്ര പദ്ധതികൾ ആണ് റിക് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിയ്ക്കുമോ?

## ദേശീയ പാത വികസനം

T 2927. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുത്തു നൽകാത്തതിനാൽ ദേശീയപാത വികസനം തടസ്സപെട്ടിട്ടുണ്ടോ

(ബി) വടക്കഞ്ചേരി മണ്ണുത്തി ദേശീയപാതയുടെ നിർമ്മാണം പൂർണ്ണമായി സ്തംഭിച്ചതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) നിർമ്മാണം സ്തംഭിക്കുവാനുണ്ടായ കാരണം വ്യക്തമാക്കുമോ ?

<u>കോർ റോഡ് നെറ്റ് വർക്ക് പദ്ധതി</u>

2928. ശ്രീ.പി.സി. ജോർജ്

,, റോഷി അഗസ്റ്റിൻ

,, എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർ റോഡ് നെറ്റ് വർക്ക് പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സംവിധാനം വ്യക്തമാക്കുമോ?

<u>കോർ റോഡ് നെറ്റ് വർക്ക് പദ്ധതി</u>

2929. ശ്രീ.ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ആർ . സെൽവരാജ്

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർ റോഡ് നെറ്റ് വർക്ക് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഏറ്റവും പ്രാധാന്യമുള്ള റോഡുകളെ കണ്ടെത്തി റോഡ് ശൃംഖല വികസിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) ലോകബാങ്ക് എന്തെല്ലാം സഹായങ്ങളാണ് ഇതിന് വേണ്ടി നൽകുന്നതെന്നു അറിയിക്കാമോ?

## കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയ പ്രവൃത്തികൾ

2930. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രവൃത്തികൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഈ പ്രവൃത്തികൾക്കെല്ലാം കൂടി എന്ത് തുക വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) കോർപ്പറേഷന് അനുവദിച്ച പ്രവൃത്തികളുടെ അടങ്കൽ തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികളുടെ; എത്ര ശതമാനം വർദ്ധനവാണ് നൽകിയതെന്നറിയിക്കുമോ;

(സി) അടങ്കൽ വർദ്ധിപ്പിച്ച് നൽകുക വഴി എത്ര രൂപയാണ് കോർപ്പറേഷന് അധികമായി നൽകേണ്ടി വന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏറ്റെടുത്ത പ്രവൃത്തികൾ കോർപ്പറേഷൻ മറിച്ചു നൽകുകയണോ ചെയ്യുന്നത്; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;പ്രസ്തുത ജോലികൾ സ്വകാര്യ കോൺട്രാക്ടർമാരാണോ ചെയ്തു തീർക്കുന്നത്;.. വ്യക്തമാക്കുമോ?

## ദേശീയ നിലവാരത്തിൽ റോഡ് നിർമ്മാണം

2931. ശ്രീ.എം.പി.വിൻസെൻറ്

,, വർക്കല കഹാർ

,, ഹൈബി ഈഡൻ

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും വിശദാംശങ്ങളും വ്യക്തമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളും ഗുണനിലവാരവുമാണ് ഇതുവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ?

## ശബരിമല പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം

2932. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തിരുവാഭരണ പാതയിലുള്ള പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം എന്നാണാരംഭിച്ചത്; ഇതിന്റെ നിർമ്മാണം ഇപ്പോഴും പൂർത്തിയാക്കാതെ കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇപ്പോൾ ഇതിന്റെ നിർമ്മാണത്തിന്റെ കരാർ ആർക്കാണ് ലഭിച്ചിട്ടുള്ളത്, എന്നുമുതലാണ് നിർമ്മാണം ആരംഭിച്ചത്, എത്ര തുകയാണ് ഇപ്പോൾ പാലത്തിന് അനുവദിച്ചിട്ടുള്ളത് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കരാർ പ്രകാരം നിർമ്മാണം എന്നാണ് പൂർത്തിയാക്കേണ്ടത്;എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതേ വരെ നടത്തിയിട്ടുള്ളത്; ഇനിയും എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് പൂർത്തിയാകാതെ കിടക്കുന്നത് എന്നീ വിവരങ്ങൾ അറിയിക്കാമോ;

(സി) ഇപ്പോൾ നിർമ്മാണം നിർത്തി വെച്ചിരിക്കുകയാണോ എന്നുംഎങ്കിൽ ഇതിന്റെ കാരണം എന്താണെന്നും എന്നത്തേക്ക് പുനരാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ഡി) പമ്പാനദിയിലെ ജലനിരപ്പ് കുറഞ്ഞിരിക്കുന്ന ഈ വേനൽക്കാലത്ത് ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>കോതായി തോട് പാലത്തിന്റെയും അപ്രോച്ച് റോഡിനുമായുള്ള സ്ഥലമെടുപ്പ്</u>

2933. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ഞപ്ര - അയ്യമ്പുഴ റോഡിൽ ശോചനീയാവസ്ഥയിലായിരിക്കുന്ന കോതായി തോട് പാലത്തിന്റെയും അപ്രോച്ച് റോഡിനുമായുള്ള സ്ഥലമെടുപ്പ് നടപടികൾ എന്നാണ് ആരംഭിച്ചത്;

(ബി) ഇതിനായി എത്ര സ്ഥലമാണ് ഏറ്റെടുക്കുന്നത്; ഇതിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കിയോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം വിശദമാക്കാമോ;

(ഇ) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ

സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ലാന്റ് അക്വിസിഷൻ</u>

2934. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ ലാന്റ് അക്വസിഷൻ നടപടികളിലൂടെ പൊതുമരാമത്ത് വകുപ്പിന്റെ ഏതൊക്കെ പദ്ധതികൾക്ക് ഭൂമി അക്വയർ ചെയ്തുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെയെന്നും ആയത് അക്വയർ ചെയ്യുന്നതിന് എപ്പോഴാണ് റവന്യൂ വകുപ്പിൽ അപേക്ഷ സമർപ്പിച്ചതെന്നും വ്യക്തമാക്കുമോ ?

<u>കാവാലം തട്ടാശ്ശേരി പാലം നിർമ്മാണം</u>

2935. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവാലം തട്ടാശ്ശേരി പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന് ഭൂമി അക്വയർ ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

<u>കൊല്ലം-തേനി ദേശീയപാത നിർമ്മാണം</u>

2936. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി ദേശീയപാത ഹൈസ്കൂൾ ജംഗ്ഷൻ മുതൽ കടപുഴ പാലം വരെയുള്ള ഭാഗത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നറിയിക്കാമോ;

(സി) ഹൈസ്കൂൾ ജംഗ്ഷൻ മുതൽ കടപുഴ പാലം വരെയുള്ള ഭാഗത്ത് അറ്റകുറ്റ പണികൾ നടത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്കനുവദിച്ച തുക എത്രയെന്നറിയിക്കാമോ?

<u>അഞ്ചൽ ബൈപാസ് റോഡ് നിർമ്മാണം</u>

2937. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട അഞ്ചൽ ബൈപാസ് റോഡ് നിർമ്മാണത്തിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര തുക അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണം പൂർത്തീകരിക്കുന്നതിലേക്കാവശ്യമായ ബാക്കി തുക അനുവദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ടി തുക അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

<u>നാഷണൽ ഹൈവേകളുടെ വികസനം</u>

2938. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കാത്തതിനാൽ ഏതൊക്കെ റോഡുകളുടെ വികസനപ്രവർത്തനങ്ങളാണ് നാഷണൽ ഹൈവേ അതോറിറ്റി ഉപേക്ഷിച്ചതെന്ന് വ്യക്തമാക്കുമോ?

<u>തിരൂർ പൊന്മുണ്ടം ബൈപാസ്സ്</u>

2939. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ പൊന്മുണ്ടം ബൈപാസിന്റെ നാലാംഘട്ട പ്രവൃത്തി ഏത് ഘട്ടത്തിലാണ്;

(ബി) എന്നത്തേക്ക് ഈ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

(സി) ഈ പ്രവൃത്തിയുടെ മൂന്നാംഘട്ടത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) സ്ഥലം ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം ഏറ്റെടുത്ത് എത്രയും വേഗം പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>താനൂർ വൈലത്തൂർ-കോഴിച്ചെന റോഡിന്റെ നവീകരണം</u>

2940. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ വൈലത്തൂർ-കോഴിച്ചെന റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തന്മൂലം ബസ് സർവ്വീസുകൾ നിർത്തിവെച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തികൾക്കായി ഫണ്ട് നീക്കിവച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത റോഡ് നവീകരണവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

<u>മണലൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വിഭാഗത്തിന്റെ പദ്ധതികൾ</u>

2941. **ശ്രീ.പി.എ.മാധവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗം ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(സി) മണലൂർ ഗവൺമെന്റ് ഐ.ടി.ഐ. നിർമ്മാണത്തിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

<u>ചേലക്കര നിയോജകമണ്ഡലത്തിൽ ആസ്തി വികസനഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികൾ</u>

2942. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ആസ്തി വികസനഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടും ഇനിയും നിർമ്മാണം ആരംഭിക്കാത്തവ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഓരോ പ്രവർത്തിക്കും ഭരണാനുമതി ലഭിച്ചതെന്നാണെന്നും സാങ്കേതികാനുമതി നൽകിയതെന്നാണെന്നും ടെന്റഡർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) ആസ്തി വികസനഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ആരംഭിക്കുന്നതിലും പൂർത്തീയാക്കുന്നതിലും വലിയ കാലതാമസമുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കാലതാമസം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## മുളക്കട-വാടി റോഡിന് ഭരണാനുമതി

2943. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജക മണ്ഡലത്തിലെ, സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടുള്ള മുളക്കട-വാടി റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ തുക അനുവദിച്ച് ഭരണാനുമതി നല്കുന്നത് സംബന്ധിച്ച നടപടി വിശദമാക്കാമോ?

## പരവൂർ-മയ്യനാട് കായൽ പാലം

2944. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ-മയ്യനാട് കായൽ പാലം റെയിൽവേ ലൈനിന് സമാന്തരമായി നിർമ്മിക്കുന്നതിലേക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം നിർമ്മാണം ആരംഭിക്കുന്നതിനായി പ്രാഥമികപരിശോധന നടത്തുകയോ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് പ്രസ്തുത പാലം പണി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നറിയിക്കുമോ?

## പ്ലാവിള-കോട്ടുക്കോണം റോഡ് നിർമ്മാണ പ്രവൃത്തി

2945. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. യുടെ പ്രത്യേക വികസന നിധി- എസ്.ഡി.എഫ്.- ൽ നിന്നും 27 ലക്ഷം രൂപ വിനിയോഗിച്ച് നേമം നിയോജകമണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിൽ നടപ്പിലാക്കുന്ന, 2013-ൽ ഭരണാനുമതി കിട്ടിയ പ്ലാവിള-കോട്ടുക്കോണം റോഡ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാത്തത് കരാറുകാരന്റെ ഉത്തരവാദിത്തരാഹിത്യം കാരണമാണെങ്കിൽ ടി കാരറുകാരനുമായുള്ള കരാർ റദ്ദാക്കാനും ടിയാനെ കരിമ്പട്ടികയിൽപെടുത്താനും ടിയാനിൽ നിന്നും

നഷ്ടപരിഹാരം ഈടാക്കാനും, നടപടി സ്വീകരിക്കുമോ;ഇദ്ദേഹത്തിനെതിരെ കരാർ ലംഘനത്തിന് പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുമോ ?

<u>പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ വികസനം</u>

2946. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ വികസനം കെ.എസ്.ടി.പി. ഏറ്റെടുത്തത് എന്നാണ് ; ഈ പാതയുടെ ഏതൊക്കെ ഭാഗങ്ങളാണ് ദേശീയപാതാ നിലവാരത്തിൽ വികസിപ്പിച്ചിട്ടുള്ളത് ; എത്ര കോടി രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത് ; ഏതു വർഷമാണ് ഈ നിർമ്മാണം നടത്തിയിട്ടുള്ളത് ; ഇതിന് ഫണ്ട് ലഭിച്ചത് എവിടെനിന്നാണ് ;

(ബി) പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ ഏതെങ്കിലും ഭാഗം ഇപ്പോൾ ദേശീയ പാതാ നിലവാരത്തിൽ വികസിപ്പിക്കുന്നതിന് നിർമ്മാണം നടന്നുവരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു ഭാഗംമുതൽ ഏതു ഭാഗംവരെയുള്ള നിർമ്മാണമാണ് നടക്കുന്നത് ; എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത് ; ഈ ഫണ്ട് ഏത് ഏജൻസിയിൽ നിന്നാണ് ലഭ്യമായിട്ടുള്ളത് ;

(സി) പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ അവശേഷിക്കുന്ന ഭാഗം ദേശീയപാതാ നിലവാരത്തിൽ വികസിപ്പിക്കുന്നതിന് ഫണ്ടനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്താണെന്നു വിശദമാക്കുമോ ;

(ഡി) ഈ റോഡ് വികസനവുമായി ബന്ധപ്പെട്ട് ഏതൊക്കെ നിയോജകമണ്ഡലങ്ങളിലെ ഏതൊക്കെ വില്ലേജുകളിലായി എത്ര ഭൂമിയാണ് ഇനിയും ഏറ്റെടുക്കാനുള്ളത് എന്നു വ്യക്തമാക്കുമോ ; ഇത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ടി.പി. ഏറ്റെടുത്തതിന്റെ പേരിൽ കഴിഞ്ഞ 15 വർഷമായി ഈ റോഡിൽ അറ്റകുറ്റപ്പണിയുടെ പേരിൽ പാച്ച് വർക്ക് മാത്രമാണ് നടത്തിവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ശബരിമല സീസൺ അടുക്കുമ്പോൾ മാത്രം നടത്തുന്ന ഈ അറ്റകുറ്റപ്പണിക്ക് മതിയായ ഫണ്ടോ നടത്തുന്ന നിർമ്മാണ പ്രവൃത്തിക്ക് മതിയായ ഗുണനിലവാരമോ ഇല്ലാത്തതുമൂലം ഓരോ വർഷവും അറ്റകുറ്റപ്പണിക്കു മാത്രം കോടക്കണക്കിനു രൂപ ചെലവഴിക്കേണ്ടിവരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം പി.പി.പി. യിലുൾപ്പെടുത്താൻ തിരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ഈ ഭാഗം മാത്രം പി.പി.പി. സ്കീമിലുൾപ്പെടുത്തുന്നു എന്നു

വിശദമാക്കുമോ ;

(ജി) ഈ ഭാഗത്തിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ട്രൈബൽ ഹൈവേ

2947. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ കുറത്തിക്കുടിയിൽ നിന്നും പൂഞ്ചവൽ വരെ നിർമ്മിക്കുന്ന ട്രൈബൽ ഹൈവേയ്ക്കുവേണ്ടി എത്ര ഏക്കർ വനഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചുവെന്ന് പറയാമോ;

(ബി) വനഭൂമി ഏറ്റെടുക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്ക് അപേക്ഷിച്ചതെന്നാണ്; അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ട്രൈബൽ ഹൈവേയ്ക്ക് ടി.എസ്.പി. ഫണ്ട് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; മറ്റ് ഏതെല്ലാം ഫണ്ട് എത്രവീതം ഈ ആവശ്യത്തിനായി നീക്കിവെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ട്രൈബൽ ഹൈവേയ്ക്ക് എത്ര രൂപ ആകെ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ; ഈ ഹൈവേയുടെ നിർമ്മാണത്തിന് തയ്യാറാക്കിയ പ്ലാനിന്റെ കോപ്പി ലഭ്യമാക്കാമോ?

പെരപ്പയം പാലം നിർമ്മാണം

2948. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ പെരപ്പയം പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

കായംകുളം അസംബ്ലി മണ്ഡലത്തിൽ ഫുട്പാത്ത്, ഡ്രെയിനേജ് നിർമ്മാണത്തിനുള്ള ഭരണാനുമതി

2949. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ കായംകുളം മുനിസിപ്പാലിറ്റി ജംഗ്ഷൻ മുതൽ കെ.പി. റോഡിൽ റെയിൽവേ മേൽപ്പാലം വരെയുള്ള ഭാഗത്ത് ഫുട്പാത്ത്,

ഡ്രയിനേജ് എന്നിവ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കണ്ണൂർ ജില്ലയിലെ റോഡുകളുടെ റീടാറിംഗ്

2950. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പത്തു വർഷത്തിൽ കൂടുതൽ കാലമായി റീടാറിംഗ് നടത്താത്ത എത്ര കിലോമീറ്റർ മേജർ ജില്ലാ റോഡുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും മണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ റീടാറിംഗ് നടത്തുന്നതിന് പ്രത്യേക പാക്കേജുണ്ടാക്കി നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

റോഡുകളും പാലങ്ങളും വിഭാഗത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക

2951. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ലേയ്ക്ക് പൊതുമരാമത്ത് വകുപ്പിന് റോഡുകളും പാലങ്ങളും വിഭാഗത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയും 2015 മാർച്ച് ഒന്നാം തീയതി വരെയുള്ള ധനവിനിയോഗം സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റും നൽകുമോ?

അങ്കമാലി നിയോജകമണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ

2952. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ചെമ്പിച്ചേരി റോഡ്, കാലടി - മഞ്ഞപ്ര റോഡ്, അങ്കമാലി - മഞ്ഞപ്ര റോഡ്, ക്യാംപ് ഷെഡ് റോഡ് തുടങ്ങിയ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് തുക അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ടെണ്ടറുകൾ ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനും പൂർത്തീകരിക്കാനും സാധിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) ഈ പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കുമോ ;

(സി) ഈ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനും പൂർത്തീകരിക്കാനും സാധിക്കുമെന്ന്

വ്യക്തമാക്കുമോ ?

<u>ചേർത്തല മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക്</u>

2953. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനുവേണ്ടി 2012-ലെ മണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നും 58.3 ലക്ഷം രൂപ അനുവദിച്ച് ലഭിച്ച ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള തുക കൈമാറുന്നതു സംബന്ധിച്ച ഫയൽ വച്ചുതാമസിപ്പിച്ചവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

<u>ചാലക്കുടി റെയിൽവേ അടിപ്പാത</u>

2954. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി റെയിൽവേ അടിപ്പാതയുടെ അപ്രോച്ച് റോഡിന്റെയും ഡ്രെയിനേജിന്റേയും നിർമ്മാണം ആരംഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള വിശദമായ റിപ്പോർട്ടിനും എസ്റ്റിമേറ്റിനും അംഗീകാരം നൽകി ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കുവാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേ</u>

2955. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേയിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത റോഡിൽ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത റോഡിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ ഫണ്ടിൽ നിന്ന് കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

## വൈപ്പിനിലെ മരാമത് പ്രവർത്തികൾ

2956. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് എഗ്രിമെന്റ് കാലാവധി ഒന്നിൽക്കൂടുതൽ തവണ ദീർഘപ്പിച്ച് നൽകിയിട്ടും ഇനിയും പൂർത്തീകരിക്കാത്തത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിയ്ക്കുമോ ;

(സി) വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തി നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തിന്റെ പേരിൽ ഏതെങ്കിലും കോൺട്രാക്ടറുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിയ്ക്കുമോ ?

## മാവേലിക്കര ബൈപാസ്സ്

2957. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ബൈപാസ്സ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കാമോ;

(ബി) ബൈപാസ്സ് നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ബൈപാസ്സ് നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോയെന്ന് വിശദമാക്കാമോ;

## കുന്നംകുളം ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

2958. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന്റെ ടെന്റർ നടപടി പൂർത്തികരിച്ചുവോ;

(ബി) ഇല്ലെങ്കിൽ ടെന്റർ നടപടി പൂർത്തികരിക്കുന്നതിനുള്ള തടസ്സം എന്താണ്;വ്യക്തമാക്കാമോ;

(സി) ടെന്റർ നടപടികൾ പൂർത്തികരിച്ച് പ്രവർത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും ;

ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>കോഴിക്കോട് നഗരത്തിലെ മോണോ റെയിൽ പദ്ധതി</u>

T 2959. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ മോണോ റെയിൽ പദ്ധതി ഉപേക്ഷിച്ച് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ ഒരു തീരുമാനം എടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

<u>കൽപ്പറ്റ വാരമ്പറ്റ റോഡിന്റെ ടെൻഡർ നടപടികൾ</u>

2960. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിക് പദ്ധതിയിൽ ഉൾപ്പെടുത്തിയ കൽപ്പറ്റ വാരമ്പറ്റ റോഡിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ആയതു പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>മാവേലിക്കര റെയിൽവേ മേൽപ്പാലം</u>

T 2961. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ബുദ്ധ ജംഗ്ഷൻ കല്ലുമല റോഡിൽ, മാവേലിക്കര റെയിൽവേ സ്റ്റേഷനു സമീപം മേൽപ്പാലം നിർമ്മിക്കുന്നതിന് ദീർഘകാലമായുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നു വിശദമാക്കുമോ ;

(സി) പ്രസ്തുത മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ ;

<u>കോഴിക്കോട് നഗരത്തിൽ ലൈറ്റ്മെട്രോ പദ്ധതി</u>

T 2962. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു നടപ്പിലാക്കാനായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) പദ്ധതിയുമായി സംബന്ധിച്ച് പ്രാഥമിക പഠനം നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

2963. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകി ഉത്തരവയിട്ടുള്ളത്; പ്രസ്തുത ഉത്തരവുകൾ ല ഭ്യമാക്കാമോ ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ ;

(സി) ഭരണാനുമതി നൽകിയിട്ടും ടെക്നിക്കൽ സാങ്ഷൻ നൽകാത്ത പ്രവൃത്തികൾ ഏതെല്ലാം ;

(ഡി) ഏതെല്ലാം പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി ;

(ഇ) ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി വിശദീകരിക്കുമോ ?

## അമ്പലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ

2964. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളുടെ ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസലുകളാണ് പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുള്ളത്;

(ബി) മാർച്ച് 31 ന് മുമ്പ് ഇവയ്ക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ റോഡ് നവീകരണം

2965. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ എരുമക്കുഴി ഇടപ്പോൾ റോഡ് ബി.എം./ബി.സി. മാതൃകയിൽ നവീകരിച്ച് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ റോഡ് നവീകരണത്തിന് എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) മാവേലിക്കര ബ്ലോക്കോഫീസ് മുതൽ ബുദ്ധ ജംഗ്ഷൻ വരെ പുളിമൂട് റോഡ്ബി.എം./ബി.സി. മാതൃകയിൽ നിർമ്മാണം നടത്തുന്നതിന് ആവശ്യമായ തുക അനുവദിക്കുമോയെന്നും നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ മണ്ണയം, കട്ടയിൽ പാലങ്ങൾ

2966. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ മണ്ണയം, കട്ടയിൽ എന്നീ പാലങ്ങളുടെ മോശപ്പെട്ട അവസ്ഥ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പാലങ്ങൾ പുതുക്കിപണിയുന്നതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിനു നൽകിയിരുന്നുവോ;

(സി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;പ്രസ്തുത പാലങ്ങൾ പുതുക്കി പണിയുന്നതിലേക്ക് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

## കോഴിക്കോട് രാമനാട്ടുകര ബൈപ്പാസ്

2967. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് രാമനാട്ടുകര ബൈപ്പാസിലെ അറപ്പുഴ പാലത്തിന്റെ ടോൾ പിരിവ് നിർത്തലാക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പാലത്തിന്റെ നിർമ്മാണത്തിന് ചെലവായതിലും അധികതുക പിരിച്ചെടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(സി) 2014-15 കാലയളവിൽ എത്ര തുകയാണ് ടോൾ ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>കോഴിക്കോട് തൊണ്ടിലക്കടവ് പാലം നിർമ്മാണം</u>

2968. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തൊണ്ടിലക്കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കിയിരുന്നുവോ;

(ബി) പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ;

(സി) പാലം നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) വകുപ്പുകൾ തമ്മിലുള്ള തർക്കം കാരണം ഭൂമി ഏറ്റെടുക്കൽ നടപടി വൈകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് റവന്യൂ ,പൊതുമരാമത്ത് വകുപ്പുകളുടെ യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ?

<u>കൊടുവള്ളി നിയോജകമണ്ഡലത്തിൽ പാലങ്ങൾക്ക് ഭരണാനുമതി</u>

2969. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം പാലങ്ങൾക്കായിരുന്നു ഭരണാനുമതി ലഭ്യമാക്കിയിരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇവ ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി സംബന്ധിച്ച് വിശദമാക്കാമോ ?

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ നടപടികൾ</u>

2970. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഉള്ളൂർ കടവ് പാലത്തിന്റെ നിർമ്മാണ നടപടികൾ വിശദമാക്കുമോ;

(ബി) നോർത്ത് എസ്.ഇ. ഇക്കാര്യത്തിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തികരിച്ചില്ലെങ്കിലും നിലവിലെ രൂപരേഖയനുസരിച്ച് പാലം നിർമ്മാണ നടപടികളുമായി മുന്നോട്ടുപോവാം എന്ന് കാണിച്ച് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച അപേക്ഷയിൽ നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ;

(സി) ഉള്ളൂർകടവ് പാലത്തിന്റെ സ്ഥലമെടുപ്പിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഇതുവരെ സർക്കാർ തലത്തിൽ അംഗീകാരം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് മാർച്ച് മാസം ഡിനോവ ആവുന്നതിനാൽ അടിയന്തര നടപടികൾ സ്വീകരിച്ച് ഇതിന് അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) അഴീക്കൽകടവ് പാലം നിർമ്മാണപദ്ധതിയുടെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ എന്നത് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇത് എപ്പോൾ തയ്യാറാവും എന്ന് വിശദമാക്കാമോ;

(ഇ) അകലടപ്പുഴ പാലം നിർമ്മാണത്തിനായി പി.ഡബ്ല്യു. ഡി. സെക്രട്ടറി ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ട റിപ്പോർട്ട് പി.ഡബ്ല്യു. ഡി. സെക്രട്ടറിക്ക് നൽകിയോ എന്ന കാര്യം വ്യക്തമാക്കുമോ?

## അമ്പല്ലൂർ ചിമ്മിനി ഡാം റോഡ്

2971. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പല്ലൂർ ചിമ്മിനി ഡാം റോഡ് ബി.എം.ബി.സി.ക്ക് വേണ്ടി RICK ഏറ്റെടുത്തെങ്കിലും പദ്ധതി ആരംഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പി.ഡബ്ല്യു.ഡി. ബി.എം.ബി.സി. പണി ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റോഡ് ബി.എം.ബി.സി. പണി ചെയ്യുന്നതിന് സർക്കാർ പരിഗണനയിലുണ്ടോ?

## കാസർഗോഡ് മണ്ഡലത്തിലെ മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

2972. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നാളിതുവരെ മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട

ഏതെല്ലാം പ്രവൃത്തികൾക്കു ഭരണാനുമതി ലഭിച്ചുവെന്നും ലഭിച്ച പ്രവൃത്തികളിന്മേൽ ഇതുവരെ സ്വീകരിക്കപ്പെട്ട നടപടികൾ എന്താണെന്നും ബിൽഡിംഗ് റോഡ്സ് വിഭാഗങ്ങൾ വേർതിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഭരണാനുമതിക്കു കാത്തിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഭരണാനുമതി കിട്ടാനുള്ള കാലവിളംബത്തിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ ?

## കാഞ്ഞങ്ങാട് കോട്ടച്ചേരി മേൽപാലനിർമാണം

2973. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് കോട്ടച്ചേരി മേൽപ്പാലനിർമാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏതുവരെയായെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിയ്ക്കുമെന്നും എന്ന് പൂർത്തിയാകുമെന്നും അറിയിയ്ക്കുമോ?

## ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃർത്തികൾ

2974. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവ തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ നിർമ്മാണപ്രവർത്തനവും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പ്ലാൻ, നോൺപ്ലാൻ, ആസ്തിവികസന ഫണ്ട് തിരിച്ച് വ്യക്തമാക്കുമോ;

(സി) ഓരോ പ്രവൃത്തിയുടെയും കരാർ തുക എത്ര ആണെന്നും കരാർ എടുത്തിരിക്കുന്നത് ആരാണെന്നും ഓരോ പ്രവൃത്തിയും എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ?

## ദേശീയപാതയിലെ കുഴികൾ

2975. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് ദേശീയപാതയിലെ കുഴികൾ അടപ്പിക്കുന്നതിന് ഉദ്യോഗസ്ഥർ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് മെയിന്റനൻസ് വർക്ക് ചെയ്യുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) നിരന്തരം അപകടങ്ങൾ ഉണ്ടാക്കുന്ന പ്രസ്തുത കുഴികൾ അടയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ

2976. **ശ്രീ.ഇ.പി.ജയരാജൻ**
**,, പുരുഷൻ കടലുണ്ടി**
**,, കെ.വി.അബ്ദുൾ ഖാദർ**
**,, എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന, വ്യാപകമായ ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച പരാതികളിൽ കൈക്കൊണ്ട പൊതുവായ തീരുമാനങ്ങൾ വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് നിയമസഭാംഗങ്ങളിൽ നിന്നും ലഭിച്ച പരാതികളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) വകുപ്പ് മന്ത്രി ആപ്പീസിനെതിരെ ലോകായുക്തയിൽ പരാതിയുണ്ടോ; ഇതു സംബന്ധിച്ച് ലോകായുക്ത മുമ്പാകെ ഏതെങ്കിലും നിയമസഭാംഗം മൊഴി നൽകിയതായി അറിയാമോ; എങ്കിൽ ആ അംഗത്തിന്റെ പേര് വെളിപ്പെടുത്താമോ;

(ഡി) ഇതു സംബന്ധിച്ച് ലോകായുക്ത മുമ്പാകെ സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

## ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലം

2977. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതിലേക്ക് എത്ര കോടി രൂപയുടെ ഭരണാനുമതി എന്നാണ് നൽകിയതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിലേക്ക് വിശദമായ എസ്റ്റിമേറ്റും അനുബന്ധ പ്ലാനും രേഖകളും തയ്യാറാക്കിയിരുന്നോ; വിശദാംശം അറിയിക്കുമോ; പ്രസ്തുത എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏത് വർഷമാണെന്നും എത്ര രൂപയുടെതാണെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതിനേക്കാൾ അധികരിച്ച് വരുന്ന തുക ലഭ്യമാക്കുവാൻ തയ്യാറാകുമോ;

(ഡി) പാലം നിർമ്മിക്കുന്നതിലേക്കുള്ള നിലവിലെ തടസ്സങ്ങൾ എന്തൊക്കെയാണ്; ഇവ പരിഹരിക്കുന്നതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കൊല്ലം ജില്ലയിൽ പാലം നിർമ്മിക്കുന്നതിലേക്കോ, റോഡ് നിർമ്മിക്കുന്നതിലേക്കോ ഏതെങ്കിലും സ്വകാര്യ വ്യക്തിയുടെ ഭൂമി ഏറ്റെടുത്തിരുന്നുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പാലങ്ങൾ

2978. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മിത്രമഠംപാലം, മദനശ്ശേരിക്കടവ് പാലം, വഴുവാടിക്കടവ് പാലം തുടങ്ങിയവയുൾപ്പെടെയുള്ള പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## ചെങ്ങന്നൂർ ഇറപ്പുഴ -പൂത്തൻവീട്ടിൽപടി പാലം നിർമ്മാണം

2979. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ കൂടി കടന്നുപോകുന്ന എം.സി. റോഡിലെ പൂത്തൻവീട്ടിൽപടി പാലം കല്ലിശ്ശേരി ഇറപ്പുഴ പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി പൂർത്തികരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്ന് കൊടുക്കുവാൻ എത്ര ദിവസം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

## കോട്ടിക്കുളം റെയിൽ ഓവർ ബ്രിഡ്ജ്

2980. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടിക്കുളം റെയിൽവേ സ്റ്റേഷന് സമീപം റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിന്റെ ഡി.പി.ആർ., റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത റെയിൽവെ ഓവർ ബ്രിഡ്ജ് യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിയ്ക്കുമോ?

## ചെങ്ങന്നൂർ ബൈപാസ് നിർമ്മാണം

2981. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ബൈപാസ്സ് നിർമ്മാണ പുരോഗതി വിശദീകരിക്കുമോ;

(ബി) നിർമ്മാണത്തിന് ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) നിർമ്മാണ കരാറുകാർ ആരെന്ന് വിശദമാക്കുമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

## പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക

2982. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയുടെ എത്ര ശതമാനം വരെ അധികരിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര ശതമാനം വീതമാണ് അധികരിച്ച് നൽകിയിട്ടുള്ളത്; തുക അധികരിച്ച് നൽകിയിട്ടുള്ള വർക്കുകളുടെ ടെണ്ടർ ആർക്കാണ് ലഭിച്ചത് എന്ന് വിശദമാക്കാമോ; ഓരോ വർക്കിനും എന്ത് തുക അടങ്കൽ വരുമെന്ന് അറിയിക്കാമോ;

(സി) എസ്റ്റിമേറ്റ് തുക അധികരിച്ച് നൽകുന്നതിന് എന്തെങ്കിലും കാരണമുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ?

<u>പൊതുമരാമത്ത് വകുപ്പിന്റെ നേട്ടം</u>

2983. ശ്രീ.എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, എ.റ്റി.ജോർജ്

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് വിഹിതത്തിൽ കൂടുതൽ തുക ചെലവഴിച്ചു കൊണ്ട് പൊതുമരാമത്ത് രംഗത്ത് നേട്ടം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ എത്ര ശതമാനം തുക ചെലവഴിച്ചാണ് ഈ നേട്ടം കൈവരിച്ചത്; അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു; വിശദമാക്കുമോ?

<u>ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവർത്തികൾ</u>

2984. ശ്രീ.പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും, പൂർത്തിയായതും, നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിർമ്മാണം പൂർത്തിയായവയിൽ ഉദ്ഘാടനം നടത്തിയത് ഏതൊക്കെ എന്ന് വ്യക്തമാക്കുമോ;

(സി) ടി നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരുടെ വിശദവിവരം ഇനം തിരിച്ച് വ്യക്തമാക്കുമോ?

<u>ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ "നിരത്ത്" വിഭാഗം നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ</u>

2985. ശ്രീ.പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2015 ജനുവരി മാസം 31വരെ പൊതുമരാമത്ത് "നിരത്ത്" വിഭാഗം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ റോഡുകൾ ഏതൊക്കെയെന്നും അറ്റകുറ്റ പ്രവൃത്തികൾ നടത്തിയിട്ടുള്ള റോഡുകൾ ഏതൊക്കെയെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത വിവരങ്ങൾ സാമ്പത്തിക വർഷം, പഞ്ചായത്ത്/മുൻസിപ്പാലിറ്റി ,റോഡുകളുടെ നീളം, എസ്റ്റിമേറ്റ് തുക, കരാറുകാരുടെ പേര് വിവരങ്ങൾ , നിർമ്മാണ ഉദ്ഘാടനം നടന്ന തീയതി എന്നിവ പ്രവൃത്തികളുടെ ഇനം തിരിച്ച് വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന റോഡുകളുടെ വിശദ വിവരങ്ങളും ലഭ്യമാക്കുമോ?

## പൊതുമരാമത്ത് വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം

2986. ശ്രീ.സണ്ണി ജോസഫ്

,, എം.പി.വിൻസെൻറ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;വ്യക്തമാക്കാമോ ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി നേടാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി ലഭ്യമാക്കുന്നതെന്നും ആരെല്ലാമാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നതെന്നും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ?

## പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ ഒഴിവുകൾ

2987. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനു കീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നീ വിഭാഗങ്ങളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ബി) കണ്ണൂർ ജില്ലയിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് പ്രസ്തുത ഒഴിവുകൾ നിലവിലുള്ളത്; വിശദമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ചെങ്ങന്നൂരിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

2988. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് 'കെട്ടിടം', 'നിരത്ത്' വിഭാഗങ്ങളിൽ 1991-96, 1996-2001, 2001-2006, 2006-2011, 2011-2015 എന്നീ കാലയളവുകളിൽ അനുവദിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

<u>അശാസ്ത്രീയമായ റോഡുനിർമ്മാണവും വാഹനന അപകടവും</u>

2989. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അശാസ്ത്രീയമായ റോഡുനിർമ്മാണവും റോഡുസുരക്ഷക്ക് മതിയായ സംവിധാനങ്ങളുടെ അഭാവവും എം.സി. റോഡിൽ കമ്പംകോടിനും ഏനാത്തിനും ഇടയിൽ വാഹന അപകടങ്ങൾക്ക് കാരണമാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഭാഗത്തെ റോഡ് അപകടങ്ങൾ കുറക്കുന്നതിനും റോഡ് സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

<u>പാപ്പിനിശ്ശേരി - പിലാത്തറ കെ.എസ്.ടി.പി. റോഡ്</u>

2990. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പാപ്പിനിശ്ശേരി - പിലാത്തറ റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ;

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ;

(സി) പാപ്പിനിശ്ശേരി, താവം റെയിൽവെ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ ;

(ഡി) നിർമ്മാണത്തിന്റെ ഭാഗമായി പഴയങ്ങാടി പാലം ബലപ്പെടുത്തുന്നതിനും

രാമപുരത്ത് പുതിയൊരു പാലം നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

## നെടുമ്പ്രക്കാട - വിളക്കമരം പാലം

2991. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല അരൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന നെടുമ്പ്രക്കാട - വിളക്കമരം പാലത്തിനായുള്ള പുതുക്കിയ എസ്റ്റിമേറ്റ് എത്ര രൂപയാണ്; എത്ര രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് ; അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുത്തു നൽകിയിട്ടുണ്ടോ; എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയ്ക്കുള്ള ഭരണാനുമതി എത്രയുംവേഗം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; 2015 വർഷത്തെ നബാർഡ് പദ്ധതിയിൽ ഈ പ്രവൃത്തി കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## കാക്കത്തുരുത്ത് ദ്വീപിലേയ്ക്കുള്ള പാലം

2992. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് ദ്വീപിലേയ്ക്കുള്ള പാലം നിർമ്മാണം എന്നാണ് ആരംഭിച്ചത് ;

(ബി) അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തിയാകാത്തതിനാൽ നിർമ്മാണ പ്രവർത്തനം എന്നാണ് മുടങ്ങിയത് ; അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) ആലപ്പുഴ കളക്ടേറ്റിൽ ഉണ്ടായ ഒത്തുതീർപ്പ് പ്രകാരം സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകേണ്ട സമയം കഴിഞ്ഞിരിക്കുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിർമ്മാണം മുടങ്ങിയതു മൂലം കോൺട്രാക്ടർക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി തിരുവനന്തപുരത്തും ആലപ്പുഴയിലും ചേർന്ന യോഗങ്ങളിലെ തീരുമാനപ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ്സ് കിട്ടിയോ, ആയതിന് എ. എസ് നൽകുന്നതിനുള്ള നടപടികൾ എത് ഘട്ടത്തിലാണ്; അടിയന്തിരമായി എ. എസ് ലഭ്യമാക്കുമോ ?

## നെയ്യാറ്റിൻകരയിലെ റോഡുകൾ

2993. **ശ്രീ.ആർ . സെൽവരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഏതെല്ലാം റോഡുപണികൾക്കാണ് ഭരണാനുമതി നൽകിയതെന്നും അവയിൽ ഏതെല്ലാം റോഡുകൾ പണി പൂർത്തീകരിച്ചുവെന്നുമുള്ള വിവരം പേരും തുകയും തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി നൽകിയതിൽ ഏതെല്ലാം പ്രവൃത്തികളാണ് ആരംഭിക്കാനുള്ളത്; പ്രസ്തുത പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ?

<u>വാടപ്പൊഴിപ്പാലത്തിലെ അപ്രോച്ച് റോഡ് നിർമ്മാണം</u>

2994. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടപ്പൊഴിപാലത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുവാൻ ഫണ്ട് അനുവദിക്കണമെന്ന പ്രൊപ്പോസൽ പൊതുമരാമത്തു വകുപ്പിൽ ലഭിച്ചിട്ടുണ്ടോ ;

(ബി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം ഉറപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുമോ ?

<u>ചാലക്കുടി എൻ.എച്ച്. **47** ൽ ഫ്ലൈ ഓവർ നിർമ്മാണം</u>

2995. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി കോടതി ജംഗ്ഷനിൽ എൻ.എച്ച്. 47 -ൽ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഫ്ലൈ ഓവറിന്റെ നിർമ്മാണ ഉദ്ഘാടനം നടത്തി ഒരു വർഷം പിന്നിട്ടിട്ടും നിർമ്മാണം ആരംഭിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ഫ്ലൈ ഓവറിന്റെ നിർമ്മാണം ആരംഭിയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

## കൃഷ്ണപുരം കൊട്ടാരം -ദേശീയപാത 47 റോഡിന്റെ പുനരുദ്ധാരണം

T 2996. ശ്രീ.സി.കെ സദാശിവന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷ്ണപുരം കൊട്ടാരം -ദേശീയപാത 47 സാംസ്കാരിക വിനോദ കേന്ദ്രം -ദേശീയ കാർട്ടൂൺ മ്യൂസിയം എന്നിവയെ ബന്ധിപ്പിക്കുന്നതിന് റോഡിന്റെ പുനരുദ്ധാരണത്തിനായി 16.9.2014 23602/G1/14/PWD നമ്പർ കത്ത് പ്രകാരം ഗവ സെക്രട്ടറി വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ചീഫ് എൻജിനിയർ (നിരത്തുകളും പാലങ്ങളും) ആവശ്യപ്പെട്ടതനുസരിച്ചുള്ള തുടർനടപടി ക്രമങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
13-03-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.